H-5
2173

# കേരളപാഠാവലി

## മലയാളം

സ്റ്റാൻഡാർഡ് V

Govt. H-S. Kottayam

# കേരളപാഠാവലി

# മലയാളം

## സ്റ്റാൻഡാർഡ് V

വില : 55 നയാപൈസ

PRINTED BY THE S.G.P. AT THE GOVERNMENT PRESS,
TRIVANDRUM, 1962.

# പ്രതിജ്ഞ

ഭാരതം എന്റെ നാടാണ്. എന്റെ സഹോദരീസഹോദരന്മാരാണ് എല്ലാ ഭാരതീയരും. ഞാൻ എന്റെ നാടിനെ സ്നേഹിക്കുന്നു. അതിന്റെ സമൃദ്ധവും വിവിധവുമായ പരമ്പരാഗതസമ്പത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു. ആ സമ്പത്തിന്ന് അർഹനാകുവാൻ ഞാൻ എപ്പോഴും ശ്രമിക്കുന്നതാണ്.

എന്റെ മാതാപിതാക്കന്മാരേയും ഗുരുജനങ്ങളേയും ഞാൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യും. എല്ലാവരോടും ഞാൻ വിനയത്തോടുകൂടിയേ പെരുമാറുകയുള്ളൂ. എല്ലാ ജീവികളോടും ഞാൻ ദയാലുവായിരിക്കും.

എന്റെ നാടിനും നാട്ടാർക്കും ഞാൻ എന്റെ സേവനം സമർപ്പിക്കുന്നു. അവരുടെ യോഗക്ഷേമത്തിലും ഐശ്വര്യത്തിലും മാത്രമാണ് എന്റെ സുഖം.

---

©

**The Government of Kerala**

**1962**

# പാഠവിവരം


| പാഠം | | പുറം |
|---|---|---|
| 1. | ഉദയഗീതം. | 1 |
| 2. | കുഞ്ചൻ നമ്പ്യാർ. | 3 |
| 3. | വൃത്താന്തപത്രം. | 7 |
| 4. | നന്ദമോക്ഷം. | 9 |
| 5. | താജ്മഹാൾ. | 11 |
| 6. | പൂന്താനം. | 15 |
| 7. | വെള്ളപ്പൊക്കം. | 18 |
| 8. | പുത്രവാത്സല്യം. | 20 |
| 9. | ഒട്ടകപ്പക്ഷി. | 22 |
| 10. | ഓണസ്സദ്യ. | 26 |
| 11. | ജീമൂതവാഹനൻ. | 28 |
| 12. | റെഡ്ക്രാസ്സ് സംഘം. | 32 |
| 13. | സാരോപദേശങ്ങൾ. | 36 |
| 14. | മന്ത്രശക്തി നശിച്ചു. | 37 |
| 15. | ദീപാവലി. | 41 |
| 16. | ദുർജ്ജനം. | 44 |
| 17. | ഝാൻസി റാണി. | 45 |
| 18. | ഗുണവതിയായ ബാലിക | 49 |
| 19. | പർവ്വതം | 52 |
| 20. | ക്രിസ്തുമസ്സ്. | 53 |
| 21. | വെനീസ്സിലെ കച്ചവടക്കാരൻ I | 57 |
| 22. | ശ്രീകൃഷ്ണൻ. | 60 |
| 23. | വെനീസ്സിലെ കച്ചവടക്കാരൻ II | 61 |
| 24. | ശ്രീശങ്കരാചാര്യർ. | 64 |
| 25. | സീതാസ്വയംവരം. | 67 |
| 26. | ചേരേണ്ടതിൽ ചേർച്ചു. | 70 |
| 27. | ഇരവിക്കുട്ടിപ്പിള്ളപ്പടത്തലവൻ. | 71 |
| 28. | ലവകുശന്മാർ. | 74 |

പാഠം 1

# ഉദയഗീതം

ഉണരുണരൂ മലരുകളേ,
പുലരിപ്പൂ വിരിയുകയായ്;
കതിരോൻതൻ കനകരഥം
കണികാണാനുണരുണരൂ.

അരുണകരം തളിരിലയിൽ
ഹരിതനിറം പകരുകയായ്;
അതിലമരും കലകാണ്മാൻ
ഇണരുണരൂ മലരുകളേ!

അഴകൊഴുകും കമലങ്ങൾ
ചിരിതൂകും പൊയ്കകളിൽ,
പുളകത്തിൻ പുതുമുളകൾ
ചൊരിയുകയായ് പവമാനൻ.

വരിവണ്ടിൻ ചുണ്ടുകളിൽ
വിരിയുകയായ് കവിതകളും;
അതിലൊഴുകും മധു നുകരാൻ
ഉണരുണരൂ, പറവകളേ!

പനിമതിപോയ് പകലോൻതൻ
കളിയോടം വരവായി.
വിണ്ണിലിതാ വളരുന്നു
പൊന്നഴകിൻ കുഞ്ഞലകൾ.

61/792/V.

ഉദയമഹം കൊണ്ടാടാൻ,
ഉലകങ്ങൾക്കുയിരേകാൻ
മലമുകളിൽ പുലരിയിതാ
മണിവർണ്ണക്കൊടിനാട്ടി.

ഉയരുമതിൻ കനലൊളിയിൽ
ഉലകെല്ലാം തെളിയുകയായ്.
ഉണരുണരൂ മലനാടേ!
ഉണരുണരൂ മമനാടേ!

ബാഷ്പമണികൾ] [കൂത്താട്ടുകുളം മേരിജോൺ ~~തോട്ടം~~.

## അഭ്യാസം

1. എന്തിനാണ് മലരുകളോട് ഉണരുവാൻ പറയുന്നത്?
2. പകലോന്റെ കളിയോടം എന്താണ്?
3. കാറ്റ് ഇവിടെ എന്താണ് ചെയ്യുന്നത്?
4. പിരിച്ചെഴുതുക:—

   ഉണരുണരൂ.
   കളിയോടം.
   ഉലകെല്ലാം.
5. മൂന്നു പര്യായപദങ്ങൾ എഴുതുക:—

   പുഷ്പം; വായു; സൂര്യൻ; ചന്ദ്രൻ; പക്ഷി.

———

## പാഠം 2

# കുഞ്ചൻ നമ്പ്യാർ

കേരളത്തിൽ എല്ലായിടത്തും പ്രചാരമുള്ള ഒരു കലയാണ് ഓട്ടൻതുള്ളൽ. മുഖത്തു പച്ചതേച്ച്, വാലിട്ടു കണ്ണെഴുതി, കിരീടം ചൂടി, കൈയിലും കഴുത്തിലും ചില ആഭരണങ്ങൾ അണിഞ്ഞു്, ഒരു പ്രത്യേകതരം പാവാടയും ധരിച്ച തുള്ളൽക്കാരൻ അരങ്ങത്തു വന്നാൽ ഒന്നുരണ്ടു മണിക്കൂർനേരത്തെ പ്രകടനമുണ്ട്. പാടുന്ന കവിതയിൽ നേരമ്പോക്കും പരിഹാസവും കൂടെക്കൂടെ ഉണ്ടായിരിക്കും. എല്ലാ തുള്ളലുകളിലും ഉണ്ടു ചിരിക്കാൻ വക. ഇങ്ങനെ ചിരിപ്പിക്കാനും രസിപ്പിക്കാനും പററിയ വിധം പുരാണ കഥകൾ തുള്ളൽപ്പാട്ടുകളായി അവതരിപ്പിച്ച മഹാകവി യാണു കലക്കത്തു കുഞ്ചൻ നമ്പ്യാർ.

കുഞ്ചൻ നമ്പ്യാർ എല്ലാവരുടേയും കവിയാണ്; പണ്ഡിതന്റേയും പാമരന്റേയും കവിയാണ്; ധനിക ന്റേയും ദരിദ്രന്റേയും കവിയാണ്; വൃദ്ധന്മാരേയും ബാലന്മാരേയും രസിപ്പിക്കുന്ന കവിയാണ്. ഇങ്ങനെ ഒരാൾക്കു് എല്ലാവരേയും രസിപ്പിക്കുവാൻ സാധിക്കും എന്നറിയുമ്പോൾ നിങ്ങൾക്കു് ആശ്ചര്യം തോന്നുന്നുണ്ടോ? എങ്ങനെയാണ് ഇതു സാധിക്കുന്നതു്? മററു കവികൾക്കു് ഇല്ലാത്ത ഈ കഴിവു് എന്താണ്? 'ഫലിതം' അല്ലെ ങ്കിൽ 'നേരമ്പോക്കു്'—ജനങ്ങളെ ചിരിപ്പിക്കാനുള്ള കഴിവു്. എന്നാൽ ചിരിപ്പിക്കുന്ന എല്ലാ നേരമ്പോക്കും ഫലിതമല്ല.—വല്ല വിഡ്ഢിത്തവും പറഞ്ഞാൽ പാമരൻ ചിരിക്കും, പണ്ഡിതനു ചിരി വരില്ല. അപ്പോൾ സകലരേയും ചിരിപ്പിക്കുന്നതും കഴമ്പുള്ളതും ആയ നേരമ്പോക്കാണു ഫലിതം. കേട്ടാൽ ഉടനെ ചിരിവരും; പിന്നീടു് ആലോചിക്കുംതോറും ചിരിക്കാൻ തോന്നും.

അതാണു ഫലിതോക്തിയുടെ പ്രത്യേകത. കുഞ്ചൻ നമ്പ്യാരുടെ ഫലിതം ആ വിധം ആയിരുന്നു. അദ്ദേഹത്തിൻെറ ഫലിതങ്ങളെപ്പററി പ്രചരിച്ചിട്ടുള്ള ചില കഥകൾ പറയാം.

നമ്പ്യാർ ഒരിക്കൽ ക്ഷേത്രത്തിൽ പോയി. പുതിയ ആളെക്കണ്ടപ്പോൾ ശാന്തിക്കാരൻ നമ്പി "ആരാ" എന്നു ചോദിച്ചു. ഉടനെ നമ്പ്യാർ "നമ്പിയാരാ" എന്നു മറുപടി പറഞ്ഞു. അതുകേട്ടപ്പോൾ തന്നോട് ആരാണെന്ന എതിർചോദ്യം ചോദിക്കയാണെന്നു തെററിദ്ധരിച്ചു നമ്പിക്കു ദേഷ്യം വന്നു. രാജാവിൻെറ അടുത്തു ചെന്നു് ആ ബ്രാഹ്മണൻ സങ്കടം ബോധിപ്പിച്ചു. രാജാവു് ഉടനെ നമ്പ്യാരെ വരുത്തി, നമ്പിയെ എന്തിനാണു് അപമാനിച്ചതു് എന്നു ചോദിച്ചു. അപ്പോൾ നമ്പ്യാർ താഴെക്കൊടുത്തിരിക്കുന്ന ശ്ലോകം ചൊല്ലിയത്രേ!

"നമ്പിയാരെന്നു ചോദിച്ചു,
നമ്പിയാരെന്നു ചൊല്ലിനേൻ;
നമ്പി കേട്ടഥ കോപിച്ചു
തമ്പുരാനേ, ക്ഷമിക്കണേ!"

ഇതു കേട്ടപ്പോൾ രാജാവിനു കാര്യം മനസ്സിലായി. തമ്പുരാൻ നമ്പിയെ സമാധാനിപ്പിച്ചു.

ചെലവിനുള്ള അരിയും മററു സാധനങ്ങളും നമ്പ്യാക്കു കൊട്ടാരം കലവറയിൽ നിന്നു കൊടുക്കണമെന്നു മഹാരാജാവിൻെറ കല്പനയുണ്ടായിരുന്നു. 'രണ്ടേകാലും കോപ്പും' കൊടുക്കണമെന്നത്രേ വിധിച്ചിരുന്നതു്. നമ്പ്യാക്കു് ഇത്രയധികം അരി അളക്കുന്നതിൽ കലവറക്കാരൻ പണ്ടാലയ്ക്കു് അല്പം മടിതോന്നി അതുകൊണ്ടു രണ്ടേകാലുണ്ടോ, രണ്ടല്ലേ ഉള്ളൂ എന്നു തക്കമായി. നമ്പ്യാർ അരിയും മററും വാങ്ങാതെ തിരിച്ചു പോയി ഒരു ശ്ലോകം എഴുതി തമ്പുരാനു കാഴ്ചവെച്ചു.

"രണ്ടേകാലെന്നു കല്പിച്ചു,
രണ്ടേകാലെന്നിതയ്യനും;
ഉണ്ടോ കാലെന്നു പണ്ടാല
ഉണ്ടീലിന്നിത്ര നേരവും."

ശ്ലോകം കേട്ട ഉടനെ രാജാവിനു കാര്യം മനസ്സിലായി. നമ്പ്യാർക്കു രണ്ടേകാൽതന്നെ കൊടുക്കുവാൻ ഏർപ്പാടു ചെയ്തു.

വലിയവർ പറയുന്നതെല്ലാം തലകുലുക്കി സമ്മതിക്കുന്ന ഒരു കൂട്ടം ജനങ്ങളുണ്ടു്. ഇവർ വിശ്വാസയോഗ്യർ ആയിരിക്കുകയില്ല. ഒരിക്കൽ തിരുവിതാംകൂർ മഹാരാജാവു തന്റെ കൂടെയുള്ളവരെ ഒന്നു പരീക്ഷിക്കുവാൻ നിശ്ചയിച്ചു. അന്നു പഞ്ചാരപ്പായസം വിളമ്പിയപ്പോൾ മഹാരാജാവു അല്പം എടുത്തു സ്വാദുനോക്കി. "ഇതിനു് ഒരു കയ്പ്പു്", എന്നരുളിച്ചെയ്തു് അതു മാററിവെച്ചു. മഹാരാജാവു് കയ്ക്കുന്നു എന്നു പറഞ്ഞില്ലേ? എങ്ങനെയാണു കയ്ക്കുന്നില്ല എന്നു പറയുക? അവിടെ കൂടിയിരുന്നവരൊക്കെ പായസം ഒന്നു തൊട്ടു നാവിൽവെച്ചു്, "അരുളിച്ചെയ്തതു ശരിയാണു്. പായസത്തിനു വല്ലാത്ത കയ്പ്പു്", എന്നു പറഞ്ഞു മാററിവെച്ചു. കുഞ്ചൻ നമ്പ്യാർക്കും ആ പായസം വിളമ്പി. അദ്ദേഹം നല്ലവണ്ണം കഴിച്ചു. ഭക്ഷണം കഴിഞ്ഞെത്തിയ നമ്പ്യാരോടു് ഊണു സുഖമായോ എന്നു മഹാരാജാവു് ചോദിച്ചു. വളരെ സുഖമായി എന്നായിരുന്നു കുഞ്ചൻ നമ്പ്യാരുടെ മറുപടി. "പായസം കയ്ചില്ലേ?" എന്നു രാജാവു വീണ്ടും ചോദിച്ചപ്പോൾ, "അടിയനു പഞ്ചസാരയുടെ കയ്പ്പു് ഇഷ്ടമാണു്" എന്നു മറുപടി പറഞ്ഞു. ഇതുകേട്ടപ്പോൾ മററുള്ളവർ ലജ്ജിച്ചു തലതാഴ്ത്തി.

"ദീപസ്തംഭം മഹാശ്ചര്യം എനിക്കും കിട്ടണം പണം", "കാതിലോല, നല്ലതാളി", "കരി കലക്കിയ കുളം", കളഭം കലക്കിയ കുളം", "അല്ലാ പാര്യേ, നിനക്കും പക്കത്തോണോ ഊണു്?" എന്നു തുടങ്ങി ഇനിയും പല ഫലിതങ്ങളും അദ്ദേഹവുമായി ബന്ധിപ്പിച്ചു പറഞ്ഞുവരുന്നു.

ഇത്തരം ഫലിതങ്ങൾ പറയുക മാത്രമേ നമ്പ്യാർ ചെയ്തിട്ടുള്ളു എന്നു നിങ്ങൾ വിചാരിക്കരുതു്. അദ്ദേഹം അനേകം തുള്ളൽക്കവിതകൾ എഴുതീട്ടുണ്ടു്. അവയെല്ലാം എത്ര പ്രാവശ്യം വായിച്ചാലും നമുക്കു മതിയാവുകയില്ല. അതിലടങ്ങിയ ഫലിതവും പരിഹാസവും നമ്മെ പൊട്ടിച്ചിരിപ്പിക്കും. ഫലിതത്തിനും പരിഹാസത്തിനും പുറമേ നല്ല ഉപദേശങ്ങളും നീതിസാരങ്ങളും അദ്ദേഹത്തിൻെറ കൃതികളിൽ കാണാം. നിങ്ങൾ ഓരോ ക്ലാസ്സിലും നമ്പ്യാരുടെ ഏതെങ്കിലും കൃതിയിൽ നിന്നു് ഒരു ഭാഗം പഠിക്കും. അപ്പോൾ അദ്ദേഹത്തിൻെറ കവിതയുടെ ഭംഗി നിങ്ങൾക്കു നല്ലവണ്ണം മനസ്സിലാകും.

## അഭ്യാസം

1. താഴെ എഴുതിയ പദങ്ങൾ ശ്രദ്ധിക്കുക :—

   പ്രചാരം; പ്രകടനം; പരിഹാസരസം; ഫലിതോക്തി; പണ്ഡിതൻ; പാമരൻ.

2. കുഞ്ചൻ നമ്പ്യാരുടെ ഫലിതത്തിനു് ഒരു ഉദാഹരണം എഴുതുക.

3. സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക :—

   വിശ്വാസയോഗ്യൻ; ലജ്ജിച്ചു തലതാഴ്ത്തി.

4. താഴെ കൊടുത്ത വാക്യത്തിലെ ആഖ്യയും ആഖ്യാതവും പറയുക :—

   (1) നമ്പ്യാർ ഒരിക്കൽ ക്ഷേത്രത്തിൽ പോയി.
   (2) തമ്പുരാൻ നമ്പിയെ സമാധാനിപ്പിച്ചു.

5. ഒന്നാം ഖണ്ഡികയിലെ നാമപദങ്ങൾ തിരഞ്ഞെടുക്കുക.

## പാഠം 3

# വൃത്താന്തപത്രം

ഞാൻ ഒരു അത്ഭുതവസ്തുവാണ്. എന്റെ പേർ വൃത്താന്തപത്രം എന്നാണ്. പത്രമാപ്പീസ്സാണ് എന്റെ വീട്. അവിടെ പലരും വരും. നഗരവാസികൾ മാത്രമല്ല, ഗ്രാമവാസികളും വരും. വാർത്തകളാണ് അവർ കൊണ്ടുവരുന്ന കാഴ്ചദ്രവ്യം. അതെല്ലാം അവർ മേശപ്പുറത്തു നിരത്തും. വേണ്ടതു സ്വീകരിക്കും, വേണ്ടാത്തതു തിരസ്കരിക്കും. സ്വീകരിച്ചവ ക്രമപ്പെടുത്തും. ക്രമപ്പെടുത്തിയവ ഈയത്തിൽ വാർത്തെടുക്കും. പിന്നെ ഒരു കെട്ടു കടലാസ്സു വേണം. മഷിയും അത്യാവശ്യമാണ്. ഇവ മൂന്നും ഒന്നിച്ചു യന്ത്രത്തിന്റെ അടുത്തു ചെല്ലും. യന്ത്രം തിരിയും; ഞാൻ രൂപം കൊള്ളും.

എനിക്കു പല ഭാഷകളും അറിയാം. "ആറു നാട്ടിൽ നൂറുഭാഷ" എന്നൊരു ചൊല്ലുണ്ട്. അങ്ങനെ ഓരോ ഭാഷയും സംസാരിക്കുന്നവരോട് എനിക്കു വർത്തമാനം പറയാം.

ലോകത്തിലുള്ള എല്ലാ സ്ഥലങ്ങളിലേയും വാർത്തകൾ എന്നെ തിരിച്ചും മറിച്ചും നോക്കിയാൽ കിട്ടും. സന്തോഷവാർത്ത മാത്രമല്ല, ദുഃഖവാർത്തയും ഉണ്ടാവും. യുദ്ധവാർത്തയും സമാധാനവാർത്തയും കാണാം. ജനനവാർത്തയും മരണവാർത്തയും ഉണ്ട്. വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെക്കുറിച്ചും കാണാം. പാശ്ചാത്യവാർത്തയും പൌരസ്ത്യവാർത്തയും കിട്ടും

എന്നെ പല വലുപ്പത്തിലും നിറത്തിലും ഗുണത്തിലും വിലയിലും കിട്ടും. ചിലപ്പോൾ നല്ല ചിത്രങ്ങളും ഉണ്ടാവും. കുട്ടിക്കഥകളും, പാട്ടുകളും, കടംകഥകളും ഇടയ്ക്കിടയ്ക്ക് എന്നെ അലങ്കരിക്കും.

വലിയവക്കും ചെറിയവക്കും, ധനവാന്മാക്കും ദരിദ്രക്കും എന്നെ ഇഷ്ടമാണ്. സ്ത്രീകളും കുട്ടികളും എൻെറ വരവു കാത്തിരിക്കും. എഴുത്തറിയുന്നവരും അറിയാത്തവരും ഞാൻ പറയുന്ന വത്തമാനം അറിയുവാൻ അക്ഷമരായിരിക്കും.

ഞാൻ ലോകത്തിൻെറ കണ്ണാടിയാണ്. കണ്ണാടിയിൽ നോക്കുമ്പോൾ നിങ്ങളുടെ കണ്ണും മൂക്കും വായും താടിയും എല്ലാം അതിൽ നിഴലിച്ചു കാണുന്നില്ലേ? അതുപോലെ എന്നെ തുറന്നുനോക്കിയാൽ ലോകത്തിൽ നടന്നതും, നടക്കുന്നതും, നടക്കുവാൻ പോകുന്നതും ആയ എല്ലാ പ്രധാന കാര്യങ്ങളും കാണാം.

എന്താ, ഞാൻ കേമനല്ലേ? നിങ്ങൾക്ക് എന്നെ ഇഷ്ടമായോ? എന്നാൽ നിങ്ങളുടെ അട്ടത്തേക്കു ഞാൻ വരാം.

## അഭ്യാസം

വൃത്താന്തപത്രം; അത്ഭുതവസ്തു; പത്രമാപ്പീസ്; ഗ്രാമപ്രാസികൾ; പാശ്ചാത്യവാത്ത; അക്ഷമർ.

1. പത്രം എങ്ങനെയാണു രൂപമെടുക്കുന്നത്?
2. വൃത്താന്തപത്രം കണ്ണാടിപോലെയാണെന്നു പറയാൻ കാരണമെന്ത്?
3. ഒരു പുഴയുടെ ആത്മകഥയെഴുതുക.
4. ഒന്നാമത്തെ ഖണ്ഡികയിലെ നാമപദങ്ങൾ തിരഞ്ഞെടുക്കുക.
5. വിപരീതപദം പറയുക:—

   തിരസ്കരിക്കുക.

   പൗരസ്ത്യം.

   ദരിദ്രർ.

   പ്രധാനം.

പാഠം 4

# നന്ദമോക്ഷം

നോററുകിടന്നോരു നന്ദന്താന്മെല്ലെമെ-
ല്ലാററിലേ മുങ്ങുവാൻ പോയനേരം,
കാലം പുലൎന്നു തുടങ്ങുന്നതിൻമുമ്പേ
ചാലപ്പോയ്ചെന്നതു കണ്ടുകൊണ്ടു്,
പാശിതൻ ദൂതനായുള്ളോരു ദാനവൻ
പാരാതെ ബന്ധിച്ചുകൊണ്ടുപോയാൻ.

നന്ദനെക്കാണാഞ്ഞു നിന്നോരു ഗോപന്മാർ
നന്ദനനാകിയ കണ്ണനോടു്,
ചെന്നങ്ങു ചൊല്ലിനാർ: "മുങ്ങിയനേരത്തു
നന്ദനെക്കണ്ടീല്ല" യെന്നങ്ങനെ.

അച്യുതന്താനും തന്നച്ഛനെക്കാണ്മാനാ-
യിച്ഛപൂണ്ടന്നേരം കാളിന്ദിയിൽ,
വേഗത്തിൽചെന്നങ്ങു തേടിത്തുടങ്ങിനാൻ
വേദത്തെപ്പണ്ടുതാനെന്നപോലെ.
വാരിയിലെങ്ങുമേ കാണാഞ്ഞനേരത്തു
വാരിധിപാലകനുള്ളിടത്തും,
നേരേപോയ്ചെന്നു തുടങ്ങിനാൻ മെല്ലവേ
കാരുണ്യവാരിധിയായവൻതാൻ.

വാരിജലോചനൻ വന്നതുകണ്ടപ്പോഠം
വാരിധിപാലകൻ പാരാതെതാൻ,
മുമ്പിലെനൽകിനാൻ നന്ദനെത്തന്നെയും
കുമ്പിട്ടു കൂപ്പിനിന്നമ്പിൽ ചൊന്നാൻ!—
"നിന്നുടെ ചേവടി ചാരത്തു കാണ്മാനായ്
നന്ദനെ ഞാനിങ്ങുകൊണ്ടുപോന്നു.
അച്ഛനെക്കൊണ്ടുപോന്നതിൽ പിണച്ചായെ-
ന്നിച്ഛപിഴയ്ക്കൊല്ലാ തമ്പുരാനേ!"

ഇങ്ങനെ ചൊല്ലി നൻമുത്തുകളെക്കൊണ്ടും
പൊങ്ങിന രത്നങ്ങരംകൊണ്ടും പിന്നെ
പൂജിച്ചുനിന്നവനുള്ളിലേമോദത്തെ-
പ്പൂരിച്ചാൻ പാശിയുമായവണ്ണം

കൃഷ്ണഗാഥ] [ചെറുശ്ശേരി

## അഭ്യാസം

1. വരുണൻ എന്തിനാണു നന്ദഗോപരെ പിടിച്ചുകൊണ്ടു പോയതു് ?
2. "വേദത്തെപണ്ടുതാനെന്നപോലെ" — സൂചിതകഥയെഴുതുക.
3. മുമ്മൂന്നു പര്യായപദങ്ങരം പറയുക:—
ശ്രീകൃഷ്ണൻ; വരുണൻ; സമുദ്രം; ഇച്ഛ.

## പാഠം 5

# താജ്മഹൽ



താജ്മഹാൾ! സപ്താത്ഭുതങ്ങളിൽ ഒന്നു്. അതു് ഒരു കല്ലറ മാത്രമാണു്. മണ്ണോടുമണ്ണായിത്തീരേണ്ട മനുഷ്യശരീരം അടക്കം ചെയ്യുവാൻ ഉപയോഗിച്ച ഒരു കല്ലറ. എന്നാൽ അതിന്റെ ഭംഗിയോ! അതു് അവർണ്ണ്യമത്രേ. കേട്ടു രസിക്കുന്നതിനേക്കാൾ നല്ലതു കണ്ടു രസിക്കയല്ലേ? അതുകൊണ്ടു നമുക്കു് അങ്ങോട്ടു പോകാം.

ഉത്തരേന്ത്യയിൽ യമുനയുടെ തീരത്തു് ആഗ്രാ എന്നൊരു പട്ടണമുണ്ടു്. അവിടെയാണു നമുക്കു പോകേണ്ടതു്. ആഗ്രാതീവണ്ടിസ്റ്റേഷനിലിറങ്ങി കുറച്ചു ദൂരം കുതിരവണ്ടിയിൽ കയറിപ്പോകണം. അവിടെ മോട്ടാർ കാറില്ല, കുതിരവണ്ടിയാണു് അധികം.

അതാ, ചെങ്കല്ലുകൊണ്ടുണ്ടാക്കിയ ഒരു വലിയ ഗോപുരം. വാതിലുകൾക്ക് എന്തുയരമാണ്! എത്ര ജനങ്ങളാണ് അങ്ങോട്ടു പോകുന്നത്! അവരുടെ കൂടെ നമുക്കും ചെല്ലാം.

ഗോപുരം കടന്ന് അകത്തേക്കു ചെല്ലുന്നതു മനോഹരമായ ഒരു ഉദ്യാനത്തിലേക്കാണ്. എത്ര പൊയ്കകളാണ് അവിടെ! എല്ലാം വെണ്ണക്കല്ലു വിരിച്ചവ. ആഴവും കുറവ്. ഓരോ പൊയ്കയിലും ജലധാരായന്ത്രങ്ങൾ ഉണ്ട്. അവയിൽനിന്ന് അതാ, സ്ഫടികമണികൾ പോലെ, വെള്ളം നാലുപാടും ചിതറിവീഴുന്നു. ഇങ്ങനെ എല്ലായ്പോഴും വെള്ളം വീണുകൊണ്ടിരുന്നാൽ, കര കവിഞ്ഞ് ഒഴുകുകയില്ലേ? ഇല്ല. അതിൽ വീഴുന്ന വെള്ളം തന്നെയാണ് ജലധാരായന്ത്രത്തിൽക്കൂടി മുകളിലേക്കു വരുന്നത്.

പൊയ്കകൾക്ക് എന്തു വിസ്താരമാണെന്നു നോക്കൂ. അതാ, പൊയ്കകളുടെ ഇരുവശത്തും വെണ്ണക്കൽ വിരിച്ച നടവഴി. നമുക്ക് അതിലേ പോകാം. ഇപ്പോൾ നമ്മുടെ ഒരു വശത്തു പൊയ്കയും മറുവശത്തു പച്ചപ്പട്ടു വിരിപ്പുപോലുള്ള മൈതാനവുമാണ്. മൈതാനത്തിൽ അവിടവിടെ സൈപ്രസ്സ് മരങ്ങൾ നില്ക്കുന്നതുകണ്ടോ? ആ സ്ഥലം മുഴുവൻ കാത്തുരക്ഷിക്കാൻ കാവല്ക്കാർ നില്ക്കുകയാണെന്നു തോന്നുന്നില്ലേ?

ഇനിയും മുന്നോട്ടു നീങ്ങാം നമുക്ക്. ഇപ്പോൾ നാം ഉദ്യാനത്തിൻെറ പകുതിയോളം കടന്നുകഴിഞ്ഞു. ഇവിടെ ഇതാ, ഒരു മണ്ഡപം. ഇതും വെണ്ണക്കല്ലുകൊണ്ടുതന്നെയാണ് ഉണ്ടാക്കീട്ടുള്ളതു്. വേണമെങ്കിൽ മണ്ഡപത്തിലുള്ള പീഠങ്ങളിൽ ഇരുന്നു ക്ഷീണം തീർക്കാം. വെണ്ണക്കല്ലിൽ കൊത്തിവെച്ചവയാണു പീഠങ്ങളും. കൂടുതൽ സമയം ഇരുന്നു സുഖിക്കാൻ പററില്ല. ഇനിയും പലതും കാണാനുണ്ട്.

നമ്മുടെ മുമ്പിലതാ, ഒരു കോണിപ്പടി. വെണ്ണക്കല്ലിൽ നിർമ്മിച്ച ആ കോണിപ്പടി കയറി മുകളിൽ ചെല്ലാം. വിശാലമായ ഒരു മുററത്താണു നാം ചെന്നെത്തുന്നതു്.

മുററം എന്നു പറഞ്ഞതുകൊണ്ടു കല്ലും മണ്ണും നിറഞ്ഞ സ്ഥലമാണെന്നു കരുതേണ്ട. അവിടെ മുഴുവൻ വെണ്ണക്കല്ലു പാകിയിരിക്കുകയാണ്.

മുററത്തിൻെറ നടുവിലായി അതാ, മനോഹരമായ ഒരു കെട്ടിടം കാണുന്നു. നാലു മൂലയിലും കാവല്ക്കാരെപ്പോലെ ഉയരം കൂടിയ ഓരോ ഗോപുരവും. നടുവിലെ കെട്ടിടം നോക്കൂ. വലിയ ഒരു താഴികക്കുടം കണ്ടോ? അതിനു ചുററും നാലു ചെറിയ താഴികക്കുടങ്ങൾ വേറെയുമുണ്ട്. നമുക്ക് അകത്തു കടന്നു നോക്കാം. ചെരിപ്പ് അഴിച്ചുവെയ്ക്കൂ. അതിട്ടുകൊണ്ട് അങ്ങോട്ടു കടക്കാൻ പാടില്ല.

നാം ഇപ്പോൾ വിശാലമായ തളത്തിലാണു വന്നെത്തീട്ടുള്ളതു്. മുകളിലേക്ക് ഒന്നു നോക്കൂ. എന്തു് ഉയരമാണ്! ഇതാ ഒരു മറ, തുണി കൊണ്ടല്ല. അതും വെണ്ണക്കല്ലുതന്നെ. ആനക്കൊമ്പിന്മേൽ കൊത്തുപണി ചെയ്യുന്നതു കണ്ടിട്ടില്ലേ? അതുപോലെ വെണ്ണക്കല്ലിൽ കൊത്തുപണി ചെയ്തിരിക്കുകയാണ്. മറയ്ക്കു് എട്ടു കോണുകൾ ഉണ്ട്. ചുററിനടന്നു നോക്കാം. ഇതാ വാതിൽ. നമുക്ക് ഉള്ളിലേക്കു കടക്കാം.

അകത്ത് അതാ രണ്ടു ശവക്കല്ലറകൾ. ഒന്നു വലുതും, മററതു ചെറുതും. വലുതു പുരുഷൻെറ കല്ലറയാണ്; ചെറുതു സ്ത്രീയുടേതും. എന്നാൽ ഈ കല്ലറകളിൽ ആരെയും മറവു ചെയ്തിട്ടില്ല. അതിന്മേലുള്ള കൊത്തുപണികൾ നോക്കൂ. ഇടയ്ക്കിടയ്ക്കു പല വർണ്ണത്തിലുള്ള വിശേഷരത്നങ്ങൾ പതിച്ചിരിക്കുന്നു. വരൂ, പുറത്തിറങ്ങാം. ഇനിയും ചിലതുകൂടി കാണാനുണ്ട്.

അതാ വേറൊരു കോണി. അതു താഴത്തേക്കാണ്. നമുക്കു് ഇറങ്ങിച്ചെല്ലാം. ആദ്യം കണ്ട തളത്തിൻെറ താഴെയാണു നാം ഇപ്പോൾ എത്തിയിരിക്കുന്നതു്. ഇവിടെ നല്ല വെളിച്ചമില്ല. അതാ, റാന്തലുമായി ഒരാൾ വരുന്നു. ആ വെളിച്ചത്തിൽ എല്ലാം നോക്കാം. ഇവിടെയുമുണ്ട് രണ്ടു ശവക്കല്ലറകൾ. മുകളിൽ കണ്ടതിന്നേക്കാൾ

ഭംഗികൂട്ടം ഇവയ്ക്കു്. ഇവയിലും ഒന്നു വലുതും മററൊന്നു ചെറുതും ആണു്. ആരുടെ ശവശരീരമാണു് ഇവിടെ മറവു ചെയ്തിരിക്കുന്നതു് എന്നു് അറിയാമോ? ഈ റാന്തലുമായി നില്ക്കുന്ന ആൾ പറയുന്നതു ശ്രദ്ധിക്കാം.

"കുറെക്കാലം മുൻപു് ഇന്ത്യയെ ഭരിച്ചിരുന്നതു മുഗൾ രാജാക്കന്മാരാണു്. അവരിൽ ഒരാളായിരുന്നു ഷാജഹാൻ ചക്രവർത്തി. അദ്ദേഹത്തിൻെറ പത്നി മംതസ് മഹൾ അതിസുന്ദരിയും സുശീലയും ആയിരുന്നു. ഷാജഹാനു് അവരോടു് അതിയായ സ്നേഹമുണ്ടായിരുന്നു. മംതസ് മരിച്ചപ്പോൾ അവരുടെ ഓർമ്മ എന്നെന്നേക്കും നിലനിർത്തണമെന്നു ഷാജഹാൻ ആഗ്രഹിച്ചു.

മംതസിൻെറ ലാവണ്യത്തിനു് അനുരൂപമായി മനോമോഹനമായ ഒരു സ്മാരകം നിർമ്മിക്കാൻ അദ്ദേഹം നിശ്ചയിച്ചു. അസാധാരണമായ ആ സ്നേഹവും ആ സൗന്ദര്യവും ഉടലെടുത്തതാണു് ഈ താജ്മഹൾ. ഷാജഹാൻ ചക്രവർത്തി മരിച്ചപ്പോൾ അദ്ദേഹത്തെയും പ്രിയതമയുടെ സമീപത്തുതന്നെ മറവുചെയ്തു. ആ കല്ലറയാണു് അടുത്തു കാണുന്നതു്.

## അഭ്യാസം

സപ്താത്ഭുതങ്ങൾ; ജലധാരായന്ത്രങ്ങൾ; താഴികക്കുടം; സ്ഫടികമണികൾ; ലാവണ്യം.

1. പൂരിപ്പിക്കുക:—
   (1) ....................ൻെറ സ്മരണയെ നിലനിർത്താൻ ....................താജ്മഹൾ നിർമ്മിച്ചു.
   (2) ഓരോ പൊയ്കയിലും.................................ഉണ്ടു്.
2. സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക:—
   അവർണ്ണ്യം; നിലനിർത്തുക.
3. താജ്മഹളിനെപ്പററി ഒരു ഖണ്ഡിക എഴുതുക.
4. രണ്ടാം ഖണ്ഡികയിലെ സംജ്ഞാനാമങ്ങൾ തിരഞ്ഞെടുക്കുക.
5. ചേർത്തു് എഴുതുക:—
   ഇവിടെയും + ഉണ്ടു്.

## പാഠം 6

# പൂന്താനം

വള്ളുവനാട്ടുതാലൂക്കിൽ തിരുമാന്ധാംകുന്നിനു സമീപമാണു പൂന്താനം ഇല്ലം. വളരെപ്പഴക്കംചെന്നതാണു് അതു്. ഉദ്ദേശം നാനൂറു കൊല്ലങ്ങൾക്കു മുമ്പു് ആ ഇല്ലത്തു ജീവിച്ചിരുന്ന ഒരു കവിയാണു പൂന്താനത്തു നമ്പൂതിരി. ആ ഭക്തകവിയെക്കുറിച്ചു പല കഥകളും കേട്ടിട്ടുണ്ടു്. അവയിൽ ചിലതു് ഇവിടെ വിവരിക്കാം.

പൂന്താനം വലിയ ഒരു ശ്രീകൃഷ്ണഭക്തനായിരുന്നു. മാസംതോറും ഗുരുവായൂക്കുപോയി ശ്രീകൃഷ്ണനെ ഭജിക്കുക അദ്ദേഹത്തിൻെറ പതിവാണു്. ഒരിക്കൽ തിങ്ങൾഭജനത്തിനു പോകുമ്പോൾ കുറെ കള്ളന്മാർ അദ്ദേഹത്തെ പിടികൂടി. പൂന്താനത്തിൻെറ കൈയിൽ വിലമതിക്കത്തക്ക വസ്തുവായി ഒരു മോതിരംമാത്രമേ ഉണ്ടായിരുന്നുള്ളു. കള്ളന്മാർ അതു കൈവശമാക്കാൻ ശ്രമിച്ചു. അത്ഭുതമെന്നേ പറയേണ്ടു, പെട്ടെന്നു് ഒരാൾ കുതിരപ്പുറത്തു് അവിടെ പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തെക്കണ്ടു കള്ളന്മാർ പൂച്ചയെക്കണ്ട എലികളെപ്പോലെ ഓടിമറഞ്ഞു. പൂന്താനത്തിനു വലിയ സമാധാനമായി. അവിടെ വന്ന ആൾ സാമൂതിരിരാജാവിൻെറ സചിവോത്തമനായ മങ്ങാട്ടച്ചനായിരുന്നു. നമ്പൂതിരി, ആ മോതിരം, തന്നെ രക്ഷിച്ച മങ്ങാട്ടച്ചനു സമ്മാനിച്ചു. രണ്ടുപേരും അവരവരുടെ വഴിക്കു പിരിഞ്ഞുപോവുകയും ചെയ്തു.

അന്നുരാത്രി ഗുരുവായൂർക്ഷേത്രത്തിലെ ശാന്തിക്കാരൻ ഒരു സ്വപ്നം കണ്ടു. ശ്രീകൃഷ്ണൻ തൻെറ അടുത്തുവന്നു, "ബിംബത്തിന്മേൽ കാണുന്ന പുതിയ മോതിരം തിങ്ങൾ-ഭജനത്തിനായി വരുന്ന പൂന്താനത്തിനു കൊടുക്കണം", എന്നു് അരുളിച്ചെയ്തതായിട്ടാണു് അദ്ദേഹത്തിനു തോന്നിയതു്. സ്വപ്നമല്ലേ? ആ ബ്രാഹ്മണൻ അത്ര കാര്യമാക്കിയില്ല.

അടുത്ത പ്രഭാതത്തിൽ, പതിവുപോലെ ശാന്തിക്കാരൻ ക്ഷേത്രത്തിലെത്തി നടതുറന്നു. ബിംബത്തിൽനിന്നു തലേദിവസത്തെ അലങ്കാരങ്ങൾ മാററിത്തുടങ്ങി. അതാ, ഒരു മോതിരം! ശാന്തിക്കാരനു സ്വപ്നത്തിൻെറ കഥ ഓൎമ്മ വന്നു. അദ്ദേഹം ആ മോതിരം സൂക്ഷിച്ചുവെച്ചു. അന്നുതന്നെ പൂന്താനം ഗുരുവായൂരെത്തി. സ്വാമിദർശനത്തിനായി ക്ഷേത്രത്തിൽ ചെന്നപ്പോൾ ശാന്തിക്കാരൻ മോതിരവുംകൊണ്ടു് അദ്ദേഹത്തെ സമീപിച്ചു. പൂന്താനത്തിൻെറ ആശ്ചര്യത്തിനു് അതിരുണ്ടായിരുന്നില്ല. അപ്പോൾ മാത്രമാണു്, മങ്ങാട്ടച്ചൻെറ വേഷത്തിൽ പ്രത്യക്ഷനായി തന്നെ രക്ഷിച്ചതു ശ്രീകൃഷ്ണൻതന്നെയായിരുന്നു എന്നു പൂന്താനത്തിനു മനസ്സിലായതു്.

ആ ഭക്തൻെറ ചരമത്തെക്കുറിച്ചും അത്ഭുതാവഹമായ ഒരു കഥയുണ്ടു്. വിഷ്ണുലോകത്തേക്കു തന്നെ കൂട്ടിക്കൊണ്ടു പോകാൻ ശ്രീകൃഷ്ണൻ അടുത്ത ദിവസം എഴുന്നള്ളുമെന്നു പൂന്താനം ഒരു ദിവസം സ്വപ്നംകണ്ടു. അദ്ദേഹത്തിനു് അതിരില്ലാത്ത ആഹ്ലാദം തോന്നി. പിറേറന്നു് ഉണൎന്നെഴുന്നേററ ഉടനെ അദ്ദേഹം മഹാനായ ഒരു അതിഥിയെ സ്വീകരിക്കുവാൻ വേണ്ടുന്ന ഒരുക്കങ്ങൾ ആരംഭിച്ചു. വീടെല്ലാം അടിച്ചുതളിപ്പിച്ചു; കുലവാഴകളും തോരണങ്ങളുംകൊണ്ടു് അലങ്കരിപ്പിച്ചു; കേമമായ ഒരു സദ്യയും ഒരുക്കി. നിറപറയും നിലവിളക്കും പൂജാദ്രവ്യങ്ങളും, തയ്യാറാക്കി. മനോഹരമായ ഒരു പീഠത്തിൽ പട്ടുവിരിച്ചു് ഒരുക്കിവെച്ചു അങ്ങനെ കുറച്ചുകഴിഞ്ഞപ്പോൾ, “അതാ, ശംഖനാദം കേൾക്കുന്നു. ഭഗവാൻെറ എഴുന്നെള്ളത്തു്” എന്നു പറഞ്ഞു തൻെറ വിശിഷ്ടാതിഥിയെ എതിരേല്ക്കാൻ പൂന്താനം പടിക്കലേക്കു് ഓടി.

കിടക്കയിൽ നിന്നു് എഴുന്നേല്ക്കാൻ പോലും സാധിക്കാതിരുന്ന പൂന്താനം ഇങ്ങനെ ഓടുന്നതു കണ്ടപ്പോൾ വീട്ടുകാൎക്കു് ആശ്ചര്യം തോന്നി. അദ്ദേഹം കേട്ട ആ ശംഖനാദം അവരാരും കേട്ടില്ല; ആരും അങ്ങോട്ടു കടന്നു ചെല്ലുന്നതായി കണ്ടുമില്ല. എന്നാൽ മററുള്ളവൎക്കു് അദൃശ്യനായ ഒരു അതിഥിയെ പൂന്താനം കാണുന്നുണ്ടു്. ഭക്തി

പൂർവ്വം സ്വീകരിച്ചുകൊണ്ടുവന്നു കാൽ കഴുകിക്കുന്നു; അകത്തു കൊണ്ടുപോയി പീഠത്തിന്മേൽ ഇരുത്തുന്നു; വലിയ ഒരു ഇലയിൽ വിഭവങ്ങൾ വിളമ്പുന്നു; ഭക്ഷണം കഴിക്കാൻ അപേക്ഷിക്കുന്നു. കണ്ടുനിന്നവർ അമ്പരന്നുപോയി. ആ അതിഥിയെ മാത്രം ആർക്കും കാണാൻ കഴിഞ്ഞില്ല.

സൽക്കാരം എല്ലാം കഴിഞ്ഞപ്പോൾ, "ഇതാ, വിമാനം എത്തിയിരിക്കുന്നു. ഞാൻ വൈകുണ്ഠത്തിലേക്കു പുറപ്പെടുകയായി. ആരെങ്കിലും എൻെറകൂടെ വരുന്നുണ്ടോ?" എന്നു പൂന്താനം ചോദിച്ചു. ഇതു കേട്ടപ്പോൾ ഭർത്താവ് ഭ്രാന്തു പറയുകയാണെന്നത്രേ ഭാര്യയ്ക്കു തോന്നിയതു്. അതുകൊണ്ടു് ആ ചോദ്യം അവർ അത്ര കാര്യമാക്കിയില്ല. എന്നാൽ പൂന്താനത്തിൻെറ ഭക്തിയിൽ ദൃഢവിശ്വാസമുണ്ടായിരുന്ന ദാസി, "അടിയൻ കൂടെ വരട്ടെ?" എന്നു ചോദിച്ചു. പൂന്താനം സമ്മതം മൂളിയതും, വളരെ ആരോഗ്യവതിയായിരുന്ന ദാസി പെട്ടെന്നു നിലംപതിച്ചതും ഒന്നിച്ചു കഴിഞ്ഞു. ശ്രീകൃഷ്ണഭക്തനായ പൂന്താനം ഉടലോടുകൂടിത്തന്നെ സ്വർഗ്ഗം പ്രാപിച്ചുവത്രെ. ദാസിയുടെ ആത്മാവും അദ്ദേഹത്തെ അനുഗമിച്ചിട്ടുണ്ടാവാം. ദൈവഭക്തികൊണ്ടു് എന്തുതന്നെ സാധിക്കയില്ല.

## അഭ്യാസം

സചിവോത്തമൻ; തിങ്ങൾംഭജനം; അത്ഭുതാവഹം; വിശിഷ്ടാതിഥി; അദൃശ്യൻ; വിഭവങ്ങൾ.

1. ഭക്തനായ പൂന്താനം കള്ളന്മാരിൽനിന്നു് എങ്ങനെ രക്ഷപ്പെട്ടു?
2. പൂന്താനത്തിൻെറ ചരമത്തെക്കുറിച്ചുള്ള ഐതിഹ്യമെന്തു്?
3. സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക :—
   മൂഢവിശ്വാസം; അമ്പരന്നുപോയി; അതിരുണ്ടായിരുന്നില്ല.
4. താഴെക്കൊടുത്തിട്ടുള്ള വാക്യത്തിലെ കർത്താവും കർമ്മവും ക്രിയയും എടുത്തെഴുതുക :—
   രാമൻ രാവണനെ കൊന്നു.
5. മൂന്നു വാക്യങ്ങളാക്കി പിരിച്ചെഴുതുക :—
   പൂന്താനം സമ്മതം മൂളിയതും, വളരെ ആരോഗ്യവതിയായ ദാസി നിലം പതിച്ചതും ഒന്നിച്ചുകഴിഞ്ഞു.

## പാഠം 7

# വെള്ളപ്പൊക്കം

കണ്ണുമടച്ചു ജപിച്ചുവസിക്കും
പൊണ്ണനിരിക്കും പടുകുഴിതന്നിൽ
വെള്ളംവന്നു കടന്നുതുടങ്ങി;
വെള്ളപ്പട്ടു നനഞ്ഞുതുടങ്ങി.
വെള്ളിവിളക്കുകൾ പൊന്നിൻതളികക-
ളുള്ളതശേഷവുമൊഴുകി പതുക്കെ.
കെട്ടുവിളക്കുക,ളവിലും മലരും
കൊട്ടത്തേങ്ങകൾ കദളിപ്പഴവും
വെട്ടെന്നിട്ടുനിറച്ചൊരു വെള്ളി-
ത്തട്ടുകൾ മുഴുകിപ്പെട്ടികളൊഴുകി.
ആറുനിറഞ്ഞു, ജലങ്ങൾ കവിഞ്ഞു;
കാറും മഴയും കാണ്മാനില്ല!
ആററിലെ വെള്ളം പൊങ്ങിവരു,ന്നൊരു
കാററുമതില്ലതിനെന്തൊരുബന്ധം ?
ഏററംവന്നാലിത്രവരാമോ ?
ഊററമൊഴുക്കും നിലയില്ലാതായ്.
തള്ളിവരുന്നൊരു വെള്ളത്തിരയിൽ-
ത്തുള്ളിയലഞ്ഞുവലഞ്ഞു ദശാസ്യൻ
വെള്ളവുമൊട്ടുകുടിച്ചുതടിച്ചു;
പള്ളയുമങ്ങനെ വീർത്തുതുടങ്ങി.
ഇരുപതുകൈകൊണ്ടൊത്തുതുഴഞ്ഞു,
കർപററാഞ്ഞു കരങ്ങൾ കുഴഞ്ഞു
ഇരുപതുതണ്ടുകൾ വച്ചുമുറുക്കിയ
പെരിയൊരു വഞ്ചി കണക്കേ രാവണ-
നൊരുവണ്ണം കരപററിക്കയറി-
ത്തെരുതെരെ മണ്ടിട്ടുരെച്ചെന്നു.

കാർത്തവീര്യാർജ്ജുനവിജയം] [കുഞ്ചൻ നമ്പ്യാർ.

## അഭ്യാസം

1. കാർത്തവീര്യാർജ്ജുനവിജയം കഥ ചുരുക്കി എഴുതുക.

2. വെള്ളപ്പൊക്കംകൊണ്ടുണ്ടായ നാശങ്ങൾ സ്വന്തംവാക്യത്തിൽ എഴുതുക.

3. പരിഹസിക്കുവാൻ നമ്പ്യാൎക്കുള്ള സാമൎത്ഥ്യം ഉദാഹരിക്കുക.

4. മൂന്നു പൎയ്യായം വീതം പറയുക :—

   വെള്ളം; മഴക്കാർ; പുഴ; രാവണൻ.

5. പിരിച്ചു് എഴുതുക :—

   എന്നാലിത്ര.
   മണ്ടിട്ടു രെച്ചെന്നു.

## പാഠം 8

# പുത്രവാത്സല്യം

മുഗൾചക്രവർത്തിയായ ബേബർ സിംഹപരാക്രമിയായ ഒരു യോദ്ധാവും നീതിജ്ഞനായ ഒരു ഭരണാധിപനും ആയിരുന്നു. സ്നേഹം, ദയ തുടങ്ങിയ വിശിഷ്ടഗുണങ്ങളുടേയും വിളനിലമായിരുന്നു അദ്ദേഹം. ആ ഭാരതചക്രവർത്തി സ്വന്തം പുത്രന്മാരിൽ ഒരാളുടെ ജീവനെ രക്ഷിക്കുവാനായി സ്വയം മരണം വരിച്ചു.

ബേബരുടെ പുത്രന്മാരിൽ ഒരാളായിരുന്നു ഹുമയൂൺ. അദ്ദേഹം കാബൂളിനു വടക്കുള്ള ഒരു ദേശത്തെ ഗവർണ്ണരായി നിയമിക്കപ്പെട്ടു. അവിടെയെത്തി കുറച്ചുകാലം കഴിയുമ്പോഴേക്കും ഹുമയൂൺ രോഗഗ്രസ്തനായി. വിവരമറിഞ്ഞ പിതാവ് പുത്രനെ ആഗ്രായിലേക്കു വരുത്തി. പല വൈദ്യന്മാരും സശ്രദ്ധം ചികിത്സിച്ചു; എന്നാൽ രോഗം നിമിഷംപ്രതി വർദ്ധിക്കുകയാണു ചെയ്തതു്. ഹുമയൂൺമരിക്കുകയേ ഉള്ളൂ എന്ന നിലയായി. ബേബരുടെ ദുഃഖത്തിനു് അതിരുണ്ടായിരുന്നില്ല. ദൈവത്തിനുമാത്രമേ തന്റെ പുത്രനെ രക്ഷിക്കുവാൻ സാധിക്കൂ എന്നു് അദ്ദേഹം മനസ്സിലാക്കി. പുത്രന്റെ രോഗശയ്യയെ മൂന്നു പ്രാവശ്യം വലംവെച്ചു് ആ ഭക്തൻ ഉള്ളുരുകി ഇങ്ങനെ പ്രാർത്ഥിച്ചു:—"സ്നേഹസ്വരൂപനായ ദൈവമേ, എന്റെ മകനെ രക്ഷിക്കണമേ! അവന്റെ രോഗം എന്നിലേക്കു പകർത്തണമേ! അവനു പകരം എന്നെ സ്വീകരിക്കണമേ!"

ബേബരുടെ പ്രാർത്ഥന ദൈവം കൈക്കൊണ്ടു. ആ നിമിഷം മുതൽ ഹുമയൂണിന്റെ രോഗം ക്രമേണ കുറഞ്ഞുതുടങ്ങി. ബേബറിൽ രോഗലക്ഷണങ്ങൾ ഓരോന്നായി പ്രത്യക്ഷപ്പെട്ടു.

ഏതാനും ദിവസങ്ങൾക്കകം പുത്രൻ രോഗശയ്യവിട്ടു് എഴുന്നേററു; അപ്പോഴേക്കും പിതാവു് തീരെ കിടപ്പിലായി തന്റെ അന്ത്യനിമിഷം അടുത്തുവെന്നു് ആ ഭക്തൻ മനസ്സിലാക്കി. പുത്രനേയും മന്ത്രിമാരേയും വിളിച്ചുവരുത്തി, തന്റെ അന്തിമാഭിലാഷം അവരെ അറിയിച്ചു. ഹുമയൂണിനെ എല്ലാവരും ചക്രവൎത്തിയായി സ്വീകരിക്കണം—ഇതായിരുന്നു ബാബരുടെ ആഗ്രഹം. വിറയ്ക്കുന്ന കൈകൾകൊണ്ടു ബാബർ തന്റെ കിരീടം ഹുമയൂണിന്റെ ശിരസ്സിൽ അണിയിച്ചു. "ഹുമയൂൺ ചക്രവൎത്തി നീണാൾ വാഴട്ടെ!" എന്നു് ആ പിതാവു് പുത്രനെ അനുഗ്രഹിച്ചു. ചുററും നിന്നിരുന്നവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

അധികം താമസിയാതെ ബാബർ ഇഹലോകവാസം വെടിഞ്ഞു.

ഒരു കുന്നിന്റെ ശാന്തസുന്ദരമായ താഴ്‌വരയിലാണു് അദ്ദേഹത്തിന്റെ ശവകുടീരം സ്ഥിതിചെയ്യുന്നതു്. അവിടെ സ്ഥാപിച്ചിരിക്കുന്ന ഒരു വെണ്ണക്കല്ലിന്മേൽ "ബാബർ ചക്രവൎത്തി നിത്യസ്വൎഗ്ഗത്തിൽ വിശ്രമിക്കുന്നു" എന്നു കൊത്തിവെച്ചിട്ടുണ്ടു്.

## അഭ്യാസം

സിംഹപരാക്രമി; നീതിജ്ഞൻ; രോഗഗ്രസ്തൻ; നിമിഷംപ്രതി; ശാന്തസുന്ദരം; നിത്യസ്വൎഗ്ഗം; ഇഹലോകം; അന്തിമം.

1. പുത്രവാത്സല്യം എന്ന കഥ സ്വന്തം വാകൃത്തിൽ ചുരുക്കി എഴുതുക.
2. ബാബർ എന്താണു പ്രാൎത്ഥിച്ചതു്? പ്രാൎത്ഥനയുടെ ഫലം എന്തായിരുന്നു?
3. അന്ത്യനിമിഷം; സശ്രദ്ധം ഈ വാക്കുകളെ സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക.
4. ഒന്നാം ഖണ്ഡികയിലെ ഗുണനാമങ്ങൾ തിരഞ്ഞെടുക്കുക.
5. ചേൎത്തെഴുതുക:—

   ഉള്ളു് + ഉരുകി; അതിരു് + ഉണ്ടായിരുന്നു + ഇല്ല.

———

പാഠം 9

## ഒട്ടകപ്പക്ഷി

പക്ഷിവർഗ്ഗത്തിൽ വലുപ്പം കൂടിയതു് ഒട്ടകപ്പക്ഷി യാണു്. ആഫ്രിക്ക, അറേബിയ, മെസൊപ്പൊട്ടോമിയ എന്നീ രാജ്യങ്ങളിലാണു് ഇതിനെ കണ്ടുവരുന്നതു്. തുറന്ന പ്രദേശമാണു് ഇതിനു് ഇഷ്ടം. വൃക്ഷങ്ങൾ തിങ്ങി നില്ക്കുന്ന കാടുകളിൽ ഇതിനെ ഒരിക്കലും കാണുകയില്ല.

ഒട്ടകപ്പക്ഷി 'ഓടുന്ന പക്ഷി'കളുടെ വർഗ്ഗത്തിൽ പ്പെട്ടതാണു്. ഇതിനു മാനിനേക്കാൾ വേഗത്തിൽ ഓടാം. എന്നാൽ വട്ടത്തിലാണു് ഓട്ടക. അതുകൊണ്ടു് നായാട്ടുകാർക്കു് ഇതിനെ വെടിവെയ്ക്കുവാൻ വലിയ പ്രയാസമില്ല.

നല്ല വളർച്ചയെത്തിയ ഒരു ആൺപക്ഷി തലയുയർത്തി നിന്നാൽ നിലത്തുനിന്നു തലയുടെ അററത്തേക്കു് എട്ടടി ഉയരം കാണും. കഴുത്തിനുതന്നെ മൂന്നടിയോളം നീളം ഉണ്ടാവും. ചില ഒട്ടകപ്പക്ഷികളുടെ തൂക്കം നൂററിയമ്പതു കിലോഗ്രാംവരെ കണ്ടേക്കും. നാം വളർത്തുന്ന ഒരു പിട ക്കോഴിയുടെ കനം രണ്ടു കിലോഗ്രാമിൽ അധികം കാണു കയില്ല. അപ്പോൾ ഒരു കോഴിയേക്കാൾ എത്രയധികം വലുതാണു് ഒട്ടകപ്പക്ഷി എന്നു നിങ്ങൾക്കു് ഊഹിക്കാ മല്ലോ!

ആൺപക്ഷിക്കാണു പെൺപക്ഷിയേക്കാൾ ഭംഗി. അതിൻെറ ഉടലിൽ ഉള്ള തൂവലുകളുടെ നിറം മിന്നിത്തിള ങ്ങുന്ന കറുപ്പാണു്. വാലിലും ചിറകിലും ഉള്ള തൂവൽ നല്ല വെള്ളയും. പെൺപക്ഷിയുടെ തൂവലിനു ചാരനിറ മാണു്. ഒട്ടകപ്പക്ഷിക്കു നല്ല ഉയരവും കനവും ഉണ്ടെ ങ്കിലും ചിറകുകൾ ചെറുതാണു്. അതുകൊണ്ടു് അതിനു പറക്കുവാൻ സാധിക്കയില്ല. അതിൻെറ നീണ്ട കഴുത്തി ന്മേലും കാലുകളിന്മേലും തൂവലല്ല, ചെറിയ രോമങ്ങ ളാണു് ഉള്ളതു്. അതിൻെറ കഴുത്തിനും കാലുകൾക്കും

നല്ല ശക്തിയുണ്ടു്. കാലിന്മേൽ രണ്ടു വിരലുകളേ ഉള്ളൂ. അവയിൽ ഒന്നു വലുതാണു്. പക്ഷിയുടെ ഭാരം മുഴുവൻ ആ വിരലിന്മേലാണു്. വലിയ ഉപയോഗമില്ലാത്തതും ചെറുതും ആണു് മറേറ വിരൽ. ഉടലിനൊത്ത വലുപ്പമില്ല തലയ്ക്കു്. തലയും കൊക്കും പരന്നിരിക്കും.

പുല്ലും ഇലയുമാണു് ഈ പക്ഷിയുടെ പ്രധാനഭക്ഷണം. ചെറിയ ജന്തുക്കളും, പക്ഷികളും, ഇഴജന്തുക്കളും എന്നിവയേയും തിന്നും. ഒട്ടകപ്പക്ഷിക്കു് എല്ലാം ദഹിക്കും. അതുകൊണ്ടു് ''ഒട്ടകപ്പക്ഷിയുടെ ദഹനംപോലെ''എന്നു് ഒരു ചൊല്ലുകൂടിയുണ്ടായിട്ടുണ്ടു്.

മുട്ടയിടേണ്ട കാലമായാൽ മൂന്നുനാലു പിടകളും ഒന്നിച്ചാണു നടക്കുക. അകമ്പടിക്കു് ഒരു പൂവനും കൂടെ ഉണ്ടാവും. ഒരേ കൂട്ടിലാണു് ആ പിടകളും മുട്ടയിടുക. പത്തിരുപതു മുട്ടകളുണ്ടാവും ഒരു കൂട്ടിൽ. മണലിൽ

കുഴിച്ച കുഴികളാണു കൂട്. മുട്ടയിട്ട ശേഷം മണൽ കൊണ്ടു കുഴി മൂടും. തണുപ്പുകാലത്തു മാത്രമേ പകൽ സമയത്തു പക്ഷികൾ അടയിരിക്കയുള്ളു. വേനൽ ക്കാലത്തു സൂര്യൻെറ ചൂടിനെ അവ ആശ്രയിക്കുന്നു. രാത്രിയിൽ ആൺപക്ഷിയാണു് മുട്ടകളുടെമേൽ ഇരിക്കു ന്നതു്. തണുപ്പുകാലത്തു് പകലും പൂവനു തന്നെയാണു് ആ ജോലി. അതിനു് ഇര തേടിപ്പോകേണ്ട സമയം വരുമ്പോൾ പെൺപക്ഷികൾ ആ ജോലി നടത്തും.

ഒട്ടകപ്പക്ഷികൾ വലിയ ഭീരുക്കളാണു്. വല്ല ശബ്ദവും കേൾക്കുമ്പോഴേക്കും അവ കുതിച്ചോടും. ചിലപ്പോൾ പൂവൻ തിരിഞ്ഞുനിന്നു് എതിക്കും. അതിൻെറ കാൽകൊണ്ടുള്ള അടി താങ്ങുവാൻ ആക്കും സാദ്ധ്യമല്ല. ശത്രുക്കളെ കാണുമ്പോൾ ഒട്ടകപ്പക്ഷി അതിൻെറ തല മണലിൽ താഴ്ത്തിവയ്ക്കുമത്രെ. അതിൻെറ തലയോട്ടിനു തീരെ കട്ടിയില്ലെന്ന സംഗതി ഓക്കുമ്പോൾ അതിൻെറ പ്രവൃത്തി അത്ര വിഡ്ഢിത്തമാണെന്നു പറയാൻ പാടില്ല.

ഇളംപക്ഷിയുടെ മാംസം മാത്രമേ ഭക്ഷിക്കുവാൻ പററു. ഒട്ടകപ്പക്ഷിയുടെ മുട്ട ആഫ്രിക്കയിലെയും അറേബ്യയിലെയും ജനങ്ങൾക്കു വളരെ ഇഷ്ടമാണു പോൽ.

ഒട്ടകപ്പക്ഷിയുടെ തൂവൽ വളരെ വിലയുള്ള ഒരു അലങ്കാരവസ്തുവാണു്. തൂവലിൻെറ ആവശ്യത്തിനായി ഇവയെ വളത്തുന്നു. ഈരണ്ടു കൊല്ലം കൂടുമ്പോൾ തൂവൽ മുറിച്ചെടുക്കും. വീണ്ടും അതു വളന്നുവരും.

നിങ്ങൾ ഇനി എപ്പോഴെങ്കിലും ഒരു മൃഗശാല കാണുവാൻ പോകയാണെങ്കിൽ ഈ പക്ഷിയെ നല്ലവണ്ണം നോക്കി മനസ്സിലാക്കണം.

## അഭ്യാസം

വിഡ്ഢിത്തം; അലങ്കാരവസ്തു; അകമ്പടി; ആശ്രയം.

1. ഒട്ടകപ്പക്ഷിയെപ്പററി ചുരുക്കിയെഴുതുക.
2. ഒട്ടകപ്പക്ഷിയുടെ മുട്ട വിരിയിക്കുന്ന സമ്പ്രദായം വിവരിക്കുക.
3. "ഒട്ടകപ്പക്ഷിയുടെ ദഹനംപോലെ" എന്ന ചൊല്ലിനു കാരണമെന്തു്?
4. സ്വന്തംവാക്യത്തിൽ പ്രയോഗിക്കുക:—
   ഊഹിക്കാം; സാദ്ധ്യമല്ല; അലങ്കാരവസ്തു.
5. ആറാം ഖണ്ഡികയിലെ നാമപദങ്ങൾ തിരഞ്ഞെടുത്തു് അവ ഏതു് ഇനത്തിൽ പെട്ടതെന്നു പറയുക.
6. പിരിച്ചു് എഴുതുക:—
   വിലയുള്ള.
   മുറിച്ചെടുക്കും.

## പാഠം 10

# ഓണസ്സദ്യ

കാണമെഴുതിയുണ്ണേണം;—മെന്തോ-
രോണത്തിരക്കാണവിടെ!—
അഞ്ചുവയസ്സു കഴിയാ—തുള്ള
പിഞ്ചുകിടാങ്ങളാണെല്ലാം.

x x x x

പാദസരം മുകരുന്ന—പിഞ്ചു-
പാദങ്ങൾ നീട്ടിയിരുന്നു,
കൊച്ചുമുറത്തിൽ മണലു—ചേറി-
ക്കൊച്ചമ്മിണി പുലമ്പുന്നു;—

"എത്ര ഞാനെണ്ണിക്കൊടുത്തു—പണ-
മത്രയ്ക്കും കല്ലുണ്ടരിയിൽ!"
പാറമലകമൊതുക്കി—കരി
വാരിക്കുമാരിയരച്ചു;—

"റൊക്കമൊയ് വെള്ളിക്കൊടുത്തി—കരി-
ശ്ശർക്കരവാങ്ങിയതാരേ?"
കല്പതൻ തണ്ടുമുറിച്ചു—വെച്ചു
കല്യാണി മന്ദം കഥിച്ചു;—

"ചേരുമിക്കായക്കറിക്കു—മൂപ്പു
പോരാ പഴത്തിനാണെങ്കിൽ!"
ഒപ്പമായ് കല്ലുകൾ കൂട്ടി—ജാനു-
"വുപ്പേരിക്കുന്നുകൾ കണ്ടോ?"

ഈന്തിൻ കുരുന്നുകളെല്ലാം—നെടു-
നേന്ത്രക്കുലകളായ് മാറി.
ചെല്ലക്കരത്താൽത്തഴുകി—ച്ചുള്ള-
ലെല്ലാം പഴംനുറുക്കാക്കി;

പുത്തൻപിലാവില മുള്ളിൽ—ച്ചേർത്തു
കോർത്തുകൊണ്ടമ്മാളു ചൊല്ലി;—
"പൊള്ളമില്ലിപ്പപ്പടത്തി—ന്നെടീ
നല്ല ചതി പിണഞ്ഞതല്ലോ!"
സ്വർണ്ണമലരിയെച്ചൂണ്ടി—തങ്ക-
"മെണ്ണകഴിഞ്ഞു വിളക്കിൽ!"
ഭാർഗ്ഗവി കൂവിയുച്ചത്തിൽ—"കുമ്പ
നാക്കില വെയ്ക്കുവിൻ വേഗം."

x x x x

"മാധവീ നീ താൻ വിളമ്പൂ—പൊന്നു-
മാവേലിമുത്തച്ഛനാദ്യം!"

x x x x

കാവുചോദിച്ചു, "ഭുജിച്ചി—ല്ലയോ
മാവേലിമുത്തച്ഛനെല്ലാം ?
സ്വാദോത്തനുഭവിക്കേണ—മിനി
നേദിച്ചതെല്ലാരുമൊപ്പം."

.. .. .. ..

ഒററഞൊടിയിടയ്ക്കുള്ളി—ലവർ
വെച്ചുനിവേദ്യം കഴിച്ചു.

ഓണസ്സദ്യ] [പി. കുഞ്ഞിരാമൻ നായർ.

## അഭ്യാസം

1. പദ്യസാരം സംഭാഷണരീതിയിൽ എഴുതുക.
2. പിരിച്ചെഴുതുക:—

   ഓണത്തിരക്കു്; എല്ലാരുമൊപ്പം; വാങ്ങിയതാരേ; ഞൊടിയിടയ്ക്കുള്ളിൽ.
3. ചേർത്തെഴുതുക;—

   പാറും + അളകം + ഒതുക്കി.

   തഴകി + ചുള്ളൽ + എല്ലാം.

———

## പാഠം 11

# ജീമൂതവാഹനൻ

ഹിമാലയപർവ്വതത്തിൻെറ സമീപപ്രദേശത്തു വിദ്യാധരന്മാർ എന്നൊരു വർഗ്ഗക്കാർ ഉണ്ടായിരുന്നു. അവരുടെ രാജാവായിരുന്നു ജീമൂതകേതു. അദ്ദേഹത്തിൻെറ ഭാര്യ മഹാപുണ്യയും, പുത്രൻ ജീമൂതവാഹനനും സ്നുഷ മലയവതിയും ഒന്നിച്ചു മലയപർവ്വതത്തിൽ താമസിച്ചിരുന്നു.

ഒരു ദിവസം ജീമൂതവാഹനൻ അവിടെ ചുററിസ്സഞ്ചരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു വെള്ളക്കുന്നു കണ്ടു. അതു് എന്താണെന്നു് അന്വേഷിച്ചപ്പോൾ സർപ്പങ്ങളുടെ എല്ലു കൂട്ടിയിട്ടതാണെന്നു മനസ്സിലായി. അത്ര അധികം എല്ലു് അവിടെ വരാൻ കാരണമെന്തു്?

പക്ഷിരാജാവായ ഗരുഡൻ സർപ്പങ്ങളുടെ ശത്രുവാണു്. ഒരിക്കൽ ഗരുഡൻ സർപ്പങ്ങളെ കണക്കില്ലാതെ തിന്നുതുടങ്ങി. അപ്പോൾ സർപ്പരാജാവായ വാസുകി ഗരുഡൻെറ അടുക്കൽ ചെന്നു്, അങ്ങനെ സർപ്പങ്ങളെ നശിപ്പിക്കരുതെന്നു് അപേക്ഷിച്ചു. ഓരോ ദിവസവും ഓരോ സർപ്പത്തെ ഗരുഡനു ഭക്ഷണമായി കൊടുക്കാമെന്നു് ഏററു. ഗരുഡൻ അതു സമ്മതിച്ചു. അപ്രകാരം ഗരുഡൻ കൊന്നു തിന്ന സർപ്പങ്ങളുടെ എല്ലാണു കുന്നുപോലെ കൂടിക്കിടന്നിരുന്നതു്. ഈ കഥ കേട്ടപ്പോൾ ദയാലുവായ ജീമൂതവാഹനനു വലിയ സങ്കടമായി. എങ്ങനെയെങ്കിലും സർപ്പങ്ങളെ രക്ഷിക്കണമെന്നു ജീമൂതവാഹനൻ നിശ്ചയിച്ചു.

അന്നു വീട്ടിലേക്കു മടങ്ങുന്ന വഴിക്കു് ഒരു കരച്ചിൽ കേട്ടു. ആരാണു കരയുന്നതെന്നു് അന്വേഷിച്ചപ്പോൾ ശംഖചൂഡൻ എന്ന സർപ്പത്തിൻെറ അമ്മയാണു് എന്നു മനസ്സിലായി. അന്നു ഗരുഡൻെറ ഭക്ഷണം

ശംഖചൂഡനായിരുന്നു. അതു വിചാരിച്ചാണ് ആ നാഗമാതാവു കരഞ്ഞുകൊണ്ടിരുന്നതു്. അവക്ക വേറെയാരും ഉണ്ടായില്ലായിരുന്നു. ജീമൂതവാഹനൻ വിവരം എല്ലാം ചോദിച്ചു മനസ്സിലാക്കി. എന്നിട്ടു് "അമ്മേ, അവിടുന്നു വ്യസനിക്കേണ്ട; മകനെ ഞാൻ രക്ഷിക്കാം. അവിടുത്തെ പുത്രനു പകരം ഇന്നു ഞാൻ എന്റെ ദേഹം കൊടുക്കാം." എന്നു സമാധാനിപ്പിച്ചു.

ഇതു കേട്ടപ്പോഠ നാഗമാതാവിനു വലിയ ആശ്വാസമായി. ആരെങ്കിലും ഇതു വലിയ ഉപകാരം ചെയ്യുമോ? ഒന്നും പറയാനും പ്രവൎത്തിക്കാനും സാധിക്കാതെ ആ സ്ത്രീ സ്തംഭിച്ചു നിന്നുപോയി. എന്നാൽ ഇതെല്ലാം കേട്ടുകൊണ്ടു നിന്ന ശംഖചൂഡൻ ഭീരുവായിരുന്നില്ല. പോരെങ്കിൽ തന്റെ മുറ നടത്തണമെന്നു് അയാഠക്കു നിൎബ്ബന്ധവും ഉണ്ടായിരുന്നു. "രാജകുമാരനു നന്ദി! എന്നാൽ അങ്ങു പറയുന്ന പ്രകാരം ചെയ്തുകൂടാ. ഞങ്ങളുടെ രാജാവിന്റെ കല്പന തെറ്റി നടക്കുവാൻ പാടില്ല. എനിക്കു മരിക്കുവാൻ പേടിയില്ല, സങ്കടവുമില്ല. എനിക്കുവേണ്ടി മരിക്കേണ്ട; എന്റെ കാലശേഷം അമ്മയെ കാത്തു രക്ഷിച്ചാൽ മതി." എന്നു ശംഖചൂഡൻ പറഞ്ഞു. രാജകുമാരൻ വളരെ ശ്രമിച്ചു. എന്നാൽ ശംഖചൂഡന്റെ മനസ്സു് മാററുവാൻ സാധിച്ചില്ല.

അപ്പോഴേക്കും ശംഖചൂഡനു ധരിക്കുവാനുള്ള ചുവന്ന പട്ടുമായി ഒരാഠ അവിടെ എത്തി. അദ്ദേഹം അതു വാങ്ങി, ജീമൂതവാഹനനോടു് യാത്ര പറഞ്ഞു ക്ഷേത്രത്തിലേക്കു തിരിച്ചു.

ശംഖചൂഡനെ രക്ഷിക്കുവാൻ മാൎഗ്ഗം ആലോചിച്ചുകൊണ്ടു ജീമൂതവാഹനൻ അവിടെ നിന്നും പോയി. അങ്ങനെ പോകുമ്പോഠ അദ്ദേഹത്തിനു ചുവന്ന വസ്ത്രം ലഭിച്ചു. ഉടനെ സൎപ്പങ്ങഠ ഗരുഡനെ കാത്തു കിടക്കുന്ന സ്ഥലത്തു പോയി, ചുവന്ന വസ്ത്രംകൊണ്ടു ദേഹമാസകലം മൂടിപ്പുതച്ചു കിടന്നു.

ഗരുഡൻ അന്നും തന്റെ ഇര അന്വേഷിച്ചു വന്നു. പതിവുപോലെ അന്നും ചുവന്ന പട്ടുകൊണ്ടു മൂടിക്കിടക്കുന്ന ഭക്ഷണം കണ്ടു. ഉടനെ ശക്തിയേറിയ കൊക്കുകളിൽ അതു കൊത്തിയെടുത്തു വളരെ വേഗത്തിൽ മലയപർവ്വതത്തിന്റെ കൊടുമുടി നോക്കി ഗരുഡൻ പറന്നു. പോകുന്ന വഴിക്കു ജീമൂതവാഹനന്റെ തലയിൽ ധരിച്ചിരുന്ന രത്നം താഴോട്ടു വീണുപോയി. അതു വീണതു മലയവതിയുടെ മടിയിലായിരുന്നു. അവൾ അതു കണ്ടു വല്ലാതെ പരിഭ്രമിച്ചു. ഗരുഡൻ കൊത്തിക്കൊണ്ടു പോകുന്ന വല്ല സർപ്പത്തിന്റേയും തലയിൽ നിന്നു വീണതായിരിക്കും ആ രത്നമെന്നു പറഞ്ഞു ജീമൂതകേതു മലയവതിയെ സമാധാനിപ്പിച്ചു.

അതിനിടയ്ക്കു ദേവീദർശനം കഴിഞ്ഞു ശംഖചൂഡൻ മടങ്ങിയെത്തി. അയാൾ ചുവന്ന വസ്ത്രം പുതച്ചു നിശ്ചിത സ്ഥാനത്തു പോയികിടന്നു. കുറച്ചുനേരം കാത്തു. ഗരുഡൻ വരേണ്ട നേരം കഴിഞ്ഞു. എന്നിട്ടും കണ്ടില്ല. ശംഖചൂഡനു സംശയം ജനിച്ചു. ജീമൂതവാഹനൻ തന്നെ പററിച്ചിരിക്കുമോ? വേഗത്തിൽ ചാടി എഴുന്നേററു. ചുററുപാടും നോക്കി. അപ്പോൾ ഇററിററു വീണു കിടക്കുന്ന ചോരത്തുള്ളികൾ കണ്ടു. ഉടനെ ആ വഴിയേ നടന്നു. നടന്നു നടന്നു മലയ പർവ്വതത്തിന്റെ മുകളിൽ എത്താറായപ്പോൾ ജീമൂതകേതുവിനെക്കണ്ടു. അദ്ദേഹത്തോടു വിവരം എല്ലാം പറഞ്ഞു. അതു കേട്ടപ്പോൾ ജീമൂതവാഹനൻ മരിച്ചിരിക്കും എന്നു ജീമൂതകേതു തീർച്ചയാക്കി. അദ്ദേഹവും കുടുംബവും മരിക്കാൻ തയ്യാറായി. അതു കണ്ട ശംഖചൂഡൻ, താൻ മടങ്ങിവരുന്നതുവരെ കടുംകയ്യൊന്നും പ്രവർത്തിക്കരുതെന്നു പറഞ്ഞു് അവിടെ നിന്നും പോയി. എന്നാൽ അവിടെ കാത്തിരിക്കാതെ അവരെല്ലാം ശംഖചൂഡനെ അനുഗമിച്ചു.

ഗരുഡൻ ഭക്ഷണം ആരംഭിച്ചു. മൂർച്ചയേറിയ കൊക്കുകൊണ്ടു കൊത്തിവലിച്ചു. എന്നാൽ അന്നു സാധാരണ കേൾക്കുന്ന ദീനശബ്ദങ്ങൾ ഒന്നും പുറപ്പെട്ടില്ല. ഗരുഡനു് ആശ്ചര്യമായി. മൂടിയിരുന്ന വസ്ത്രം നീക്കി നോക്കി.

തനിക്ക തെററുപററിയെന്നു് അപ്പോരം ഗരുഡനു മനസ്സി ലായി. "അങ്ങു് ആരാണു്?" ഗരുഡൻ ചോദിച്ചു. പക്ഷെ മറുപടി ഒന്നും കിട്ടിയില്ല. അപ്പോഴേക്കും ശംഖചൂഡൻ അവിടെ എത്തി വിവരം എല്ലാം പറഞ്ഞു. അതിനിടയ്ക്കു ജീമൂതകേതുവും മററും എത്തി. അവരുടെ ദുഃഖം കണ്ടപ്പോരം ഗരുഡനു വലിയ സങ്കടമായി. അപ്പോഴേയ്ക്കും ജീമൂതവാഹനൻ മരിച്ചു. ഗരുഡൻ വേഗം അവിടെ നിന്നും പറന്നുപോയി.

മലയവതി പാർവ്വതിയെ ഭജിച്ചു പ്രത്യക്ഷയാക്കി. ദേവി ജീമൂതവാഹനനെ ജീവിപ്പിച്ചു. ദീർഘായുസ്സോടു കൂടി ചിരകാലം വിദ്യാധര രാജാവായി വാഴുമാറാകട്ടെ എന്നു് അനുഗ്രഹിച്ചിട്ടു് അപ്രത്യക്ഷയായി.

ഗരുഡൻ അമൃതുംകൊണ്ടു തിരിച്ചുവന്നു. സർപ്പങ്ങ ളുടെ എല്ലിന്മേൽ തളിച്ചു് അവരെയെല്ലാം ജീവിപ്പിച്ചു. അന്നു മുതല്ക്കു തനിക്ക ഭക്ഷണമായി ആരും വരേണ്ടതി ല്ലെന്നു പറഞ്ഞിട്ടു പറന്നുപോയി. ജീമൂതവാഹനൻ സസുഖം ചിരകാലം നാടുവാണു.

## അഭ്യാസം

വിദ്യാധരന്മാർ; സ്തംഭിച്ചു നിന്നു; നിശ്ചിത സ്ഥാനം; ദേവീദർശനം; ദീനശബ്ദം; സകുടുംബം; സ്നുഷ.

1. ശംഖചൂഡന്റെ അമ്മ കരയാൻ കാരണമെന്തു്?
2. ശംഖചൂഡനെ രക്ഷിക്കാൻ ജീമൂതവാഹനൻ എന്താണു ചെയ്തതു്?
3. മൂന്നാം ഖണ്ഡികയിലെ സംജ്ഞാനാമങ്ങളും സാമാന്യ നാമങ്ങളും തിരഞ്ഞെടുക്കുക.
4. പിരിച്ചെഴുതുക:—

   മൂടിക്കിടക്കുന്ന; മടങ്ങിയെത്തി; വരേണ്ടതില്ല.

---

61/792/V

# പാഠം 12

## റെഡ്ക്രാസ്സ് സംഘം

"വിജയ,"

കോഴിക്കോട്–3,

25–12–1961.

പ്രിയപ്പെട്ട ലീലേ,

ഞങ്ങൾ ഇവിടെ സുഖമായി എത്തി. അടുത്തദിവസം തന്നെ ഇവിടത്തെ സർക്കാർ സ്കൂളിൽ ചേർന്നു. വന്നിട്ടു കുറച്ചു ദിവസമേ ആയിട്ടുള്ളുവെങ്കിലും എനിക്കു സ്കൂൾ വളരെ ഇഷ്ടമായി. നമ്മുടെ സ്കൂളിൽ ഇല്ലാത്ത പലതും ഇവിടെയുണ്ട്. അക്കൂട്ടത്തിൽ എനിക്ക് ഏററവും വിശേഷമായി തോന്നിയതു ജൂനിയർ റെഡ്ക്രാസ്സ് സംഘത്തിൻെറ പ്രവൎത്തനമാണ്. ഇവിടെ വന്നശേഷമാണു ഞാൻ ആ പേരുതന്നെ കേട്ടതു്. അതിനെക്കുറിച്ചു സകല വിവരവും എൻെറ ഗുരുനാഥയോടു ഞാൻ ചോദിച്ചു മനസ്സിലാക്കി. അതെല്ലാം ലീലയ്ക്കും പറഞ്ഞുതരാം.

മുതിർന്നവരുടെ സംഘമായിട്ടാണു റെഡ്ക്രാസ്സ് സംഘത്തിൻെറ ആരംഭം. ഒരു നൂററാണ്ടു കാലമായി അതു് ആരംഭിച്ചിട്ട്. സ്വിസ്സുകാരനായ ഹെൻട്രി ഡ്യൂനാൻറ് ആണ് അതിൻെറ സ്ഥാപകൻ. സംഭവം ഇങ്ങനെയാണ്:

ഒരിക്കൽ ഡ്യൂനാൻറ് ഇററലിയിൽ സഞ്ചരിക്കയായിരുന്നു. അന്നു് അവിടെ ഒരു യുദ്ധം നടന്നു. അതിൽ മുറിവേററ ഭടന്മാൎക്കു ശരിയായ ശുശ്രൂഷ ലഭിച്ചിരുന്നില്ല. അതുകണ്ടു ഡ്യൂനാൻറിൻെറ മനസ്സലിഞ്ഞു. ഇത്തരം ബുദ്ധിമുട്ടുകൾ എങ്ങനെ പരിഹരിക്കാമെന്നായി അദ്ദേഹത്തിൻെറ വിചാരം. ആതുര ശുശ്രൂഷയ്ക്കായി ഒരു സംഘം ഏർപ്പെടുത്തണം. അതായിരുന്നു ആ സ്വിസ്സുകാരൻെറ ഉദ്ദേശ്യം

അദ്ദേഹം യൂറോപ്പിലെ മിക്ക രാജ്യങ്ങളിലും പോയി, ഭരണനേതാക്കളെ കണ്ടു സഹായം ആവശ്യപ്പെട്ടു; ഏതാനും മാസം ചുററിസ്സഞ്ചരിച്ചു; അവസാനം ജനീവയിൽവെച്ച് ഒരു യോഗംകൂടി. പല രാജ്യങ്ങളിലേയും പ്രതിനിധികൾ യോഗത്തിൽ പങ്കുകൊണ്ടു. യുദ്ധകാലത്തു മുറിവേററവരെ സഹായിക്കാനും പരിചരിക്കാനും ജനങ്ങൾക്ക പരിശീലനം നൽകുവാൻ ഒരു സംഘടനയുണ്ടാക്കി. ചെങ്കുരിശാണ് സംഘടനയുടെ ചിഹ്നമായി സ്വീകരിച്ചതു്. ഈ അടയാളത്തെ ആസ്പദമാക്കി റെഡ്ക്രാസ്സ് സംഘം എന്ന പേരും സംഘടനയ്ക്കുണ്ടായി. യോഗം ചേർന്നതു ജനീവയിൽ ആണെന്നു പറഞ്ഞില്ലേ? സ്വിററ്സർലണ്ടിലെ പ്രധാന പട്ടണമാണ് അതു്. ചുവന്ന പശ്ചാത്തലത്തിൽ വെള്ളക്കുരിശടയാളമാണ് സ്വിസ്സ് പതാകയിൽ കാണുക. അതു തിരിച്ചിട്ടു—വെള്ളയിൽ ചുവന്ന കുരിശു്. അതായി ഈ സംഘത്തിൻെറ അടയാളം. 'സേവനം' 'സേവനം' അതാണ് അവരുടെ മുദ്രാവാക്യം

ലോകരാഷ്ട്രങ്ങളെല്ലാം ഈ അടയാളത്തെ മാനിക്കുകയും സംരക്ഷിക്കുകയും വേണം. ഈ അടയാളമുള്ളയാതൊന്നും വെടിവെച്ചു നശിപ്പിക്കുവാൻ പാടില്ല. ചെങ്കുരിശടയാളമുള്ള ലോകസേവകർ എവിടെയും ഏതു കാലത്തും സുരക്ഷിതരാണ്. ആതുരശുശ്രൂഷയ്ക്കുവേണ്ടിയാണല്ലോ ഈ സംഘം ഏർപ്പെട്ടതിയതു്. ശത്രുവെന്നോ മിത്രമെന്നോ ഉള്ള ഭേദം കൂടാതെ യുദ്ധത്തടവുകാരുടെ സുഖസൗകര്യങ്ങൾ ഇവർ അന്വേഷിച്ചുവന്നു. സമാധാനകാലത്തും ഇവർ പലവിധ സേവനങ്ങൾ അനുഷ്ഠിക്കുന്നുണ്ട്. വെള്ളപ്പൊക്കം, ക്ഷാമം തുടങ്ങിയ ആപത്തുകൾ സംഭവിക്കുമ്പോൾ ഇവർ സഹായത്തിനെത്തുന്നു. സ്വന്തം നാട്ടിലെ ജനങ്ങളെ മാത്രമല്ല മറുനാട്ടുകാരെയും ഇവർ സഹായിക്കുന്നുണ്ട്.

മുതിർന്നവരുടെ ഈ സംഘം സ്കൂളിൽ എങ്ങനെ വന്നെത്തി? അതും പറയാം. റെഡ്ക്രാസ്സ് സംഘത്തിൻെറ ഒരു ഭാഗമായിട്ടാണ് അതു് സ്കൂളുകളിൽ

തുടങ്ങിയതു്. അതിനു ജൂനിയർ റെഡ്ക്രാസ്സ് സംഘം എന്നാണു പേർ. ഇന്നു പല സ്കൂളുകളിലും ഇത്തരം സംഘങ്ങൾ ഉണ്ടു്. ഇവരും ആതുരശുശ്രൂഷ ചെയ്യുന്നു. സാധുക്കളായ കുട്ടികളെ പല വിധത്തിലും സഹായിക്കയാണു് ഇവരുടെ പ്രധാനജോലി. പുസ്തകം, ഫീസ്, വസ്ത്രം, ഉച്ചഭക്ഷണം എന്നിവ സംഘത്തിൽ നിന്നും കൊടുക്കും. ചിലപ്പോൾ വൈദ്യസഹായവും നൽകും ഇതിനുപുറമെ, സ്കൂളും പരിസരവും വൃത്തിയാക്കുന്നതിലും ഇവർ പ്രത്യേകതാൽപര്യം കാണിക്കുന്നു. ദുരിതനിവാരണ നിധികളിലേക്കു ധനം സംഭാവന ചെയ്യുക, വസ്ത്രങ്ങൾ ശേഖരിക്കുക മുതലായ പ്രവർത്തനങ്ങളും ഇവർ നടത്തുന്നു.

ഈ സ്കൂളിലെ ഓരോ വിദ്യാർത്ഥിയും സംഘത്തിലെ അംഗമാണു്. അംഗമാകാൻ വരിസംഖ്യ കൊടുക്കേണ്ടതില്ല ലീലേ. ആതുരശുശ്രൂഷ ചെയ്യാമെന്നു സത്യം ചെയ്യുകയാണു് ആവശ്യം.

ഇപ്പോൾ ഇതിൻെറ ഏകദേശരൂപം ലീലയ്ക്കു മനസ്സിലായില്ലേ ? ഇത്തരം ഒരു സംഘം ഏർപ്പെടുത്തുന്ന സമ്പ്രദായം അടുത്ത എഴുത്തിൽ അറിയിക്കാം.

അവിടെ എല്ലാവർക്കും സുഖമെന്നു വിശ്വസിക്കുന്നു. നമ്മുടെ ഗുരുനാഥയ്ക്കു് എൻെറ വിനീതനമസ്കാരം. എല്ലാവരുടേയും ക്ഷേമവാർത്ത അറിയുവാൻ ഞാൻ കാത്തിരിക്കുകയാണു്.

| |
|---|
| കുമാരി പി. ലീല,<br>ലീലാ സദൻ,<br>പോസ്റ്റ് കാലടി. |

എന്നു്,

സ്വന്തം കളിത്തോഴി,

വിജയ.

## അഭ്യാസം

സ്ഥാപകൻ; ആതുരശുശ്രൂഷ; പരിഹാരം; പ്രതിനിധി; ചിഹ്നം; ആസ്പദം; ദുരിതനിവാരണനിധി; പശ്ചാത്തലം; സുരക്ഷിതം.

1. റെഡ്ക്രാസ്സ് സംഘത്തിൻെറ ഉത്ഭവം ചുരുക്കിപ്പറയുക.

2. ജൂനിയർ റെഡ്ക്രാസ്സ് അംഗങ്ങളുടെ സേവന പരിപാടികൾ എന്തെല്ലാം ?

3. ഈ എഴുത്തിനു വിജയലക്ഷ്മിക്കു് ഒരു മറുപടി എഴുതുക.

4. മൂന്നാം ഖണ്ഡികയിലെ നാമപദങ്ങൾ തിരഞ്ഞെടുത്തു് അവയുടെ വചനം പറയുക.

5. താഴെക്കൊടുത്തിട്ടുള്ളവയുടെ സ്ത്രീലിംഗം എഴുതുക :—
   വിദ്യാർത്ഥി;
   സ്ഥാപകൻ.

———

## പാഠം 13

# സാരോപദേശങ്ങൾ

നിനക്കു വീഴ്ച വന്നാലും
നിൻ നന്മ വെടിയൊല്ല നീ;
മലർ കാററേററു വീണാലും
മണമില്ലാത്തതാകുമോ ?

അന്യനുയർച്ച കാണുമ്പോ-
ളാനന്ദിക്കേണ്ടതാണു നീ.
മഴക്കാർ വാനിലേറുമ്പോൾ
മയിലാടുന്നു കൗതുകാൽ.

താൻ കൊട്ടംവെയിൽകൊണ്ടിട്ടു
തണലേകുന്നു തൈമരം;
നിനക്കു ദുഃഖം വന്നാലും
നീയന്യനു തുണയ്ക്കണം.

ആലിൻതയ്യിന്നൊരാൾ വെള്ള-
മലിവോടെയൊഴിക്കയാൽ;
വളരുമ്പോളതേകുന്നു
വരുവോർക്കൊക്കെയും തണൽ!

പറന്നുപോയ കിളിയെ-
പ്പക്ഷേ വീണ്ടും പിടിച്ചിടാം;
കാലമോ പോവുകിൽപ്പോയീ,
കരുതിജ്ജോലി ചെയ്യു നീ.

ഇളം ചുണ്ടുകൾ]                [ജി. ശങ്കരക്കുറുപ്പ്.

### അഭ്യാസം

1. ഈ ഉപദേശം സ്വന്തം വാക്യത്തിൽ എഴുതുക.
2. പിരിച്ചെഴുതുക :—
   കരുതിജ്ജോലി; തണലേകുന്നു.

———

## പാഠം 14

# മന്ത്രശക്തി നശിച്ചു

പണ്ടു ബ്രഹ്മദത്തൻ എന്നൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം നാടുവാണിരുന്ന കാലത്തു പുരോഹിതന്മാരിൽ ഒരാളുടെ കുടുംബത്തെ ഒരു ഭയങ്കരരോഗം ബാധിച്ചു. ഏററവും ഇളയ മകൻ ഒഴികെ ശേഷം എല്ലാവരും മരിച്ചു. ആ ബാലൻ വളർന്നപ്പോൾ തക്ഷശിലയിൽപോയി വിശ്രുതനായ ഒരു ഗുരുവിൻെറ കീഴിൽ സകല വേദങ്ങളും പഠിച്ചു. അതിനുശേഷം ഗുരുനാഥൻെറ അനുഗ്രഹവും വാങ്ങി ആ കുട്ടി ദേശസഞ്ചാരത്തിനു പുറപ്പെട്ടു.

അങ്ങിനെ സഞ്ചരിക്കുമ്പോൾ ചണ്ഡാലന്മാർ താമസിക്കുന്ന ഒരു ഗ്രാമത്തിൽ ആ കുമാരൻ എത്തി. അവരുടെ ഇടയിൽ മഹാനായ ഒരു തപസ്വിയുണ്ടായിരുന്നു. മന്ത്രശക്തികൊണ്ടു് എല്ലാകാലത്തും മാവിന്മേൽ പഴുത്ത മാങ്ങ വരുത്താനുള്ള കഴിവുണ്ടായിരുന്നു അദ്ദേഹത്തിനു്. ദിവസവും രാവിലെ സമീപത്തുള്ള കാട്ടിൽപ്പോയി, അവിടെ നിന്നിരുന്ന മാവിൽനിന്നു് ഏഴടി ദൂരെ നില്ക്കും. പിന്നീടു് ഒരു മന്ത്രം ജപിച്ചു മാവിന്മേൽ കുറച്ചു വെള്ളം തളിക്കും. ഉണങ്ങിയ ഇലകൾ ഉടനെ കൊഴിഞ്ഞു വീഴും. പിന്നീടു പുതിയ തളിരുകൾ വരും; മാവു പൂക്കും; ഉണ്ണിമാങ്ങ വിരിയും; മാങ്ങ മൂക്കും, പഴുക്കും. ആവശ്യമുള്ളത്ര മാമ്പഴം താപസൻ പറിച്ചുതിന്നും. പിന്നീടു കുട്ടയിൽ പറിച്ചു നിറയ്ക്കും. അതു് കൊണ്ടുപോയി വിററു കുടുംബം പുലർത്തും. ഇതായിരുന്നു പതിവു്.

താപസൻ മാമ്പഴം വിററുകൊണ്ടിരിക്കുമ്പോഴാണു ബ്രാഹ്മണകുമാരൻ ആ ഗ്രാമത്തിൽ എത്തിയതു്. "ഇതു് എന്താശ്ചര്യം! മാമ്പഴത്തിൻെറ കാലമല്ലല്ലോ ഇതു്! തീർച്ചയായും ഈ താടിക്കാരനു വല്ല മന്ത്രവും അറിവുണ്ടായിരിക്കണം. അതു ഞാൻ പഠിക്കും. എന്നാൽ എനിക്കു

ധനികനാവാം'', എന്നു് ആ കുമാരൻ വിചാരിച്ചു. അതിനുശേഷം ആ താപസൻെറ പിന്നാലെ നടന്നു് എല്ലാം നോക്കി മനസ്സിലാക്കി.

ഒരുദിവസം ബ്രാഹ്മണബാലൻ ആ താപസൻെറ വീട്ടിൽപോയി അദ്ദേഹത്തിൻെറ വരവും കാത്തിരുന്നു. കുട്ടയും ചുമന്നു വരുന്ന താപസനെ കണ്ടപ്പോൾ വേഗം ചെന്നു കുട്ടവാങ്ങി അകത്തു കൊണ്ടുപോയി വെച്ചു. ബുദ്ധിമാനായ താപസനു കാര്യം മനസ്സിലായി. "ഇവൻ മന്ത്രം പഠിക്കാൻ വന്നവനാണു്. എന്നാൽ ഇവൻെറ മനസ്സു നന്നല്ല'' എന്നു് അദ്ദേഹം ഭാര്യയോടു പറഞ്ഞു.

താപസൻെറ ഭൃത്യനായി താമസിച്ചാൽ മന്ത്രം കൈവശമാക്കാം എന്നു കരുതി കുമാരൻ അവിടെക്കൂടി. കാട്ടിൽപോയി വിറകു കൊണ്ടുവരിക, വെള്ളം കോരുക, ഭക്ഷണം പാകം ചെയ്യുക, പാത്രങ്ങൾ വൃത്തിയാക്കുക തുടങ്ങിയ എല്ലാ ജോലിയും ചെയ്തു. എന്നു മാത്രമല്ല, ചണ്ഡാലനായ താപസൻെറ കാൽ സ്വന്തം മടിയിൽ എടുത്തുവെച്ചു രാത്രി മുഴവൽ തലോടുവാനും തയ്യാറായി. ഇതെല്ലാം കണ്ടു മനസ്സലിഞ്ഞ താപസപത്നി അവനു മന്ത്രം ഉപദേശിച്ചുകൊടുക്കണമെന്നു ഭർത്താവിനോടു് അപേക്ഷിച്ചു.

താപസൻ മന്ത്രംപഠിപ്പിച്ചുകൊടുക്കുവാൻസമ്മതിച്ചു. എന്നാൽ അതിനുമുമ്പു് ഇങ്ങനെ പറഞ്ഞു:—"കുമാരാ, ഇതൊരു വിശിഷ്ട മന്ത്രമാണു്. ഇതുകൊണ്ടു നിൻെറ കീർത്തി എങ്ങും പൊങ്ങും. എന്നാൽ ആരെങ്കിലും നിൻെറ ഗുരുവിനെപ്പററി ചോദിച്ചാൽ സത്യം പറയണം. ഗുരു ചണ്ഡാലനാണു് എന്ന പരമാർത്ഥം മറച്ചുവെച്ചാൽ ആ നിമിഷം മന്ത്രബലം നഷ്ടപ്പെടും.'' തീർച്ചയായും താൻ വാസ്തവം മറച്ചുവയ്ക്കില്ലെന്നു ബ്രാഹ്മണകുമാരൻ സമ്മതിച്ചു. അങ്ങനെ മന്ത്രവും പഠിച്ചു് അയാൾ അവിടെ നിന്നു പുറപ്പെട്ടു.

ബാലൻ കാശിയിൽചെന്നു മാങ്ങ വിററു വലിയ ധനികനായി അങ്ങനെ ഇരിക്കെ ഒരുദിവസം കൊട്ടാരം തോട്ടക്കാരൻ ഒരു മാമ്പഴം ബ്രഹ്മദത്തനു കാഴ്ചവെച്ചു.

അതിൻെറ സ്വാദ് അനുഭവിച്ച രാജാവ്, ദിവസവും മാമ്പഴം കൊടുക്കുവാൻ കുമാരനെ ചുമതലപ്പെടുത്തി. അതനുസരിച്ച് അയാൾ മാങ്ങ കൊടുത്തുപോരുകയും ചെയ്തു.

എങ്ങനെയാണ് എല്ലാകാലത്തും മാമ്പഴം കിട്ടുന്നത് എന്ന് ഒരിക്കൽ രാജാവു ബാലനോടു ചോദിച്ചു. അത് ഒരു മന്ത്രത്തിൻെറ ശക്തികൊണ്ടാണെന്നു അയാൾ മറുപടി പറഞ്ഞു. ആ വിദ്യ കാണണം എന്നു രാജാവ് ആവശ്യപ്പെട്ടു. അതിൻപ്രകാരം രാജാവിൻെറ തോട്ടത്തിലെ മാവിന്മേൽ മന്ത്രം പ്രയോഗിച്ചുകാണിച്ചുകൊടുത്തു. രാജാവിന്ന് അത്യധികമായ ആശ്ചര്യം തോന്നി. ആരാണു ഗുരു എന്നായി അടുത്ത ചോദ്യം. യുവാവു കുഴങ്ങി. എങ്ങനെ സത്യം പറയും? സത്യം അറിഞ്ഞാൽ രാജാവ് എന്തു വിചാരിക്കും? അസത്യം പറഞ്ഞാൽ ഗുരു എങ്ങനെ അറിയും? ഇങ്ങനെ പല ചിന്തകൾ അയാളുടെ മനസ്സിൽ പൊങ്ങി. തൻെറ ഗുരു ഒരു മഹാബ്രാഹ്മണനാണ് എന്ന് അറിയിച്ചു. ആ നിമിഷത്തിൽ മന്ത്രശക്തി അയാൾക്കു നഷ്ടപ്പെട്ടു. അയാൾ അതു് അറിഞ്ഞില്ല. മാമ്പഴത്തിൻെറ കാലമായിരുന്നതുകൊണ്ടു മന്ത്രശക്തി ഉപയോഗിക്കേണ്ട ആവശ്യം അടുത്ത ദിവസങ്ങളിൻ ഒന്നും ഉണ്ടായില്ല.

കുറച്ചുദിവസം കഴിഞ്ഞപ്പോൾ രാജാവിനു വീണ്ടും ആ വിദ്യ കാണണം എന്നു തോന്നി. യുവാവിനെ വരുത്തി. അയാൾ മന്ത്രം ജപിച്ചു; വെള്ളം തളിച്ചു; എന്നാൽ മാവിന്ന് ഒരു വ്യത്യാസവും ഉണ്ടായില്ല. രാജാവിനു ദേഷ്യം വന്നു. ഉടനെ രാജ്യം വിടാൻ അയാളോട് ആജ്ഞാപിച്ചു.

ഗുരുവിൻെറ കാൽക്കൽ വീണു മാപ്പിരക്കുകയല്ലാതെ ഗത്യന്തരമില്ലെന്നു മനസ്സിലാക്കിയ ബ്രാഹ്മണകുമാരൻ ചണ്ഡാലന്മാരുടെ ഗ്രാമത്തിലേക്കു പുറപ്പെട്ടു.

താപസൻ യുവാവിനെ ദൂരെനിന്നുതന്നെ കണ്ടു. "അതാ, ആ നീചൻ വരുന്നു. അവൻെറ മന്ത്രശക്തിയെല്ലാം നശിപ്പിച്ചിരിക്കുന്നു." എന്നു ഭാര്യയോടുപറഞ്ഞു.

കുമാരൻ താപസൻെറ അടുത്തുവന്നു കാല്ക്കൽ ഇരുന്നു. എന്തിനാണു വന്നതു്, എന്നു താപസൻ ചോദിച്ചു. "ഗുരോ, ഞാൻ അസത്യം പറഞ്ഞു. അങ്ങാണ് എൻെറ ഗുരുനാഥൻ എന്നു പറയുവാൻ മടിച്ചു; ഞാൻ കളവു പറഞ്ഞുപോയി. എന്നിൽ കരുണതോന്നി വീണ്ടും ആ മന്ത്രം ഉപദേശിച്ചുതരണം" എന്നു് അപേക്ഷിച്ചു.

"ഇല്ല. നീ നീചനാണു്. വിശിഷ്ടമന്ത്രം ാാിക്കാൻ നീ അർഹനല്ല. ഇവിടെനിന്നു വേഗം പൊയ്ക്കോ. നിൻെറ മുഖം എനിക്കു് ഇനി കാണണ്ടാ" എന്നു് ദേഷ്യത്തോടുകൂടി താപസൻ പറഞ്ഞു.

യുവാവു് വളരെ ദുഃഖിച്ചു. ഇനി അവിടെനിന്നിട്ടു യാതൊരു പ്രയോജനവും ഇല്ലെന്നു മനസ്സിലാക്കി അയാൾ കാട്ടിലേക്കു പോയി.

## അഭ്യാസം

വിശ്രുതൻ; ചണ്ഡാലൻ; കീർത്തി; അത്യധികം.

1. കഥ ചുരുക്കി ബ്രാഹ്മണബാലൻ പറയുന്ന മാതിരി എഴുതുക.
2. ഗുരുനിന്ദകൊണ്ടുണ്ടായ ദോഷം എന്തു്?
3. താപസൻെറ മന്ത്രശക്തി എന്തായിരുന്നു?
4. സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക:—

   മനസ്സലിഞ്ഞു; ചുമതലപ്പെടുത്തി.

   രണ്ടാം ഖണ്ഡികയിലെ ക്രിയകളുടെ മററു കാലങ്ങൾ പറയുക.

———

പാഠം 15

# ദീപാവലി

ഭാരതത്തിലെ പ്രധാനപ്പെട്ട ആഘോഷങ്ങളിൽ ഒന്നാണു ദീപാവലി. 'ദീപാവലി' എന്ന പദത്തിനു വിളക്കുകളുടെ നിര, അല്ലെങ്കിൽ കൂട്ടം എന്നാണ് അർത്ഥം. ദീപാവലിദിവസം സന്ധ്യയ്ക്കു വീടുകളിൽ ധാരാളം ചെറിയ വിളക്കുകൾ നിരത്തിവെയ്ക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ ?

തുലാമാസത്തിലാണു ദീപാവലി ആഘോഷിക്കുന്നതു്. ആ മാസത്തിലെ കറുത്തവാവിനു മുമ്പുള്ള രണ്ടു ദിവസങ്ങളും, വാവും, അടുത്ത ദിവസവുമാണു പ്രധാനം. തെക്കേ ഇന്ത്യക്കാർ ആദ്യത്തെ രണ്ടു ദിവസവും വടക്കേ ഇന്ത്യക്കാർ ഒടുവിലത്തെ രണ്ടു ദിവസവും ആഘോഷിക്കുന്നു. ഈ വാവിനു മുമ്പേ വരുന്ന ദിവസത്തിനു 'നരകചതുർദ്ദശി' എന്നും പേരുണ്ടു്.

ദീപാവലിയെക്കുറിച്ചു പല ഐതിഹ്യങ്ങളും ഉണ്ടു്. നരകൻ എന്നൊരു അസുരരാജാവിനെ ശ്രീകൃഷ്ണൻ തോല്പിച്ചു. കൊല്ലംതോറും തൻെറ മരണദിവസത്തെ ജനങ്ങൾ കൊണ്ടാടണം എന്നായിരുന്നു അവൻെറ ഒടുവിലത്തെ അപേക്ഷ. അതാണുപോൽ ദീപാവലി.

വേറെയും ചില ഐതിഹ്യങ്ങൾ കേട്ടിട്ടുണ്ടു്. രാവണനെ വധിച്ചശേഷം ശ്രീരാമൻ അയോദ്ധ്യയിലേക്കു മടങ്ങി. അദ്ദേഹത്തെ സ്വീകരിക്കുവാൻ നഗരനിവാസികൾ ദീപങ്ങൾ കൊളുത്തി ആഘോഷിച്ചതാണത്രെ ദീപാവലി.

ജൈനമതം പ്രചരിപ്പിച്ച വർദ്ധമാനമഹാവീരൻ നിർവ്വാണം പ്രാപിച്ച ദിവസം ജ്ഞാനദീപം പൊലിഞ്ഞു. അതിനു പകരം ദീപങ്ങൾ കത്തിച്ചുവെച്ചു. അതിനെ ത്തുടർന്നാണു ദീപാവലി ആഘോഷിക്കുവാൻ തുടങ്ങിയതു് എന്നു ജൈനർ വിശ്വസിക്കുന്നു.

ഇന്ത്യയുടെ തെക്കും വടക്കും ഉള്ളവർ ഈ മഹോത്സവം ആഘോഷിക്കുന്ന സമ്പ്രദായത്തിലും ചില വ്യത്യാസങ്ങൾ ഉണ്ടു്.

സൂര്യോദയത്തിനുമുമ്പു് 'ഗംഗാസ്നാനം' നടത്തണം. ഗംഗയിൽ പോയി കുളിക്കണം എന്നല്ല ഇതുകൊണ്ടു സൂചിപ്പിക്കുന്നതു്. അതിരാവിലെ എഴുന്നേററു വിളക്കു കത്തിച്ചു മഹാലക്ഷ്മിയെ ധ്യാനിക്കണം. എണ്ണ, പഴം, താംബൂലം, പലഹാരം എന്നിവ ലക്ഷ്മീനാരായണനു നിവേദിക്കും. അതിനുശേഷം ലക്ഷ്മീകടാക്ഷത്തിനു വെററില മുറുക്കും. പിന്നീടു തലയിൽ എണ്ണതേയ്ക്കണം. ഈ എണ്ണയിൽ മഹാലക്ഷ്മീസാന്നിദ്ധ്യം ഉണ്ടെന്നാണു സങ്കല്പം. ഈ സ്നാനം ഗംഗാജലത്തിൽ കുളിക്കുന്നതിനു തുല്യമാണത്രെ. അതുകൊണ്ടാണു് ഇതിനു ഗംഗാസ്നാനം എന്നു പേർ വന്നതു്. കുളിക്കുവാൻ ഉപയോഗിക്കുന്ന വെള്ളത്തിൽ ഗംഗാജലം തളിക്കുന്നവരും ഉണ്ടു്. കുളി കഴിഞ്ഞു പുതുവസ്ത്രം ധരിക്കും. എല്ലാവർക്കും പുതുവസ്ത്രം സമ്മാനിക്കും. അന്നേദിവസം എരിവു്, പുളി, മധുരം തുടങ്ങിയ ആറു രസം കലർന്ന ഭക്ഷണപദാർത്ഥങ്ങൾ ഉണ്ടാക്കണം. അതിനു 'ഷഡ്‌രസാന്നങ്ങൾ' എന്നു പറയും. പലഹാരം ബന്ധുമിത്രാദികളുടെ വീടുകളിലേക്കു കൊടുത്തയയ്ക്കുകയും അവരെ നേരിട്ടുചെന്നു സന്ദർശിക്കുകയും ചെയ്യും.

ഗുജറാത്തികൾ, മാർവാഡികൾ തുടങ്ങിയ ഉത്തരേന്ത്യക്കാരുടെ ആഘോഷസമ്പ്രദായം വേറൊരു വിധമാണു്. കറുത്തവാവുദിവസം വൈകുന്നേരം കച്ചവടക്കാർ ശാരദാപൂജ നടത്തുന്നു. കണക്കുപുസ്തകങ്ങൾ പൂജിക്കുകയാണു ചെയ്യുന്നതു്. പഴയ കണക്കുകൾ തീർത്തു പുതിയ കണക്കു് എഴുതുവാൻ തുടങ്ങുന്നു. കണക്കുപുസ്തകത്തിൽ ഏഴോ ഒമ്പതോ പ്രാവശ്യം "ശ്രീ" എന്നെഴുതി ഒരു ത്രികോണരൂപം ഉണ്ടാക്കും. ഭാഗ്യമുള്ള നാണ്യം വച്ചു് ലക്ഷ്മീപൂജ നടത്തും. വീടു് ദീപങ്ങളെക്കൊണ്ടു് അലങ്കരിക്കും. രാത്രിയിൽ കുബേരനെ പൂജിക്കുന്ന സമ്പ്രദായവും ഉണ്ടു്. ആ രാത്രി ചതുരംഗം കളിക്കുന്ന പതിവും ചില ദിക്കിൽ

കാണാം. അന്നു ജയിക്കുന്നവക്ക് ആ കൊല്ലം മുഴുവൻ ജയം സിദ്ധിക്കും എന്നാണു വിശ്വാസം. സ്ത്രീകൾ പാതിരാസമയത്തു മുറത്തിന്മേൽ തല്ലി ശബ്ദമുണ്ടാക്കും. 'ജ്യേഷ്ഠ'യെ അടിച്ചോടിക്കുന്നുവെന്നാണു സങ്കല്പം. പുതുവസ്ത്രം, പല വിധത്തിലുള്ള പലഹാരങ്ങൾ എന്നിവയും ഒഴിച്ചുകൂടാത്ത ഇനങ്ങളാണു്. ചുരുക്കിപ്പറഞ്ഞാൽ എല്ലാവരും സന്തോഷിക്കുന്ന കാലമാണു് ദീപാവലി.

## അഭ്യാസം

ഐതിഹ്യം; നിർവ്വാണം; ജ്ഞാനദീപം; ഷഡ്രസാന്നം; ആഘോഷസമ്പ്രദായം.

1. ദീപാവലിയാഘോഷത്തെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ എന്തെല്ലാം? (ചുരുക്കിയെഴുതുക.)
2. ഉത്തരേന്ത്യക്കാർ ആഘോഷിക്കുന്ന സമ്പ്രദായം എന്തു്?
3. തെക്കേ ഇന്ത്യയിൽ ദീപാവലി ആഘോഷിക്കുന്ന രീതി വിവരിക്കുക.
4. ചെറുകുറിപ്പു് എഴുതുക:—

   ഗംഗാസ്നാനം; ഷഡ്രസാന്നം.
5. താഴെക്കൊടുത്തിരിക്കുന്ന പദങ്ങളുടെ നാമരൂപം പറയുക:—

   ആഘോഷിക്കുക; തോല്പിക്കുക; പ്രചരിപ്പിക്കുക; വിശ്വസിക്കുക; സന്ദർശിക്കുക.

# പാഠം 16

## ദുർജ്ജനം

കണ്ണാടി കാണ്മോളവും തന്നുടെ മുഖമേററം
നന്നെന്നു നിരൂപിക്കുമെത്രയും വിരൂപന്മാർ;
മററുള്ള ജനങ്ങൾക്കു കുററങ്ങൾ പറഞ്ഞീടും
മുററും തന്നുടെ കുററമൊന്നറികയുമില്ല.
കുററമില്ലാതെ ജനം കുററമുള്ളവരേയും
ചെററ നിന്ദിക്കയില്ല നമ്മുടെ ഗുണങ്ങളാൽ.
മത്തേഭൻ പാംസുസ്നാനം കൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേ കുളിച്ചാലും!
സജ്ജനനിന്ദകൊണ്ടേ ദുർജ്ജനം സന്തോഷിപ്പൂ
സജ്ജനത്തിനു നിന്ദയില്ല ദുർജ്ജനത്തേയും.
ക്ഷീരമാംസാദി ഭുജിച്ചീടിലുമമേദ്ധ്യത്തെ-
പ്പാരാതെ ഭുജിക്കണം സാരമേയങ്ങൾക്കെല്ലാം.
സത്യധർമ്മാദി വെടിഞ്ഞീടിന പുരുഷനെ
ക്രുദ്ധനാം സർപ്പത്തേക്കാളേററവും പേടിക്കേണം.

ഭാരതം] [എഴുത്തച്ഛൻ.

### അഭ്യാസം

1. ശകുന്തളോപാഖ്യാനത്തിലെ കഥ ചുരുക്കി എഴുതുക.
2. സജ്ജനങ്ങളും ദുർജ്ജനങ്ങളും തമ്മിൽ ഉള്ള വ്യത്യാസമെന്തു്?
3. പിരിച്ചെഴുതുക:—
   മുഖമേററം; അറികയുമില്ല; കൊണ്ടല്ലോ.
4. മൂന്നു പര്യായം പറയുക:—
   കണ്ണാടി; ആന; പാൽ; നായ്.
5. ചേർത്തെഴുതുക:—
   സത് + ജനം; സർപ്പത്തേക്കാൾ + ഏററം.

## പാഠം 17

# ഝാൻസി റാണി

ഒരു കാലത്തു നമ്മുടെ ഇന്ത്യ ബ്രിട്ടീഷുകാരുടെ അധീനതയിൽ ആയിരുന്നു. പലരും അന്നു് ഇന്ത്യയെ മോചിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ടു്. ജന്മഭൂമിയുടെ സ്വാതന്ത്ര്യം വീണ്ടെടുക്കുവാൻ വേണ്ടി പരിശ്രമിച്ചു നമ്മുടെ അകമഴിഞ്ഞ ആദരവിനു പാത്രീഭവിച്ച ഒരു ധീര വനിതയാണു ഝാൻസി റാണി. അവരുടെ ബാല്യകാലത്തെ പേർ മനുഭായി എന്നായിരുന്നു. അക്ഷരാഭ്യാസത്തിനു പുറമേ ആയുധവിദ്യയും മനുഭായി ബാല്യത്തിൽത്തന്നെ ശീലിച്ചു. കുതിരസവാരിയിലും വാൾപ്പയറ്റിലും അവർ നൈപുണ്യം നേടി. ഇതോടൊപ്പം വന്യം, വാശിയും, വാക്സാമർത്ഥ്യവും വളർന്നു വന്നു. ഭയം എന്തെന്നുപോലും അവർ അറിഞ്ഞിരുന്നില്ല. ശിവജി മുതലായ ധീരനേതാക്കന്മാരുടെ കഥകളാണു് ആ കുമാരി കേട്ടു ശീലിച്ചതു്. അതുകൊണ്ടു് ആത്മാഭിമാനവും സ്വദേശസ്നേഹവും ബാല്യത്തിൽത്തന്നെ അവരിൽ വേരൂന്നി

നല്ലൊരു പാരമ്പര്യത്തിൽ ജനിച്ചുവളർന്ന ആ ബാലിക ഝാൻസിയിലെ റാണിയായിത്തീർന്നതു് ഒരു യാദൃച്ഛികസംഭവമാണു്. ഗംഗാധരറാവുവായിരുന്നു അന്നത്തെ ഝാൻസി രാജാവു്. അദ്ദേഹത്തിൻെറ പത്നി മരിച്ചു. അവർക്കു പുത്രന്മാരുണ്ടായിരുന്നില്ലതാനും! എന്തു ചെയ്യും? രാജാവു മരിച്ചാൽ രാജ്യം അന്യാധീനപ്പെട്ടു പോകും. അതു കൂടാതെ കഴിക്കുവാൻ വേണ്ടി ഗംഗാധര റാവു മനുഭായിയെ വിവാഹം ചെയ്തു. അന്നു മുതൽ അവരുടെ പേർ ലക്ഷ്മീഭായി എന്നു മാറി.

ആഗ്രഹിച്ചപോലെ ലക്ഷ്മീഭായി ഒരു പുത്രനെ പ്രസവിച്ചു. എന്നാൽ മൂന്നുമാസം കഴിഞ്ഞപ്പോൾ ആ രാജകുമാരൻ മരിച്ചു. നിരാശനായ രാജാവു പിന്നെ ഒരു കുട്ടിയെ ദത്തെടുത്തു. ഏതാനും നാൾ കഴിഞ്ഞപ്പോൾ രാജാവും മരിച്ചു. പതിനെട്ടു വയസ്സുമാത്രം പ്രായമായ ലക്ഷ്മീഭായിക്കു് അന്നു മുതൽ ഝാൻസിരാജ്യത്തിൻെറ ഭരണഭാരം വഹിക്കേണ്ടിവന്നു. അങ്ങനെ ലക്ഷ്മീഭായി ഝാൻസിറാണി എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി.

ഇന്ത്യാചരിത്രത്തിൽ വളരെ വിഷമംപിടിച്ച ഒരു ഘട്ടമായിരുന്നു അതു്. കച്ചവടത്തിനു് എന്നു പറഞ്ഞു വന്നു് ഈ രാജ്യമാസകലം ബ്രിട്ടീഷുകാർ പിടിച്ചടക്കിക്കഴിഞ്ഞിരുന്നു. നമുക്കു രുചിക്കാത്ത പല നിയമങ്ങളും അവർ നടപ്പാക്കി. ഇന്ത്യയിൽ എല്ലാ സ്ഥലത്തും ജനങ്ങൾക്കു് അവരോടു് കടുത്ത വെറുപ്പു തോന്നി. പക്ഷെ വെറുത്തതുകൊണ്ടു മാത്രം എന്തു സാധിക്കും? അവരോടു പൊരുതി ജയിക്കുക എളുപ്പമല്ലായിരുന്നു. ആർക്കും ഒരു മുന്നറിയിപ്പും കൊടുക്കാതെ പെട്ടെന്നു് ഒരു ദിവസം യുദ്ധത്തിനു പുറപ്പെടാൻ സാധിക്കുമോ? എന്തെല്ലാം ഒരുക്കണം? എത്ര പണം വേണം? ആയുധങ്ങളെവിടെ? പട്ടാളക്കാരെവിടെ? എല്ലാം ബ്രിട്ടീഷുകാരുടെ അധീനതയിലായിരുന്നു. ഝാൻസിയെപ്പോലെ അപൂർവ്വം ചില നാട്ടുരാജ്യങ്ങൾ മാത്രമേ ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിൽപ്പെടാതെ ഉണ്ടായിരുന്നുള്ളൂ. അത്തരം നാട്ടുരാജ്യങ്ങൾ ഓരോന്നായി കൈവശമാക്കാൻ തക്കം നോക്കിക്കൊണ്ടിരിക്കയായിരുന്നു ബ്രിട്ടീഷുകാർ.

ഗംഗാധരറാവുവിൻെറ മരണം ബ്രിട്ടീഷുകാരുടെ ആ ഉദ്ദേശ്യത്തിനു സഹായകമായി. രാജ്യാവകാശിയായി ഒരു കുട്ടിയെ ദത്തെടുത്തതു് അവർ സമ്മതിച്ചില്ല. രാജ്യം തങ്ങളുടെ കീഴിലാണെന്നു ബ്രിട്ടീഷുകാർ വിളംബരം ചെയ്തു. പക്ഷെ ബാല്യം മുതല്ക്കേ സ്വരാജ്യാഭിമാനവും സ്വാതന്ത്ര്യബോധവും ശീലിച്ച റാണിക്കുണ്ടോ ഇതു് അനുസരിക്കാൻ സാധിക്കുന്നു?

ഝാൻസി റാണിക്കു് അനുകൂലമായ ഒരു സംഭവവും ഈ അവസരത്തിൽ ഉണ്ടായി. ബ്രിട്ടീഷുകാരുടെ കീഴിൽ ജോലിചെയ്തിരുന്ന ഇന്ത്യൻ പട്ടാളക്കാർ പല കാരണങ്ങളാലും ക്ഷോഭിച്ചിരിക്കയായിരുന്നു. ഒരു ദിവസം ഇന്ത്യയിൽ പല സ്ഥലത്തും പട്ടാളക്കാർ വിപ്ലവമുണ്ടാക്കി. ഝാൻസി റാണിയുടെ ദേശാഭിമാനവും ധീരതയും വെളിപ്പെടാൻ ഇതു് ഒരു അവസരമായി.

വിപ്ലവകാരികളിൽ ഒരു വിഭാഗത്തിൻെറ നേതൃത്വം റാണി കയ്യേററു. ഇരു കൂട്ടർക്കും ഇതു് ആശ്വാസമായി. അങ്ങനെ ഝാൻസി റാണി ബ്രിട്ടീഷുകാരുമായി പോർക്കളത്തിൽ ഏററുമുട്ടി, ധീരതയോടെ പടവെട്ടി. ബ്രിട്ടീഷുകാർ തോററു. ഝാൻസിയിലെ പതാക തന്നെ വീണ്ടും അവിടെ പറക്കാൻ തുടങ്ങി.

ഇതിനിടയ്ക്കു പല സ്ഥലത്തേയും വിപ്ലവം ബ്രിട്ടീഷുകാർ അടിച്ചമർത്തി. ഒരു സ്ത്രീയോടു മാത്രം തോററു എന്നു വന്നാൽ അപമാനമല്ലേ? അതുകൊണ്ടു് എന്തുതന്നെ നഷ്ടപ്പെട്ടാലും റാണിയെ തോല്പിച്ചേ അടങ്ങു എന്നായി ബ്രിട്ടീഷുകാർ. ഈ ദൃഢനിശ്ചയത്തോടെ വലിയ പടയൊരുക്കി അവർ വീണ്ടും ഝാൻസി ആക്രമിച്ചു. റാണി വളരെ വാശിയോടെ പൊരുതി. പക്ഷെ എന്തു ഫലം? ബ്രിട്ടീഷ് പട്ടാളം തുരുതുരെ ഉള്ളിൽ കയറി. ഗത്യന്തരമില്ലാതെ റാണി ഗ്വാളിയറിലേക്കു കടന്നു.

എന്തിനാണു റാണി ഗ്വാളിയറിൽ ചെന്നതു്? എല്ലാ കഴിവുകളും സംഭരിച്ചു് ഒന്നു കൂടി ശ്രമിക്കുന്നതിനായിരുന്നു അവരുടെ പുറപ്പാടു്. തൻെറ പരിചാരിക

മാൎക്കും ഇതിനിടയിൽ റാണി യുദ്ധപരിശീലനം നൽകിയിരുന്നു. ഇത്തവണ അവർ നേരിട്ടു നിന്നതന്നെ പൊരുതി. അതുപോലെ തന്നെ മററു സ്ത്രീകളും പടക്കളത്തിലിറങ്ങി. എല്ലാരും വളരെ വീറോടെ പടവെട്ടി. എന്നാൽ ബ്രിട്ടീഷ് പട്ടാളത്തോട് കിടപിടിക്കത്തക്ക സംഖ്യാബലമുണ്ടോ ഒരു ചെറിയ നാട്ടുരാജ്യത്തിനു കിട്ടുന്നു! ആ വീരവനിത പരുക്കേററു നിലംപതിച്ചു. അവസാനനിമിഷംവരെ യുദ്ധംചെയ്ത് അവർ വീരസ്വർഗ്ഗം പ്രാപിച്ചു. സ്വാതന്ത്ര്യഭാരതം ഒരിക്കലും ആ ധീരവനിതയെ മറക്കുകയില്ല.

## അഭ്യാസം

അധീനത; പാത്രീഭവിക്കുക; യാദൃശ്ചിക സംഭവം; ഒത്തൊരുക്കുക; ആസകലം; ഗത്യന്തരമില്ല; സഹായകം; ക്ഷോഭിച്ചു; വിപ്ലവം; ദേശാഭിമാനം.

1. ഝാൻസി റാണിയിൽ കണ്ടിരുന്ന സ്വഭാവവിശേഷങ്ങൾ എന്തെല്ലാം ?
2. മനുഭായി ഝാൻസി റാണി ആയതെങ്ങനെ ?
3. സ്വാതന്ത്ര്യ ഭാരതം റാണി ലക്ഷ്മീഭായിയെ എന്നും സ്മരിക്കുവാൻ കാരണം എന്ത് ?
4. വിപരീതലിംഗം എഴുതുക:—

   രാജ്ഞി; പരിചാരിക; സ്നുഷ; പുത്രൻ; പിതാവ്; ചക്രവർത്തി; കുമാരി; പൂവൻ.

പാഠം 18

## ഗുണവതിയായ ബാലിക

ഒരിക്കൽ ശ്രാവസ്തി നഗരത്തിൽ അതികഠിനമായ ക്ഷാമം ഉണ്ടായി. ഉടുതുണിയില്ല; ഭക്ഷണമില്ല; കുടിക്കാൻ ജലംപോലും ഇല്ല. ഈ അവസരത്തിൽ ബുദ്ധദേവൻ അവിടെ ചെന്നുചേൎന്നു. അദ്ദേഹം നഗരത്തിലെ പ്രമാണികളെ വിളിച്ചുവരുത്തി. ക്ഷാമനിവാരണത്തിനായി അവരിൽ ഓരോരുത്തരും കഴിയുന്നതു പ്രവൎത്തിക്കണം എന്നു് ആവശ്യപ്പെട്ടു

ആ പട്ടണത്തിലെ വലിയ ഒരു വ്യാപാരിയായിരുന്നു രത്നാകരൻ. അദ്ദേഹത്തോടു ഭഗവാൻ ചോദിച്ചു: "രത്നാകരാ, പുണ്യകൎമ്മങ്ങൾ ചെയ്യാൻ ഇതാ നല്ല ഒരു അവസരം. ക്ഷാമംകൊണ്ടു് ദുരിതം അനുഭവിക്കുന്നവരെ നീ സഹായിക്കണം."

രത്നാകരൻ:—ഭഗവാനേ, ഞാനൊരാൾ തനിച്ചു് ഈ സാധുക്കളെയെല്ലാം എങ്ങനെ തീററിപ്പോററും? അതിനുള്ള കഴിവു് എനിക്കില്ലല്ലോ! എടുത്താൽ തീരാത്ത മുതൽ എൻെറ കൈവശം ഇല്ല. വളരെ കഷ്ടപ്പെട്ടു കുറച്ചു ധനം സമ്പാദിച്ചിട്ടുണ്ടു്. എനിക്കു് എട്ടുപത്തു കുട്ടികളുമുണ്ടു്. നാടു മുഴുവൻ സംരക്ഷിക്കാൻ പുറപ്പെട്ടാൽ അവരുടെ ഗതിയെന്താവും?

ബുദ്ധൻ:—ശരി. മററാരെങ്കിലും ഉണ്ടാകുമോ എന്നു നോക്കട്ടെ. ജയസേനാ, ഈ അഗതികളെ സഹായിക്കാൻ നിനക്കു സാധിക്കുമോ?

ജയസേനൻ:—ദേവാ, ഞാനെന്തു പറയാനാണു്? എൻെറ പക്കൽ അത്രമാത്രം പണം ഇല്ലല്ലോ.

ബുദ്ധൻ:—കൊള്ളാം. ധൎമ്മപാലാ, നീ എന്തു പറയുന്നു?

ധർമ്മപാലൻ:—സ്വാമിൻ, വിളവു് മുഴുവൻ നശിച്ചു വിഷമിക്കയാണു ഞാൻ. ഈ കാര്യത്തെക്കുറിച്ചു് ആലോചിക്കാൻപോലും ഇപ്പോഠം സാദ്ധ്യമല്ല. വീടു നന്നാക്കിയിട്ടു വേണ്ടേ നാടു നന്നാക്കാൻ ?

ധനികന്മാർ ഓരോരുത്തരും ഇങ്ങനെ പറഞ്ഞൊഴിഞ്ഞു. ദരിദ്രരെ സഹായിക്കാൻ ആരും സന്നദ്ധരായില്ല. എന്നു മാത്രമല്ല ഭഗവാൻെറ അപേക്ഷ ബുദ്ധിമുട്ടായും തോന്നി.

മനുഷ്യൎക്ക ദയ ഇല്ലാതായിപ്പോയല്ലോ എന്നു് ഓർത്തു ബുദ്ധദേവൻ വ്യസനിച്ചു. അപ്പോഠം ജനക്കൂട്ടത്തിൽ നിന്നു് ഒരു ശബ്ദം ഉയന്നു: "ഭഗവാനേ, അവിടത്തെ അനുഗ്രഹമുണ്ടെങ്കിൽ ദരിദ്രരായ ഈ നഗരവാസികഠംക്കു് അടിയൻ ഭക്ഷണം കൊടുത്തുകൊള്ളാം."

എല്ലാവരുടേയും കണ്ണുകഠം ശബ്ദം പുറപ്പെട്ട സ്ഥലത്തേക്കു് തിരിഞ്ഞു. അവിടെ ഒരു ദരിദ്രബാലിക നില്ക്കുന്നുണ്ടായിരുന്നു. പതിന്നാലു വയസ്സുപോലും തികയാത്ത 'സുപ്രിയ' എന്ന പെൺകുട്ടി ഭഗവാൻെറ സന്നിധിയിൽ എത്തി. ബുദ്ധൻ കരുണയോടുകൂടി ആ ബാലികയെ അനുഗ്രഹിച്ചു.

ബുദ്ധൻ:—സുപ്രിയേ, നീ എന്താണു പറഞ്ഞതു് ? ഇത്രയധികം ജനങ്ങഠംക്കു ഭക്ഷണം കൊടുക്കുവാൻ നിന്നാൽ സാദ്ധ്യമാണോ ? നിനക്കു ഭ്രാന്തുണ്ടോ ? നീ കാര്യം മനസ്സിലാക്കാതെയാണു പറഞ്ഞതു്.

സുപ്രിയ:—അവിടുന്നു അരുളിച്ചെയ്തതു വാസ്തവം തന്നെ. ഞാൻ മഹാ ദരിദ്രയാണു്. എന്നാൽ അടിയൻെറ സമ്പത്തു് ഒരിക്കലും ക്ഷയിക്കാത്തതാണു്. വെളുത്താൽ ഇരുട്ടുന്നതുവരെ ഓരോ ധനവാൻേറയും പടിക്കൽ അടിയൻ എത്തും. കിട്ടുന്നതു മുഴുവൻ ഈ ദരിദ്രൎക്കായി ചെലവഴിക്കും. ഇത്രയ്ക്കു ക്ഷയിക്കാത്ത ഒരു വരുമാനം ആൎക്കാണുള്ളതു് ? ജയപാലൻ തുടങ്ങിയവരെല്ലാം അടിയനെ സഹായിക്കും എന്നാണു് അടിയൻെറ വിശ്വാസം. ഈ കൃത്യം സഫലമാവാൻ അവിടുന്നു് അടിയനെ അനുഗ്രഹിക്കണം.

ഈ വാക്കുകൾ കേട്ട ബുദ്ധൻ ആനന്ദത്തിൽ മുഴുകി അല്പം സമയം നിന്നിട്ട് ഇപ്രകാരം അരുളിച്ചെയ്തു:— "ഓമനേ, നീ അനുഗൃഹീതയാണ്. ഈ നാട്ടിലെ സുകൃതം മുഴുവൻ നശിച്ചിട്ടില്ല. പാറയിടുക്കിലെ നീരുറവാണു നീ. മരുഭൂമിയിലെ മലർവാടിയാണു നീ."

ശ്രാവസ്തിയിലെ ധനികന്മാർ ലജ്ജിച്ചു തലതാഴ്ത്തി. അവിടെ കൂടിയിരുന്നവർ പറഞ്ഞു:—"സുപ്രിയ നമ്മെ രക്ഷിച്ചു. ഈ നഗരത്തിലെ കെടാവിളക്കാണ് അവൾ."

## അഭ്യാസം

ക്ഷാമനിവാരണം; പുണ്യകർമ്മം; സന്നദ്ധർ; സന്നിധി; അനുഗൃഹീത; സുകൃതം; മലർവാടി.

1. ധനികന്മാർ ദരിദ്രരെ സഹായിപ്പാൻ സാധിക്കയില്ലെന്നു പറയുവാൻ പുറപ്പെടുവിച്ച കാരണങ്ങൾ ഏവ?
2. സഹായത്തിന് എത്തിയത് ആർ? എങ്ങനെയാണു സഹായിക്കുവാൻ നിശ്ചയിച്ചത്?
3. കേട്ടുനിന്നവർ എന്തു പറഞ്ഞു?
4. സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക:—
   സഫലമാവുക; കെടാവിളക്ക്; ലജ്ജിച്ചു തലതാഴ്ത്തി.

———

## പാഠം 19

# പർവ്വതം

പൊൽക്കിരീടം ധരിക്കുന്ന
ചക്രവർത്തിക്കു തുല്യമായ്
നില്ക്കുന്നു ചക്രവാളത്തിൽ
പൊക്കമേറുന്ന പർവ്വതം.

മിന്നലും മുകിലുംകൊണ്ടു
പൊന്നുടുപ്പണിയുന്നവൻ
മിന്നിടും മഴവില്ലാലേ
കിന്നരിത്തൊപ്പി ചാർത്തുവോൻ,

പച്ചിലക്കാടിനെപ്പുത്തൻ
മുത്തുക്കുടകളാക്കുവോൻ
പൂമരങ്ങളിലെമ്പാടും
ചാമരങ്ങൾ ചുഴറ്റുവോൻ,

അർക്കചന്ദ്രരുദിക്കുമ്പോ-
ളാലവട്ടം പിടിക്കുവോൻ
പുതുനക്ഷത്രലക്ഷത്താൽ
പുഷ്പവൃഷ്ടി നടത്തുവോൻ,

അകലത്തംബരക്കോണിൽ
തലചായിച്ചു നിർഭയം
പാരിലേക്കുറ്റുനോക്കുന്നു
പരിതൃപ്തൻ മഹാഗിരി

മലനാടിനെ രക്ഷിക്കാൻ
മാനംമുട്ടിയ കോട്ടപോൽ
നില്പൂ പശ്ചിമഘട്ടങ്ങൾ
നീലമേഘവിതാനമായ്!

[പാലാ നാരായണൻ നായർ.

### അഭ്യാസം

1. പർവ്വതം ചക്രവർത്തിക്കു തുല്യമാണു് എന്നു സ്ഥാപിക്കാൻ കവി ഉപയോഗിച്ച പദങ്ങളും വാക്യങ്ങളും തിരഞ്ഞെടുത്തു പറയുക.
2. പിരിച്ചെഴുതുക:—
**അംബരക്കോണു്; ഉറ്റുനോക്കുന്നു.**

## പാഠം 20

# ക്രിസ്തുമസ്സ്

സമാധാനത്തിൻെറ സന്ദേശവുമായിഎല്ലാക്കൊല്ലവും ക്രിസ്തുമസ്സ് നമ്മെ സമീപിക്കുന്നു. ആ ആഘോഷത്തിൻെറ ചരിത്രം എന്താണെന്നു നിങ്ങൾക്കറിയാമോ?

ബെത് ലഹം മലഞ്ചരിവുകൾ മഞ്ഞതണിഞ്ഞ ഡിസംബർമാസത്തിലെ ഒരു രാത്രി. അതികഠിനമായ തണുപ്പു സഹിച്ചുകൊണ്ടു് ഒരുക്കൂട്ടം ആട്ടിടയന്മാർ ഉറങ്ങിക്കിടന്നിരുന്നു നേരം അർദ്ധരാത്രിയായപ്പോൾ അവർ മനോഹരമായ ഒരു ഗാനം കേട്ടു. ദൈവദൂതന്മാർ സ്വർഗ്ഗീയഗീതം പാടിക്കൊണ്ടു് അവരെ സ്വാഗതംചെയ്തു: ''രക്ഷകൻപിറന്നു'' എന്ന സന്തോഷവാർത്ത അറിയിച്ചു. ദൈവദൂതന്മാർ നിർദ്ദേശിച്ച സ്ഥലത്തുചെന്നു് അവർ ഉണ്ണിയേശുവിനെ ആരാധിച്ചു. അങ്ങനെ അവർ ആദ്യത്തെ ക്രിസ്തുമസ്സിൽ പങ്കുകൊള്ളുകയും മംഗളം ആശംസിക്കുകയും ചെയ്തു. ക്രിസ്തുവിൻെറ ഈ അത്ഭുതമായ അവതാരത്തെയാണു ക്രിസ്തുമസ്സ് നമ്മെ അനുസ്മരിപ്പിക്കുന്നതു്.

പാപപരിഹാരം നൽകുന്നതിനു വേണ്ടിയാണു ദൈവം മനുഷ്യനായി അവതരിച്ചതു്. ഈ ജനനമാണു ക്രിസ്തുമസ്സാഘോഷങ്ങളുടെ മൂലകാരണം. ക്രിസ്തുമസ്സിനു മുമ്പുള്ള നാലാഴ്ചകൾക്കു് 'ആഗമനകാലം' എന്നാണു ക്രിസ്ത്യാനികൾ പറയുന്നതു്. ക്രിസ്തുവിൻെറ ജനനത്തിനു മുമ്പു പൂർവ്വപിതാക്കന്മാർ നാലായിരം വർഷം കാത്തിരുന്നു എന്നതിൻെം സ്മരണയാണിതു്. ക്രിസ്ത്യാനികളിൽ ചില വിഭാഗത്തിനു തപസ്സിൻെറ കാലമാണിതു്. ആദിമ ക്രിസ്ത്യാനികൾ ക്രിസ്തുമസ്സിനു മുമ്പുള്ള മൂന്നുദിവസം ഉപവസിച്ചിരുന്നു. ഇക്കാലത്തു് ഈ ഉപവാസം ക്രിസ്തുമസ്സിനു തൊട്ടുമുമ്പുള്ള വെള്ളിയാഴ്ച മാത്രമാണു ചിലർ അനുഷ്ഠിച്ചുവരുന്നതു്.

ഡിസംബർ ഇരുപത്തിനാലാം തീയതി അർദ്ധരാത്രി യിലാണ് ക്രിസ്തുമസ്സിൻെറ പ്രധാനമായ ചടങ്ങുകൾ. രാത്രി പന്ത്രണ്ടുമണിക്കു ക്രിസ്തുവിൻെറ ജനനം ആഘോഷിക്കുന്നു. ആ സമയം ജനങ്ങൾ ദേവാലയത്തിൽ തിങ്ങിക്കൂടും. മുൻകൂട്ടി തയ്യാർചെയ്തിട്ടുള്ള പുൽക്കൂട്ടിലേക്കു ഉണ്ണിയേശുവിൻെറ രൂപം ആഘോഷപൂർവ്വം വൈദികൻ എഴുന്നെള്ളിക്കും. അപ്പോൾ ദേവാലയത്തിലെ മണികൾ കൂട്ടമായി തുടരെത്തുടരെ മുഴങ്ങും. ഗായകസംഘം ശ്രുതിമധുരമായ ഗാനങ്ങൾ ആലപിക്കും.

അടുത്ത കർമ്മം വിശുദ്ധകുർബ്ബാനയുടെ സമർപ്പണമാണ്. ഉണ്ണിയേശുവിൻെറ രൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം, പ്രസംഗം എന്നിവയും ഉണ്ടാകാറുണ്ട്.

മാലാഖമാർ ക്രിസ്തുവിൻെറ ജനനത്തെ ആട്ടിടയന്മാരെ അറിയിച്ചതിൻെറ ഓർമ്മയ്ക്കായിട്ടാണ് 'ക്രിസ്തുമസ്സ് കരോൾ' നടത്താറുള്ളത്. ക്രിസ്തുമസ്സ് രാത്രിയിൽ ഗായകസംഘം വാദ്യഘോഷവും മുഴക്കി ഗാനം ആലപിച്ചുകൊണ്ട് ഓരോ വീട്ടിലും കയറിഇറങ്ങുന്നു. ഇവക്ക് സമ്മാനങ്ങൾ കൊടുക്കുന്ന പതിവുണ്ട്.

ക്രിസ്തുമസ്സ്ദിവസം പുൽക്കൂട് തയ്യാറാക്കുന്ന പതിവു പതിമൂന്നാം നൂററാണ്ടിലാണ് ആരംഭിച്ചത്. വിശുദ്ധ ഫ്രാൻസിസ് അസീസി തൻെറ സ്നേഹിതനായ ജോണിനോട് ഒരു പ്രത്യേകരീതിയിൽ ക്രിസ്തുമസ്സ് ആഘോഷിക്കണമെന്ന് ആവശ്യപ്പെട്ടു. ജോൺ ഒരു പുൽത്തൊട്ടി ഒരുക്കി. അതിൽ ഉണ്ണിയീശോവിൻേറയും മാതാപിതാക്കളുടേയും കന്നുകാലികളുടേയും രൂപങ്ങൾ നിരത്തിവെച്ചു. ജനങ്ങൾക്ക് ഇതു വളരെ ഇഷ്ടമായി. അവിടെവെച്ചു വിശുദ്ധകുർബ്ബാന അർപ്പിച്ചു. ആ പുൽക്കൂടാണ് ഇന്നത്തെ പുൽക്കൂടിൻെറ മുന്നോടി.

'ക്രിസ്തുമസ്സ് ട്രീ'യുടെ ഉത്ഭവം ജർമ്മനിയിലാണ്. ഫർ മരത്തിൻെറ കൊമ്പുകൾകൊണ്ടുള്ള 'റീത്ത്'കൾ എല്ലാ വീട്ടിലും തൂക്കിയിട്ടിരിക്കും. ഇതിൽ ആഗമന കാലത്തെ ഓരോ ഞായറാഴ്ചയും ഓരോ മെഴുകുതിരി ആഘോഷപൂർവ്വം കത്തിച്ചുവെയ്ക്കും. ഈ 'റീത്ത്'കളാണ് 'ക്രിസ്തുമസ്സ് ട്രീ യുടെ ആരംഭം കുറിച്ചത്

'സാന്താക്ലോസ്സ്'' വരുന്ന സമ്പ്രദായം ആരംഭിച്ചതും പാശ്ചാത്യരാജ്യങ്ങളിലാണ്. ക്രിസ്തുമസ്സ് ദിനത്തിൽ സ്നേഹിതന്മാരും ബന്ധുമിത്രാദികളും തമ്മിൽ സമ്മാനങ്ങളും മംഗളാശംസകളും കൈമാറുന്നു. ക്രിസ്തീയകുടുംബങ്ങളിലെ കുട്ടികളും മുതിർന്നവരും ആകാംക്ഷയോടെ കാത്തിരിക്കുന്ന ഒരു ഉത്സവമാണ് ക്രിസ്തുമസ്സ്.

## അഭ്യാസം

സ്വര്‍ഗ്ഗീയഗീതം; പാപപരിഹാരം; ആഗമനകാലം; ശ്രുതിമധുരം; സജ്ജമാക്കി; മാര്‍ഗ്ഗനിര്‍ദ്ദേശം.

1. ആഗമനകാലം എന്നാല്‍ എന്തു്?
2. ക്രിസ്മസ്സാഘോഷത്തിന്റെ ചടങ്ങുകള്‍ എന്തെല്ലാം?
3. ചെറുകുറിപ്പുകള്‍ എഴുതുക :—
   ക്രിസ്മസ്സു് കരോള്‍,
   ക്രിസ്മസ്സു് ട്രീ.
   പുല്‍ക്കൂടു്.
4. സ്വന്തംവാക്യത്തില്‍ പ്രയോഗിക്കുക :—
   അനുസ്മരിപ്പിക്കുക; മൂലകാരണം; മംഗളാശംസകള്‍.
5. രണ്ടാമത്തെ ഖണ്ഡികയിലെ പ്രധാന ആശയം ഒരു വാക്യത്തില്‍ ചുരുക്കി എഴുതുക.

## പാഠം 21

# വെനീസ്സിലെ കച്ചവടക്കാരൻ—I

ഇററലിയിലെ മനോഹരമായ ഒരു പട്ടണമാണു വെനീസ്സ്. വളരെക്കൊല്ലങ്ങൾക്കു മുമ്പ് അതു വലിയ ഒരു വ്യാപാരകേന്ദ്രമായിരുന്നു. ക്രിസ്ത്യാനികളും യഹൂദന്മാരുമാണ് പ്രധാനമായി അവിടെ നിവസിച്ചിരുന്നതു്. അവർ എപ്പോഴും കലഹിച്ചിരുന്നു.

ആ പട്ടണത്തിൽ അൻടോണിയോ എന്നും ബസ്സാനിയോ എന്നും രണ്ടു ചങ്ങാതിമാർ ഉണ്ടായിരുന്നു. അൻടോണിയോ ധനികനായ ഒരു കച്ചവടക്കാരനും ബസ്സാനിയോ ക്ഷയിച്ച ഒരു പ്രഭുവും. ബസ്സാനിയോ കൂടെക്കൂടെ അൻടോണിയോവിനോടു പണം കടം ചോദിക്കും; അൻടോണിയോ അതു കൊടുക്കുകയും ചെയ്യും. അങ്ങനെയിരിക്കെ ഒരു ദിവസം ബസ്സാനിയോ അൻടോണിയോവിനോടു കുറച്ചു പണം ആവശ്യപ്പെട്ടു. എന്തിനായിരുന്നു പണം ?

വെനീസ്സിനു സമീപം 'ബെൽമണ്ട്' എന്നൊരു പട്ടണമുണ്ട്. അവിടെ വളരെ ധനികയും സുന്ദരിയും ആയ ഒരു യുവതിയുണ്ടായിരുന്നു. പോർഷ്യ എന്നാണ് പേർ. ബസ്സാനിയോവിനു ആ ലാവണ്യവതിയായ യുവതിയെ വിവാഹം ചെയ്യണമെന്ന് അതിയായ ആഗ്രഹം ജനിച്ചു. അതിനുവേണ്ടി ബെൽമണ്ടിൽ പോകാനും മററും ആയിരുന്നു പണം.

അൻടോണിയോവിൻെറ കൈയിൽ തൽക്കാലം പണം ഉണ്ടായിരുന്നില്ല. കടം വാങ്ങിക്കൊടുക്കാം എന്ന് അയാൾ ഏററു. കച്ചവടക്കപ്പലുകൾ മടങ്ങിവരുമ്പോൾ തിരിച്ചുകൊടുക്കുകയും ചെയ്യാം. അങ്ങനെ അവർ പല കച്ചവടക്കാരെയും സമീപിച്ചു. ആരുടെ കൈയിലും രൊക്കം പണം ഉണ്ടായിരുന്നില്ല. ഒടുവിൽ അവർ ഷൈലോക്ക് എന്ന യഹൂദനെ ആശ്രയിക്കാൻ തീർച്ച

യാക്കി. പണത്തിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്തവനായിരുന്നു ഷൈലോക്ക്. വലിയ പലിശയ്ക്കു പണം കടം കൊടുത്ത് ആളുകളെ അയാൾ വല്ലാതെ ദ്രോഹിച്ചിരുന്നു. അയാൾക്ക് അൻടോണിയോവിനോടു കടുത്ത വിദ്വേഷമാണുണ്ടായിരുന്നതു്. കാരണം എന്താണെന്നോ? അൻടോണിയോ പലിശ വാങ്ങാതെ തന്നെ പണം കടം കൊടുത്തിരുന്നു. അതു ഷൈലോക്കിൻെറ വ്യാപാരത്തിനു കോട്ടം വരുത്തി. തന്നിമിത്തം എങ്ങനെയെങ്കിലും അൻടോണിയോവിനെ കുടുക്കുവാൻ അവസരം കാത്തിരിക്കയായിരുന്നു ഷൈലോക്ക്.

സ്നേഹിതന്മാർ ചെന്നപ്പോൾ പണം കടം കൊടുക്കാമെന്നു കൗശലക്കാരനായ ഷൈലോക്ക് ഏറ്റു. എന്നാൽ ഒരു കരാറിന്മേൽ മാത്രം. മൂന്നുമാസം തികയുന്ന ദിവസം കടം വീട്ടാത്തപക്ഷം അൻടോണിയോവിൻെറ നെഞ്ചിൽ നിന്നു് ഒരു റാത്തൽ മാംസം മുറിച്ചുകൊടുക്കണം. അൻടോണിയോ സമ്മതിച്ചു. കരാറിൽ ഒപ്പുവെച്ചു. കപ്പലുകൾ രണ്ടുമാസംകൊണ്ടു തിരിച്ചെത്തും. അപ്പോൾ കടം വീട്ടാം. പിന്നെ എന്തിനു ഭയപ്പെടണം? അങ്ങനെ പണം വാങ്ങി സ്നേഹിതന്മാർ പിരിഞ്ഞു.

ബസ്സാനിയോ ബെൽമണ്ടു് പട്ടണത്തിലേക്കു പോയി. പോർഷ്യയെ കല്യാണം കഴിക്കണമെങ്കിൽ ചെറിയ ഒരു പന്തയത്തിൽ ജയിക്കണം. പലരും ശ്രമിച്ചു നോക്കീട്ടുള്ളതാണു്. എന്നാൽ ആർക്കും പന്തയത്തിൽ ജയിക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ ഇരിക്കുമ്പോഴാണു ബസ്സാനിയോ ചെന്നതു്. പോർഷ്യയ്ക്കു ബസ്സാനിയോവിനേയും ഇഷ്ടമായി. അയാൾ ജയിക്കണം എന്നു് ആഗ്രഹിച്ചു. ബസ്സാനിയോ പന്തയത്തിൽ ജയിച്ചു. പോർഷ്യയെ വിവാഹം ചെയ്തു. അന്നു് അവൾ ബസ്സാനിയോവിനു് ഒരു മോതിരം സമ്മാനിച്ചു. അതു് ആർക്കും കൊടുക്കരുതെന്നായിരുന്നു നിശ്ചയം.

അങ്ങനെയിരിക്കെ അൻടോണിയോവിൻെറ കപ്പലുകൾ മുങ്ങി എന്ന വർത്തമാനം നാട്ടിൽ പരന്നു. എല്ലാവർക്കും വളരെ സങ്കടം തോന്നി. എന്നാൽ ഷൈലോക്ക് സന്തോഷിക്കയാണു ചെയ്തതു്.

ബെൽമണ്ടിൽ സുഖമായി താമസിക്കുമ്പോഴാണു ബസ്സാനിയോ ആ വിവരം അറിഞ്ഞതു്. ഭർത്താവു് വ്യസനിച്ചുകൊണ്ടിരിക്കുന്നതുകണ്ടു പോർഷ്യ കാരണം അന്വേഷിച്ചു. പണം കടം വാങ്ങിയതും കരാറിലെ നിശ്ചയവും ബസ്സാനിയോ അവളെ ധരിപ്പിച്ചു. ഉടനെ ഷൈലോക്കിനു കൊടുക്കേണ്ടതിൽ ഇരട്ടി പണവും കൊടുത്തു ബസ്സാനിയോവിനെ വെനീസ്സിലേക്കു് അയച്ചു.

ബസ്സാനിയോ പോയ ഉടനെ മഹാബുദ്ധിശാലിനി ആയ പോർഷ്യ തൻെറ പരിചാരികയെ മാത്രം തുണക്കൂട്ടി ആരോടും ഒന്നും പറയാതെ വെനീസ്സിലേക്കു പുറപ്പെട്ടു.

## അഭ്യാസം

വ്യാപാരകേന്ദ്രം; ലാവണ്യവതി; സമീപിച്ചു; വിദ്വേഷം.

1. എന്തിനായിരുന്നു ബസ്സാനിയോവിനു പണം?
2. അൻടോണിയോ ഒപ്പിട്ട കരാറിലെ നിശ്ചയങ്ങൾ എന്തെല്ലാം ;
3. പോർഷ്യ എന്തിനാണു ബസ്സാനിയോവിൻെറ കൈയിൽ പണം കൊടുത്തയച്ചതു്?
4. (a) മററു കാലങ്ങൾ എഴുതുക:—

   കലഹിച്ചു; ആവശ്യപ്പെടും; പിരിയുന്നു.

   (b) രണ്ടാം ഖണ്ഡികയിലെ ക്രിയകൾ സകർമ്മകമോ അകർമ്മകമോ എന്നു പറയുക.

## പാഠം 22

# ശ്രീകൃഷ്ണൻ

ബാലകരൂപനാം നിന്നുടെയത്ഭുത-
ലീലകൾക്കണ്ടോ പറഞ്ഞാലററം!
നീലകളേബര, നിശ്ശേഷവിശ്വൈക-
പാലക, പോററി, പണിഞ്ഞിടുന്നേൻ!

വൃക്ഷവൃന്ദങ്ങളിൽ ചെന്തെങ്ങാണങ്ങുന്നു;
നക്ഷത്രവർഗ്ഗത്തിൽ ശുക്രനത്രെ;
രക്ഷിക്കും ബാന്ധവശ്രേണിയിലമ്മതാൻ
പക്ഷികുലത്തിലോ പച്ചക്കിളി;

നാനാചെടികളിൽ തുത്താവാകുന്നു നീ;
മാനായ ജാതിയിൽ കൃഷ്ണമൃഗം;
ഋതുക്കളിൽ മാധവമാസം നീ;
പാനവസ്തുക്കളിൽ പാലുതന്നെ.

ഗാനയന്ത്രങ്ങളിൽ വീണാപ്രകാണ്ഡം നീ;
സൂനങ്ങളിൽപ്പനിനീർപ്പൂവു നീ;
സ്നാനം കഴിക്കേണ്ടും തീർത്ഥശതങ്ങളിൽ
വാനവഗംഗ നീ വാസുദേവ!

എന്തിലും മീതെ വിളങ്ങുന്ന ദൈവമേ,
ചിന്തിതസർവ്വസ്വചിന്താമണേ,
അന്തികെ നാമം ജപിക്കുമ്പോൾ നിത്യമീ
നിൻതിരുമെയ്യുള്ളിൽ തോന്നേണമേ.

ഒരു ചിത്രം] [വള്ളത്തോൾ.

### അഭ്യാസം

1. ശ്രീകൃഷ്ണനെ എന്തെല്ലാമായിട്ടാണു് കവി സങ്കല്പിച്ചിരിക്കുന്നതു്?
2. കവി എന്താണു് ആവശ്യപ്പെടുന്നതു്?
3. പിരിച്ചെഴുതുക:—
   തിരുമെയ്യ്; ജാതിയിൽ; പറഞ്ഞാലററം.

പാഠം 23

# വെനീസ്സിലെ കച്ചവടക്കാരൻ—II

ഇതിനിടയ്ക്കു വെനീസ്സിൽ ചിലതൊക്കെ സംഭവിച്ചു. കരാറുപ്രകാരമുള്ള മൂന്നുമാസം കഴിഞ്ഞു. ഷൈലോക്കിനു പണം കിട്ടിയില്ല. പകരം മാംസം കിട്ടണം. അതിനു വെനീസ്സിലെ നാടുവാഴിയുടെ മുമ്പിൽ അയാൾ സങ്കടം ബോധിപ്പിച്ചു. നാടുവാഴി എന്തു ചെയ്യാനാണ്? നീതി പാലിക്കുകതന്നെ വേണം. കോടതിയിൽ എല്ലാവരും ഹാജരായി. വിചാരണ തുടങ്ങി. "അൻടോണിയോ കരാറുപ്രകാരം നടക്കണം. പണം തിരിച്ചുകൊടുത്തിട്ടില്ല. അതുകൊണ്ടു മാംസം മുറിച്ചെടുക്കാൻ സമ്മതിക്കണം. അതാണ് ന്യായം. അങ്ങനെയാണെങ്കിലും ഷൈലോക്ക് ദയകാണിക്കില്ലേ? ' നാടുവാഴി ചോദിച്ചു. ഷൈലോക്കാവട്ടെ കരാറിൽ പറഞ്ഞതു തെററിനടക്കാൻ ഒരുക്കമുണ്ടായിരുന്നില്ല. അയാൾ കത്തിക്കു മൂർച്ചകൂട്ടി. തുലാസ്സു തയ്യാറാക്കി. കടം വാങ്ങിയതിൻെറ ഇരട്ടി കൊടുക്കാം എന്നു പറഞ്ഞു ബസ്സാനിയോ. ഇരട്ടിയല്ല, പത്തിരട്ടി ആയാലും വേണ്ട, എന്നായിരുന്നു ഷൈലോക്കിൻെറ മറുപടി. അതുകേട്ട ജനങ്ങൾ ദുഃഖിതരായി.

അപ്പോഴതാ പുതിയ ഒരു വക്കീൽ വരുന്നു. എല്ലാവരുടേയും കണ്ണുകൾ അങ്ങോട്ടു തിരിഞ്ഞു. ആ ചെറുപ്പക്കാരൻ അൻടോണിയോവിനെ രക്ഷിക്കാൻ വഴി കാണുമോ? അതായിരുന്നു എല്ലാവരുടേയും ചിന്ത. പുതിയ വക്കീൽ കരാർ വാങ്ങിനോക്കി ഇങ്ങനെ പറഞ്ഞു: "കരാറുപ്രകാരം നടക്കാൻ അൻടോണിയോ തയ്യാറാവണം." അതു കേട്ടപ്പോൾ ഷൈലോക്ക് സന്തോഷിച്ചു. കത്തിയുടെ മൂർച്ച പരിശോധിച്ചു. തുലാസ്സ് കൈയിൽ എടുത്തു. മുന്നോട്ട് ഒരടിവച്ചു. അപ്പോഴേക്കും വക്കീൽ തടഞ്ഞു:—"മാംസം മുറിച്ചെടുക്കാം. അതു കരാറിൽ

പറഞ്ഞിട്ടുണ്ട്. എന്നാൽ ഒരു കാര്യം ഒരുതുള്ളിരക്തം ചിന്താൻ പാടില്ല. ചിന്തിയാൽ ഷൈലോക്കിൻെറ സ്വത്തു മുഴുവൻ സക്കാരിൽ ലയിക്കും. അതാണു് ഇവിടത്തെ നിയമം.'' ജനങ്ങൾ സന്തോഷിച്ചു. ഷൈലോക്ക് കുഴങ്ങി. ചോര പൊടിയാതെ എങ്ങനെ മാംസം മുറിക്കും? ശരി. മാസം വേണ്ട. ബസ്സാനിയോ കൊടുക്കാമെന്നു പറഞ്ഞ പണം കിട്ടിയാൽ മതി, എന്നായി അയാൾ. എന്നാൽ അതും നഷ്ടപ്പെട്ടു. ഒരിക്കൽ വേണ്ടെന്നു പറഞ്ഞുകഴിഞ്ഞു. ഇനി അതു കിട്ടുകയില്ല എന്നു മാത്രമല്ല, വെനീസ്സിലെ ഒരു പൗരനെ ചതിച്ചുകൊല്ലാൻ ശ്രമിച്ചതിനു ശിക്ഷയും അനുഭവിക്കണം, എന്നു വക്കീൽ പറഞ്ഞു. അൻടോണിയോവിനോടു ശിക്ഷ നിശ്ചയിക്കാൻ നാടുവാഴി ആവശ്യപ്പെട്ടു.

ഇതിനിടയിൽ, ഷൈലോക്കിനു മറെറാരു കാരണം കൊണ്ടും മനോവേദനയുണ്ടായി. മകൾ ഒരു ക്രിസ്ത്യാനിയെ വിവാഹം ചെയ്തു. ഷൈലോക്കിൻെറ സ്വത്തിൽ പകുതി ആ മകൾക്കു കൊടുക്കണമെന്നു അൻടോണിയോ അഭിപ്രായപ്പെട്ടു. നാടുവാഴി അപ്രകാരം വിധി പ്രസ്താവിച്ചു. ഷൈലോക്കിനു ഗതിമുട്ടി. അയാൾ തലയും താഴ്ത്തി കോടതിയിൽ നിന്നു കടന്നുപോയി. എല്ലാവരും സമർത്ഥനായ വക്കീലിനെ പുകഴ്ത്തി.

വക്കീലിനു തക്ക സമ്മാനം കൊടുക്കണമെന്നു ബസ്സാനിയോവിനു വലിയ ആഗ്രഹം ജനിച്ചു. തൻെറ കൈവശമുണ്ടായിരുന്ന പണം കൊടുത്തു. എന്നാൽ, വക്കീൽ അതു വാങ്ങിയില്ല. എന്തെങ്കിലും സ്വീകരിക്കണമെന്നു നിർബ്ബന്ധമാണെങ്കിൽ ആ മോതിരം മതി. ബസ്സാനിയോ കുഴങ്ങി. പോർഷ്യയെ കാര്യം പറഞ്ഞു മനസ്സിലാക്കാം എന്നു വിചാരിച്ചു ബസ്സാനിയോ ഒടുവിൽ മോതിരം കൊടുത്തു.

സ്നേഹിതന്മാർ ബെൽമണ്ടിൽ തിരിച്ചെത്തി. പോർഷ്യ കാത്തിരിക്കുന്നുണ്ടായിരുന്നു. കോടതിയിൽ നടന്ന സംഭവമെല്ലാം ബസ്സാനിയോ വിസ്തരിച്ചു പറഞ്ഞു. മോതിരം കൊടുത്തു എന്നു കേട്ടപ്പോൾ പോർഷ്യയ്ക്കു

വലിയ ദേഷ്യം വന്നു. അൻടോണിയോ സമാധാനിപ്പിക്കാൻ ശ്രമിച്ചു. ഒടുവിൽ പോർഷ്യ ഒരു മോതിരം എടുത്ത് അൻടോണിയോവിൻെറ കൈയിൽ കൊടുത്ത് അതു ബസ്സാനിയോവിനു കൊടുക്കാൻ പറഞ്ഞു. അതെങ്കിലും കൈമാററം ചെയ്യാതിരിക്കണമെന്നൊരു താക്കീതും. ബസ്സാനിയോ മോതിരം വാങ്ങി. എന്താശ്ചര്യം! പഴയ മോതിരംതന്നെ. അതെങ്ങനെ സംഭവിച്ചു? പോർഷ്യ പൊട്ടിച്ചിരിച്ചു. ആ ചെറുപ്പക്കാരനായ വക്കീൽ അവളായിരുന്നു.

## അഭ്യാസം.

1. ഷൈലോക്കിൻെറ പിടിയിൽനിന്ന് അൻടോണിയോ എങ്ങനെ രക്ഷപ്പെട്ടു ?
2. അത്യാഗ്രഹിയായ ഷൈലോക്കിന് എന്തെല്ലാം നഷ്ടപ്പെട്ടു?
3. പോർഷ്യതന്നെയായിരുന്നു വക്കീൽ എന്ന്, ഒടുവിൽ എങ്ങനെ മനസ്സിലായി ?
4. സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക :—
   ചിന്ത; അഭിപ്രായപ്പെട്ടു; താക്കീതു നൽകി.
5. മററു വചനം പറയുക :—
   സ്നേഹിതന്മാർ; വക്കീൽ; യഹൂദൻ; ജനങ്ങൾ; മോതിരം; ചെറുപ്പക്കാരൻ.
6. ഒടുവിലത്തെ ഖണ്ഡികയിലെ വിശേഷണപദങ്ങൾ ഏതു തരം എന്നു പറയുക.

---

പാഠം 24

# ശ്രീശങ്കരാചാര്യർ

ആലുവാ പട്ടണത്തിൽനിന്നു് ആറേഴുനാഴിക കിഴക്കാണു കാലടി എന്ന ഗ്രാമം. അവിടെ, പെരിയാ-റിൻെറ വടക്കേത്തീരത്തായി 'കൈപ്പിള്ളി' എന്നു് ഒരു ഇല്ലം ഉണ്ടായിരുന്നു. അവിടെയാണു ശ്രീശങ്കരൻ ജനിച്ചതു്. അദ്ദേഹത്തിൻെറ അച്ഛൻ ശിവഗുരുവും അമ്മ ആര്യാദേവിയും ആയിരുന്നു.

തനിക്കും തൻെറ വീട്ടുകാർക്കും മാത്രംവേണ്ടി ജീവിച്ചാൽപോരാ എന്നു ശങ്കരനു കുട്ടിക്കാലത്തുതന്നെ തോന്നി. അതു സാധിക്കണമെങ്കിൽ വീടും പരിസരവും ഉപേക്ഷിക്കണം. സന്ന്യാസംകൊണ്ടേ അതു പററുള്ളു. എന്നാൽ അമ്മയ്ക്കു് അതു തീരെ സമ്മതം ആയിരുന്നില്ല. വിധവയായ അമ്മയുടെ ആഗ്രഹത്തിനു് എതിരായി പ്രവർത്തിക്കുവാൻ അദ്ദേഹം ഒരുങ്ങിയതുമില്ല. അങ്ങനെയിരിക്കെ ഒരുദിവസം കുട്ടി, അമ്മയുടെകൂടെ പുഴയിൽ കുളിക്കാൻ പോയി. നീന്തിക്കളിച്ചുകൊണ്ടിരുന്ന കുട്ടിയുടെ കാലിൽ ഒരു മുതല പിടികൂടി. കരയിൽനിന്നിരുന്ന മാതാവു് ഉറക്കെ നിലവിളിക്കാൻ തുടങ്ങി. "അമ്മേ, സന്ന്യസിക്കാൻ സമ്മതിച്ചാൽ ഈ ക്രൂരജന്തു എന്നെവിടും." എന്നു ശങ്കരൻ വിളിച്ചുപറഞ്ഞു. അമ്മ ഉടനെ സമ്മതിച്ചു. മുതല പിടിവിടുകയും ചെയ്തു.

അന്നുതന്നെ ശങ്കരൻ യോഗ്യനായ ഒരു ഗുരുവിനെ അന്വേഷിച്ചു പുറപ്പെട്ടു. "അമ്മ വിചാരിക്കുന്ന സമയത്തു ഞാൻ ഇവിടെ എത്തിക്കൊള്ളാം" എന്നു് യാത്രയ്ക്കു മുമ്പു മകൻ അമ്മയെ സമാധാനിപ്പിച്ചു.

നർമ്മദാ നദീതീരത്തു താമസിച്ചിരുന്ന ഗോവിന്ദാചാര്യരെ ശങ്കരൻ ഗുരുവായി സ്വീകരിച്ചു കുറേക്കാലം പഠിച്ചു ഗുരുവിൽനിന്നു് ഉപദേശം വാങ്ങിയ ശേഷം.

അദ്ദേഹം ഭാരതം മുഴുവൻ ചുററിസ്സഞ്ചരിച്ചു. ബുദ്ധിയും ജ്ഞാനവും വാദപ്രതിവാദസാമൎത്ഥ്യവും നിമിത്തം അദ്ദേഹത്തിൻെറ പേർ നാട്ടുമുഴുവൻ വളരെ വേഗത്തിൽ പരന്നു. ഒടുവിൽ മഹാപണ്ഡിതനായ മണ്ഡനമിശ്രനെ വാദത്തിൽ നിഷ്പ്രയാസം തോല്പിച്ചു് അദ്ദേഹം "സൎവ്വജ്ഞപീഠം" കയറി.

ഇങ്ങനെ ചുററിസ്സഞ്ചരിക്കുന്നതിനിടയിൽ തൻെറ പ്രിയമാതാവു് തന്നെ കാണാൻ ആഗ്രഹിക്കുന്നുണ്ടെന്നു് ആ ദിവ്യന്നു പെട്ടെന്നു തോന്നി. ഉടനെ കാലടിയിലേക്കു പുറപ്പെട്ടു. അവിടെ എത്തിയപ്പോറം അമ്മയ്ക്കു സുഖക്കേടു കലശലാണെന്നു കണ്ടു. അമ്മയെ വേണ്ടതുപോലെ ശുശ്രൂഷിച്ചു. മകൻെറ മടിയിൽ തലവെച്ചുകിടന്നു് അമ്മ മരിച്ചു. നമ്പൂതിരിമാൎക്കു യോജിക്കാത്ത പല പ്രവൃത്തികളും ശങ്കരാചാൎയ്യർ ചെയ്തിരുന്നതിനാൽ അവരാരും ശവം ദഹിപ്പിക്കുവാൻ അദ്ദേഹത്തെ സഹായിച്ചില്ലപോൽ! അതുകൊണ്ടു് അദ്ദേഹത്തിന്നു വളരെ കഷ്ടപ്പെടേണ്ടിവന്നു. ശവസംസ്കാരം കഴിഞ്ഞ ശേഷം ആചാൎയ്യർ വീണ്ടും ദേശസഞ്ചാരത്തിന്നു പുറപ്പെട്ടു.

അദ്ദേഹത്തിന്നു വളരെയധികം ശിഷ്യന്മാരുണ്ടായി. അവരിൽ പ്രധാനിയായിരുന്നു വെട്ടത്തുനാട്ടുകാരനായ പത്മപാദർ. ആ ശിഷ്യൻ ഒരിക്കൽ ഗുരുവിനെ മരണത്തിൽനിന്നും രക്ഷിച്ചു. ഇതാണു കഥ:—ശിവഭക്തനായ ഒരു കാപാലികൻ കൈലാസത്തിലെത്താൻ ആഗ്രഹിച്ചു. അതു് ഉടലോടെതന്നെ വേണംതാനും. ഏതാനും സൎവ്വജ്ഞന്മാരുടെ തലവെട്ടി ഹോമിക്കണം. എന്നാലേ അതു സാധിക്കൂ. ഒരു തലയുംകൂടിയേ വേണ്ടതുള്ളു. അതിന്നു് ആചാൎയ്യരുടെ തല വേണം. ശിഷ്യന്മാർ അടുത്തില്ലാത്ത തക്കംനോക്കി അയാറം ശ്രീശങ്കരനെ സമീപിച്ചു. തലവെട്ടിയെടുത്തുകൊള്ളുവാൻ അദ്ദേഹം സമ്മതം കൊടുത്തു. കാപാലികൻ ശൂലമെടുത്തു് ആചാൎയ്യരുടെ കഴുത്തിന്നു നേരേ ഓങ്ങി. അതാ എത്തുന്നു പത്മപാദർ. ആ ശിഷ്യൻെറ ഭാവം പകൎന്നു; കോപം

ഉജ്ജ്വലിച്ചു; കണ്ണിൽ തീപാറി; അലറിക്കൊണ്ടു കാപാലികൻെറ നേരേ ഒററച്ചാട്ടം. അവൻെറ കുടൽമാല മുഴുവൻ പുറത്തു്; രക്തത്തിൽ മുങ്ങിയ അവൻ നിലത്തു്.

ആചാര്യരുടെ ഓമ്മശക്തി അസാധാരണമായിരുന്നു. ഒരിക്കൽ ഒരു നാടകകൃത്തു് താൻ എഴുതിയ ഒരു നാടകം ആചാര്യരെ ചൊല്ലിക്കേൾപ്പിച്ചു. നാടകം വായിക്കുന്നതിനിടയിൽ ശ്രീശങ്കരൻ ധ്യാനത്തിൽ മുഴുകിയിരുന്നു. കവി അതു മനസ്സിലാക്കിയില്ല നാടകം മുഴുവൻ വായിച്ചുതീൎന്നിട്ടു നോക്കിയപ്പോൾ ആചാര്യസ്വാമി കണ്ണും അടച്ചിരിക്കുന്നതാണു കണ്ടതു്. നാടകം മോശമായതുകൊണ്ടു് അതിൽ ശ്രദ്ധിക്കാതെ ധ്യാനം ആരംഭിച്ചതായിരിക്കും എന്നു വിചാരിച്ചു, കവി ആ ഗ്രന്ഥം കത്തിച്ചുകളഞ്ഞു. ധ്യാനത്തിൽനിന്നുണൎന്നു്, "നാടകം കേമമായിരിക്കുന്നു" എന്നു് ആചാര്യർ പറഞ്ഞപ്പോഴാണു് അതു ചുട്ടുകളഞ്ഞതിനെക്കുറിച്ചു് അയാൾ ദുഃഖിച്ചതു്. ദുഃഖത്തിനുള്ള കാരണം മനസ്സിലാക്കിയ ശ്രീശങ്കരൻ ആ നാടകം മുഴുവൻ ഓമ്മയിൽനിന്നു ചൊല്ലിക്കൊടുത്തു.

ആ മഹാൻ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ സമാധിയടഞ്ഞു. ബുദ്ധിശക്തിയിൽ അദ്ദേഹത്തെ ജയിക്കാൻ ലോകത്തിൽ അധികം പേരുണ്ടായിട്ടില്ല.

## അഭ്യാസം.

പരിസരം; വാദപ്രതിവാദസാമൎത്ഥ്യം; നാടകകൃത്തു്. സൎവ്വജ്ഞപീഠം.

1. ശങ്കരാചാര്യക്കു സന്യസിക്കുവാൻ എങ്ങനെ സമ്മതംകിട്ടി?
2. പത്മപാദർ ഗുരുവിനെ രക്ഷിച്ചതെങ്ങനെ ?
3. ആചാര്യരുടെ ഓമ്മശക്തി അസാധാരണമായിരുന്നു എന്നുള്ളതു തെളിയിക്കുന്ന ഒരു സംഭവം വിവരിക്കുക.
4. സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക:—

ശുശ്രൂഷ; സമാധാനിപ്പിച്ചു; ചൊല്ലിക്കൊടുത്തു.

പാഠം 25

# സീതാസ്വയംവരം

വളരെക്കാലം മുമ്പു വിദേഹരാജ്യം വാണിരുന്ന ഒരു മഹാരാജാവായിരുന്നു ജനകൻ. മഹാഭക്തനും ജ്ഞാനിയുമായ അദ്ദേഹം ഒരിക്കൽ ഒരു വലിയ യാഗം നടത്തുകയുണ്ടായി. അതിനുവേണ്ടി യാഗവേദി തയ്യാറാക്കുമ്പോൾ ഉഴവുചാലിൽനിന്നു മഹാതേജസ്വിനിയായ ഒരു ശിശുവിനെ കണ്ടുകിട്ടി. ജനകൻ ആ കുട്ടിക്കു സീത എന്നു പേരിട്ടു സ്വന്തം പുത്രിയെപ്പോലെ വളർത്തി. ആ കുട്ടിയാണു രാമായണത്തിലെ സീത.

സുന്ദരിയും സുശീലയുമായ ആ കന്യകയെ വിവാഹം ചെയ്യാൻ പല രാജകുമാരന്മാരും ആഗ്രഹിച്ചു. സുന്ദരനും പ്രതാപശാലിയുമായ ഒരു ക്ഷത്രിയകുമാരനു പുത്രിയെ വിവാഹം ചെയ്തുകൊടുക്കണമെന്നായിരുന്നു ജനകന്റെ ആഗ്രഹം. അനുരൂപനായ വരനെ തിരഞ്ഞെടുക്കുന്നതിനു വേണ്ടി മഹാരാജാവു് ഒരു കൗശലം കണ്ടുപിടിച്ചു. തന്റെ രാജധാനിയിലുള്ള ശൈവചാപം എടുത്തു കുലയ്ക്കുന്ന രാജകുമാരനു മാത്രമേ സീതയെ വിവാഹം ചെയ്തുകൊടുക്കു എന്നു ജനകൻ വിളംബരം ചെയ്തു. പലരും പരിശ്രമിച്ചുനോക്കി. പക്ഷെ, ആ വില്ലു് നിലത്തുനിന്നു് ഒന്നു പൊക്കുന്നതിനു പോലും ആർക്കും സാധിച്ചില്ല.

ചില രാക്ഷസന്മാർ വിശ്വാമിത്രമഹർഷിയുടെ യാഗങ്ങൾക്കു വിഘ്നം വരുത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അതു്. യാഗസംരക്ഷണത്തിനുവേണ്ടി അദ്ദേഹം ദശരഥപുത്രന്മാരായ രാമലക്ഷ്മണന്മാരെ വനത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. ആ ആവശ്യം നിറവേററിയശേഷം തിരിച്ചുപോകുമ്പോൾ, വഴിക്കുവെച്ചു് ആ മഹർഷി

ശൈവചാപത്തെസ്സംബന്ധിച്ച കഥ കുമാരന്മാരെ പറഞ്ഞു കേഠംപ്പിച്ചു. കഥ കേട്ടപ്പോഠം ചാപം കാണാനുള്ള ആഗ്രഹം കുമാരന്മാക്കു് ഉളവായി. അതുകൊണ്ടു് അവരെ വിശ്വാമിത്രൻ വിദേഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി.

വിശ്വാമിത്രനേയും രാമലക്ഷ്മണന്മാരേയും ജനക മഹാരാജാവു് വേണ്ടപോലെ സൽക്കരിച്ചു. ദശരഥപുത്രന്മാരെ കണ്ടപ്പോഠം അദ്ദേഹത്തിന്നു് അതിരററ ആഹ്ലാദം ഉണ്ടായി. ശൈവചാപം കാണാൻ കുമാരന്മാക്കു് അതിയായ മോഹമുണ്ടെന്നു മഹർഷി രാജാവിനെ അറിയിച്ചു. വിദേഹാധിപനു വളരെ സന്തോഷമായി. "ശ്രീരാമന്നു് അതെടുത്തു കുലയ്ക്കാൻ സാധിച്ചിരുന്നെങ്കിൽ!' എന്ന ഒരു വിചാരം അപ്പോഠം അദ്ദേഹത്തിൻെറ മനസ്സിൽ അങ്കുരിച്ചു.

ശക്തന്മാരായ പത്തിരുപതു ഭടന്മാർ വളരെ പ്രയാസപ്പെട്ടു് ആ ശൈവചാപം രാജാവിൻെറ മുമ്പിൽ ഹാജരാക്കി. ശ്രീരാമൻ ആദ്യമായി വിനയപൂവ്വം ചാപത്തെ വന്ദിച്ചു. പിന്നീടു് അതെടുത്തു കുലയ്ക്കുവാൻ ശ്രമിച്ചുനോക്കട്ടെയോ എന്നു ഗുരുജനങ്ങളോടു സാദരം ചോദിച്ചു. അനുമതി കിട്ടിയപ്പോഠം വില്ലെടുത്തു നിഷ്പ്രയാസം വലിച്ചുകുലച്ചു. പെട്ടെന്നു് എട്ടുദിക്കും ഞെട്ടിപ്പോകത്തക്കവണ്ണമുള്ള ഭയങ്കരശബ്ദത്തോടുകൂടി വില്ലു രണ്ടായി മുറിഞ്ഞു. ജനകമഹാരാജാവിനും, സദസ്യക്കുംഉണ്ടായ ആനന്ദത്തിന്നു് അതിരുണ്ടായിരുന്നില്ല. ജയഘോഷം മുഴങ്ങി; വിജയാശംസകഠം പൊങ്ങി.

ഈ സന്തോഷവാത്ത ദശരഥനെ അറിയിക്കാനായി ജനകമഹാരാജാവു് അന്നുതന്നെ അയോദ്ധ്യയിലേക്കു ദൂതന്മാരെ അയച്ചു. വിവാഹം നടത്തുവാൻ വരൻെറ മാതാപിതാക്കളുടെ സമ്മതവും ആവശ്യമാണല്ലോ. ദശരഥനും പത്നിമാരും മുഹൂത്തസമയത്തു് എത്തുകയും വേണം. വത്തമാനമറിഞ്ഞ ദശരഥനും ആഹ്ലാദമാണു് ഉണ്ടായതു്. പത്നിമാർ, മററു രണ്ടു പുത്രന്മാർ, മന്ത്രിമാർ, പരിവാരങ്ങഠം എന്നിവരോടുകൂടി അദ്ദേഹം ഉടനേതന്നെ മിഥിലാപുരിയിലേക്കു പുറപ്പെട്ടു.

വിദേഹരാജധാനി മനോഹരമായി അലങ്കരിക്കപ്പെട്ടു. മററു ഒരുക്കങ്ങളും പൂർത്തിയായി. ശുഭമുഹൂർത്തത്തിൽ ശ്രീരാമൻ സീതയെ വിവാഹം ചെയ്തു. ജനകവംശത്തിലുണ്ടായിരുന്ന വേറെ മൂന്നു രാജകുമാരിമാരെ മററു ദശരഥപുത്രന്മാരും പാണിഗ്രഹണം ചെയ്തു. എല്ലാവൎക്കും അതൊരു സുദിനമായിരുന്നു.

## അഭ്യാസം.

യാഗവേദി; മഹാതേജസ്വിനി; വിളംബരം; യഥാവിധി; പാണിഗ്രഹണം; നവദമ്പതികൾ; സന്നിഹിതർ.

1. ജനകനു് എവിടെനിന്നാണു സീതയെ കിട്ടിയതു് ?
2. സീതയെ വിവാഹം ചെയ്യുവാനുള്ള അർഹത ആൎക്കായിരുന്നു ?
3. സ്വന്തം വാക്യങ്ങളിൽ പ്രയോഗിക്കുക :—
   അനുരൂപൻ; വിനയപൂർവ്വം; വിജയാശംസകൾ.
4. ഒന്നാം ഖണ്ഡികയിലെ വിശേഷണപദങ്ങൾ തിരഞ്ഞെടുത്തു് ഏതു് ഇനത്തിൽ പെട്ടതാണു് എന്നു പറയുക.

## പാഠം 26

# ചേരേണ്ടതിൽ ചേർച്ച

ചാപല്യമുള്ളവർ ബന്ധുവായാൽ ജന
സാഫല്യമില്ലാ വിനാശവും നിർണ്ണയം.
ജാത്യാ വിരുദ്ധരായുള്ളവർതങ്ങളിൽ
ചേർത്താലുമായവർ ചേരുകില്ലാ ദൃഢം.
ലോഹവും ലോഹവും തങ്ങളിൽ ചേരുവാൻ
മോഹമുണ്ടെങ്കിൽ ദ്രവിപ്പിച്ചുചേർക്കണം.
പക്ഷിമൃഗാദിയെ സ്വാധീനമാക്കുവാൻ
ഭക്ഷണം മാധുര്യമോടേ കൊടുക്കണം.
സാധുക്കൾ തങ്ങളിൽ ചേരുവാനേകദാ
സന്ദർശനം മാത്രമേ വേണ്ടൂ മൂഷികാ.
മൺകുടം വേഗം പിളർക്കാമിദം പുനഃ-
സംഘടിപ്പിപ്പാൻ മഹാപ്രയത്നം സഖേ!
പൊൻകുടം പൊട്ടിക്ക വൈഷമ്യമായതു
സംഘടിപ്പിപ്പാൻ പരാധീനമില്ലെടോ.
ദുർജ്ജനാശ്ലേഷവും സജ്ജനാശ്ലേഷവും
ഇച്ചൊന്നപോലെ ഭവിക്കും ഹിരണ്യക.

പഞ്ചതന്ത്രം]

### അഭ്യാസം.

1. പിരിച്ചെഴുതുക:—
ചാപല്യമുള്ള; ബന്ധുവായാൽ; മോഹമുണ്ടെങ്കിൽ.
2. സജ്ജനങ്ങൾ എളുപ്പത്തിൽ കലഹിച്ചു പിരിയുന്നില്ല എന്നതിനെ എന്തിനോടാണ് ഉപമിച്ചിരിക്കുന്നത്?
3. "ഇച്ചൊന്നപോലെ ഭവിക്കും"—ഏതുപ്രകാരം ഭവിക്കും?
4. മൂന്നു പര്യായം പറയുക:—
എലി; സ്വർണ്ണം.

പാഠം 27

# ഇരവിക്കുട്ടിപ്പിള്ളപ്പടത്തലവൻ

തിരുമലനായ്ക്കർ മധുരയിലെ രാജാവായിരുന്നു. അദ്ദേഹത്തിന്റെ സേനാപതിയായിരുന്നു വേലയ്യൻ. വഞ്ചിരാജ്യത്തിന്റെ സമ്പത്സമൃദ്ധി നായ്ക്കനെ ആകർഷിച്ചു. ആ രാജ്യം ആക്രമിക്കണമെന്നു തീരുമാനിച്ചു അദ്ദേഹം. ആക്രമണം നടത്താൻ സേനാനിക്കു കല്പനയും കൊടുത്തു. വഴിനീളെ കൊള്ളയടിച്ചുകൊണ്ടായിരുന്നു പാണ്ടിപ്പടയുടെ യാത്ര. അവരെ തിരിച്ചോടിക്കുവാൻ ത്രാണിയുള്ളവർ ആരും ഉണ്ടായിരുന്നില്ല.

അന്നു വേണാടു ഭരിച്ചിരുന്നതു വീരരവിവർമ്മ കുലശേഖരപ്പെരുമാറ് ആയിരുന്നു. പാണ്ടിപ്പടയുടെ വരവിനെപ്പറ്റി അദ്ദേഹം കേട്ടു. പ്രാപ്തിയുള്ള സേനാനായകന്മാർ ഇല്ലാഞ്ഞതുകൊണ്ട് അരചൻ തന്നെ പട നയിക്കാൻ നിശ്ചയിച്ചു. ഇരവിക്കുട്ടിപ്പിള്ളയോടു പിൻതുണയ്ക്കു ചെല്ലാൻ കല്പനയായി. "അടിയൻ ജീവിച്ചിരിക്കുമ്പോൾ അവിടുന്നു പുറപ്പെടണമെന്നില്ല. പട അടിയൻ നയിച്ചോളാം. പാണ്ടിപ്പടയെ ഓടിച്ചിട്ടേ അടിയൻ തിരിച്ചുവരുന്നുള്ളു." എന്നു് പിള്ള ഉണർത്തി. രാജാവിനു സന്തോഷമായി. ആയുധം കൊടുത്തനുഗ്രഹിച്ചു് അയാളെ യാത്രയാക്കി.

നാഗരുകോവിലിനു സമീപം ഇരുസൈന്യവും കൂട്ടിമുട്ടി. മാതൃഭൂമിയുടെ സ്വാതന്ത്ര്യം സംരക്ഷിക്കണമെന്നു വേണാട്ടുപട; രാജ്യം കൊള്ളയടിക്കണമെന്നു പാണ്ടിപ്പട. വെട്ടും തടയും തുടങ്ങി. വേണാടർ ധൈര്യത്തോടെ പൊരുതു. തലയറ്റും കാലറ്റും അനേകംപേർ നിലംപതിച്ചു. പെട്ടെന്നു വേലയ്യൻ വേണാടരുടെ വാളിന്നിരയായി. പാണ്ടിപ്പട തോറ്റോടി.

വേണാട്ടുപട ജയഭേരിയോടെ പത്മനാഭപുരത്തെത്തി. രാജാവിനു സന്തോഷമായി. ജന്മഭൂമിയുടെ അഭിമാനം രക്ഷിച്ച ഇരവിക്കുട്ടിപ്പിള്ളയ്ക്കു രാജാവു കുറെ സ്ഥലം ദാനം ചെയ്തു. കർത്തവ്യം നിർവ്വഹിച്ചതിനു പ്രതിഫലം വേണ്ടെന്നു പറഞ്ഞു പിള്ള അതു സ്വീകരിച്ചില്ല.

ആ സംഭവമെല്ലാം അസൂയയോടുകൂടി നോക്കിക്കൊണ്ടിരുന്നവർ ചിലരുണ്ടായിരുന്നു—രാജാവിന്റെ മന്ത്രിമാർ. വേണാട്ടരചന് എട്ടു മന്ത്രിമാരാണ് ഉണ്ടായിരുന്നത്. അവരിൽ പ്രായംകൊണ്ട് ഇളയവനും പ്രാപ്തികൊണ്ട് മുമ്പനും ആയിരുന്നു ഇ ര വി ക്കു ട്ടി പ്പി ള്ള. സഹപ്രവർത്തകന്മാരായ മന്ത്രിമാരൊഴികെ എല്ലാവരും അദ്ദേഹത്തെ സ്നേഹിച്ചു; ബഹുമാനിച്ചു. പാണ്ടിപ്പടയെ തോല്പിച്ചതുകൊണ്ടു ജനങ്ങളുടെ സ്നേഹവും മന്ത്രിമാരുടെ അസൂയയും വർദ്ധിച്ചു. മന്ത്രിമാർ പിള്ളയെ ചതിക്കാൻ അവസരം കാത്തിരിക്കയായിരുന്നു. അവർ പല ഗൂഢാലോചനകളും നടത്തി.

അങ്ങനെയിരിക്കെ വേലയ്യനെ കൊന്നതിനുപകരം—ചോദിക്കാൻ നായ്ക്കൻ വീണ്ടും ഒരു പട അയച്ചു. രാമപ്പയ്യനായിരുന്നു ഇത്തവണ സൈന്യനായകൻ. കണ്ണിൽ കണ്ടവരെ വെട്ടിക്കൊന്നും, വിളനശിപ്പിച്ചും പാണ്ടിപ്പട പത്മനാഭപുരത്തിനു സമീപം എത്തി. ഈ പ്രാവശ്യം എട്ടു മന്ത്രിമാരും യുദ്ധത്തിനിറങ്ങി. സേനയെ നയിക്കാൻ പ്രാപ്തിയില്ലെന്നു പറഞ്ഞ് ഏഴു മന്ത്രിമാരും ഒഴിഞ്ഞു. ഇരവിക്കുട്ടിപ്പിള്ള ചുമതല ഏറ്റെടുത്തു. ആ യുദ്ധത്തിൽ, മററു മന്ത്രിമാർ പിള്ളയെ ചതിച്ചു കൊല്ലാൻ നിശ്ചയിച്ചു. ഇരവിക്കുട്ടിപ്പിള്ളയെ മുൻനിർത്തി, യുദ്ധം മുറുകുന്ന തക്കം നോക്കി, പെട്ടെന്നു പിൻമാറുക എന്നതായിരുന്നു അവരുടെ അടവ്. ആ വിവരം രാമപ്പയ്യനേയും അവർ അറിയിച്ചിരുന്നു

പുറപ്പെടേണ്ട ദിവസമായി. അതിനു തലേന്നാൾ ഇരവിക്കുട്ടിപ്പിള്ളയുടെ അമ്മ ചില ദുഃസ്വപ്നങ്ങൾ കണ്ടു. യുദ്ധത്തിനു പുറപ്പെടരുതെന്ന് അവർ മകനെ വിലക്കി

നോക്കി. എന്നാൽ ഫലമുണ്ടായില്ല. ഭാൎയ്യയും തടഞ്ഞു നോക്കി. എന്നിട്ടും ഫലിച്ചില്ല. ഇരവിക്കുട്ടിപ്പിള്ള വീട്ടിൽ നിന്നിറങ്ങി. രാജാവിനെക്കണ്ടു് അനുമതിയും അനുഗ്രഹവും വാങ്ങി, പടയ്ക്കു പുറപ്പെട്ടു.

മുൻപിൽ സേനാനായകനായ ഇരവിക്കുട്ടിപ്പിള്ള; പിൻപിൽ ഇരുവശത്തുമായി മററു് ഏഴുപേരും അവരുടെ സൈന്യവും. അങ്ങനെ അണിനിരന്നു. യുദ്ധം ആരംഭിച്ചു. വാളുകൾ ഏററുമുട്ടി. കാലാൾപ്പട ചത്തു വീണു, കുതിരപ്പട ആൎത്തടുത്തു. ആ തക്കംനോക്കി ഉപസേനാധിപന്മാർ പിൻവാങ്ങി. പിള്ള അതു കണ്ടു. എന്നാലും ധൈൎയ്യം ഉപേക്ഷിച്ചില്ല. ഒരു വിശ്വസ്ത ഭടൻ പിൻതിരിയാൻ ഉപദേശിച്ചു. ആ വീരൻ അതിനു സമ്മതിച്ചില്ല. ശത്രുക്കൾ ഇരവിക്കുട്ടിപ്പിള്ളയെ വളഞ്ഞു. കുതിര ചത്തുവീണു. പിന്നീടു നിലത്തു നിന്നായി യുദ്ധം. എന്നിട്ടും അദ്ദേഹം കുലുങ്ങിയില്ല. അന്ത്യനിമിഷംവരെ ഒററയ്ക്കു നിന്നു പടവെട്ടി. ആ പടക്കളത്തിൽ മരിച്ചു വീണു.

## അഭ്യാസം.

സമ്പത്സമൃദ്ധി; ത്രാണി; ആകൎഷിച്ചു; പ്രാപ്തി; കൎത്തവ്യം; പ്രതിഫലം; സഹപ്രവൎത്തകർ; വീരസ്വൎഗ്ഗം.

1. "കൎത്തവ്യം നിൎവ്വഹിച്ചതിനു പ്രതിഫലം വേണ്ട"— കൎത്തവ്യം എന്തായിരുന്നു? ആർ നിൎവ്വഹിച്ചു.? കൊടുത്ത പ്രതിഫലം എന്തു്?
2. മന്ത്രിമാർ ഇരവിക്കുട്ടിപ്പിള്ളയെ എങ്ങനെ ചതിച്ചു?
3. രാമപ്പയ്യനുമായുള്ള യുദ്ധം ചുരുക്കി വൎണ്ണിക്കുക.
4. ഒന്നാംഖണ്ഡികയിലെ സൎവ്വനാമങ്ങൾ തിരഞ്ഞെടുത്തു് അവ ഏതു നാമത്തിനു പകരം നില്ക്കുന്നു എന്നു പറയുക

പാഠം 28

# ലവകുശന്മാർ

[വാല്മീകിയുടെ ആശ്രമം. സമയം പ്രഭാതം കുശൻ ആയുധ പരിശീലനം നടത്തിക്കൊണ്ടു നില്ക്കുന്നു. ലവൻ പ്രവേശിക്കുന്നു.]

ലവൻ:—ചേട്ടാ, ഇങ്ങോട്ടു നോക്കൂ. ഇത്ര നല്ല കുതിരയെ കണ്ടിട്ടുണ്ടോ? എന്തു നിറം! എന്തു ഭംഗി!

കുശൻ:—എവിടെ? എവിടെ നിന്നു കിട്ടി നിനക്കു്?

ലവൻ:—അതാ മരത്തിന്റെ ചുവട്ടിൽ. അതു് ആശ്രമത്തിൽ കടന്നു; ഞാൻ പിടിച്ചുകെട്ടി.

കുശൻ:—(ശ്രദ്ധിക്കുന്നു) എന്താ ഒരു ശബ്ദം? വളരെ ആളുകൾ ഇങ്ങോട്ടു വരുന്നുണ്ടെന്നു തോന്നുന്നു. കുതിരയെ അന്വേഷിച്ചു വരുന്നതായിരിക്കാം.

ലവൻ:—വരട്ടെ. അതിനെന്താ?

കുശൻ:—ഉണ്ണീ, ഈ കുതിര നമുക്കു വേണ്ട. കണ്ടാൽ അശ്വമേധത്തിനു് അയച്ച കുതിരയാണെന്നു തോന്നും. അതിനെ പിൻതുടരുന്നവർ ഇപ്പോൾ എത്തും. വെറുതെ കലഹത്തിനു കാരണം ഉണ്ടാക്കണ്ട. കുതിരയെ അഴിച്ചു വിടൂ.

ലവൻ:—വരട്ടെ. ഭടന്മാർ വരട്ടെ. കുതിരയെ എന്തിനാണു് ഇങ്ങോട്ടു് അയച്ചതു് എന്നു ചോദിക്കണം. ആശ്രമപ്രദേശത്തേക്കു കുതിരയെ വിട്ടതു നന്നായില്ല.

കുശൻ:—ഞാൻ പറഞ്ഞാൽ നീ അനുസരിക്കില്ല. അല്ലേ? ശരി. ഞാൻ പോയി അമ്മയോടു പറയും. അമ്മ നു പറയട്ടെ. [പോകുന്നു].

ലവൻ:—ഈ ചേട്ടൻ എന്തൊരു ഭീരുവാണ്! സൈന്യം എന്നു കേൾക്കുമ്പോഴേക്കു തന്നെ പേടിച്ചു വിറയ്ക്കുന്നു. കുതിരയെ വിട്ടുകൊടുക്കണംപോൽ. അങ്ങനെയൊന്നും അതിനെ വിടില്ല. എന്തൊരു ചന്തം! പാലുപോലെ വെളുത്ത നിറം. കൊഴുത്തു മിനുത്ത ശരീരം. ശക്തിയുള്ള നീണ്ട കാലുകൾ. മിന്നിത്തിളങ്ങുന്ന കണ്ണുകൾ. നീണ്ട വാൽ. നല്ല ഉയരം. എല്ലാംകൂടി എന്തൊരു ചന്തം! ഇതിനെ വിട്ടുകൊടുക്കില്ല. അമ്മ ഇങ്ങോട്ടു വന്നാലാണു കുഴപ്പം. അമ്മ പറഞ്ഞാൽ എങ്ങനെ അനുസരിക്കാതിരിക്കും? എങ്ങനെ അനുസരിക്കും? ഏതായാലും ഇതിൻെറ ഭംഗി കണ്ടുരസിക്കട്ടെ. (ഒരു ഭടൻ ദൂരെ നിന്നു വരുന്നതു കണ്ടിട്ട്) അല്ല, ഇതാരാണ്? കുതിരയെ അന്വേഷിച്ചു വരുന്നവനായിരിക്കാം. ഉം വരട്ടെ അവൻ ഇങ്ങോട്ട്. എന്താ ഭാവം എന്നു നോക്കാമല്ലോ.

[ഭടൻ പ്രവേശിച്ചു കുതിരയെ അഴിക്കാൻ ഭാവിക്കുന്നു]

ലവൻ:—ഹേ, ഹേ, നില്ക്കു, നില്ക്കു, എന്താ ആശ്രമത്തിൽ പ്രവേശിച്ചു കൊള്ളചെയ്യാനാണോ ഭാവം?

ഭടൻ:—കൊള്ളചെയ്യുകയോ! അതു നന്നായി. ഈ കുതിര ഞങ്ങളുടേതാണ്.

ലവൻ:—ഞങ്ങളുടേതു് എന്നു വെച്ചാൽ?

ഭടൻ:—എന്നെപ്പോലെ ഇനിയും കുറച്ചുപേർകൂടി ഉണ്ടു്. ഞങ്ങളുടെ മേൽനോട്ടത്തിലാണ് ഇതിനെ ദിഗ്വിജയത്തിന്നു് അയച്ചിരിക്കുന്നതു്.

ലവൻ:—ദിക്കുകൾ മുഴവൻ ജയിക്കാൻ പുറപ്പെട്ട വീരൻ ആരാണ്? ആശ്രമവാസികളേയും കീഴടക്കാൻ വിചാരിച്ചതു് ആശ്ചര്യം തന്നെ.

ഭടൻ:—അയോദ്ധ്യാപതിയാണു ഞങ്ങളുടെ രാജാവു്. അദ്ദേഹം അശ്വമേധയാഗം ആരംഭിച്ചിരിക്കുകയാണ്. രാജാവിൻെറ ആധിപത്യം ചോദ്യം ചെയ്യുന്നവർ ഉണ്ടോ എന്നറിയാനാണ് ഈ കുതിരയെ വിട്ടിരിക്കുന്നതു്.

ലവൻ:—കുതിരയെ വിട്ടാൽ അതെങ്ങിനെ അറിയും ?

ഭടൻ:—കഷ്ടം! കാട്ടിൽകിടക്കുന്ന മുനികുമാരൻ എങ്ങനെ അറിയാനാണ്. ഹേ കുട്ടീ, യാഗക്കുതിരയെ പിടിച്ചുകെട്ടുന്നവൻ രാജാവിൻെറ അധികാരത്തെ ചോദ്യംചെയ്യുന്നവനാണ്. അവനെ ശത്രുവായിട്ടാണു കരുതുന്നതു്.

ലവൻ:—എന്നാൽ ഞാൻ ശത്രുവാണെന്നു കരുതിക്കൊള്ളണം. അതു പോകട്ടെ, നിങ്ങളുടെ ഈ മഹാരാജാധിരാജൻ ആരാണ്? അതൊന്നു കേൾക്കട്ടെ.

ഭടൻ:—അയോദ്ധ്യയിൽവാണരുളുന്ന ശ്രീരാമചന്ദ്രനാണു ഞങ്ങളുടെ രാജാവു്. ആ മഹാനെക്കുറിച്ചു നീ കേട്ടിട്ടുണ്ടോ ?

ലവൻ:—കേട്ടിട്ടുണ്ടു്. ധാരാളംകേട്ടിട്ടുണ്ടു്. ആ മഹാൻെറ വിരുതു ചെറുതല്ല. അതുകൊണ്ടു ഞങ്ങളുടെ ജാതിക്കു തന്നെ തലപൊക്കി നടക്കാൻ വയ്യാതായി.

ഭടൻ:—നിങ്ങളുടെ ജാതിയോ ? അതു കേമമായി ! രഘുകുലോത്തമൻ മുനികുമാരനല്ല. ക്ഷത്രിയനാണ്. അതു അറിയില്ലേ ?

ലവൻ:—അതറിയാം. ഞാനും ക്ഷത്രിയനാണ്. അതുകൊണ്ടാണു പറഞ്ഞതു്. ക്ഷത്രിയർ സ്ത്രീവധം നടത്തുമോ ? ഒളിയമ്പു് എയ്യുമോ ? നിൻെറ രാമചന്ദ്രൻ അതെല്ലാം ചെയ്തില്ലേ ? പിന്നെ വീരപരാക്രമത്തെക്കുറിച്ചു പറയാതിരിക്കയാണു നല്ലതു്.

ഭടൻ:—എന്താ രാവണവംശം നശിപ്പിച്ചില്ലേ ?

ലവൻ:—നശിപ്പിച്ചു. ആരാണു നശിപ്പിച്ചതു് ? വാനരസൈന്യം ഇല്ലെങ്കിൽ കാണാമായിരുന്നു രസം. വലിയ വീരകേസരിയാണല്ലോ ദിഗ്വിജയത്തിനു ശ്രമിക്കുന്നതു് !

ഭടൻ:—കുമാരാ, മതിയാക്കൂ. കുതിരയെ അഴിച്ചു വിട്ടു. യുദ്ധത്തിനൊരുങ്ങിക്കൊള്ളൂ.

ലവൻ:—ആരുമായിട്ട്?

ഭടൻ:—ഈ ഞാനുമായിട്ട്.

ലവൻ:—നീയുമായിട്ടോ? നീ ക്ഷത്രിയനാണോ?

ഭടൻ:—അല്ല.

ലവൻ:—എന്നാൽ നിൻെറ രാജാവു വരട്ടെ. ഞാൻ ക്ഷത്രിയനോടേ യുദ്ധം ചെയ്യുകയുള്ളൂ.

ഭടൻ:—രാജാവ് ഇങ്ങോട്ട് എഴുന്നെള്ളുകയോ! അല്ലെങ്കിൽ, ഈ കുട്ടിക്ക് എന്തറിയാം. അദ്ദേഹത്തിൻെറ സേനാനായകനാണു ഞങ്ങളെ നയിക്കുന്നത്?

ലവൻ:— സേനാനായകനെങ്കിൽ, സേനാനായകൻ. പക്ഷെ ഒരു സംശയം. ഹനുമാനും സുഗ്രീവനും ഒന്നും അല്ലല്ലോ?

ഭടൻ:—അല്ല. ശ്രീരാമസ്വാമിയുടെ സഹോദരൻ ശത്രുഘ്നനാണ്.

ലവൻ:—പേരു നന്ന്. പക്ഷെ, ശത്രുക്കളെ കൊന്നതുകൊണ്ടു തന്നെയാണോ ആ പേരു കിട്ടിയതു്? അതോ ശത്രുക്കളെക്കൊല്ലും എന്ന ആശകൊണ്ടോ? ശരി. ശത്രുവിനെ നശിപ്പിക്കാനുള്ള കഴിവു ഞാൻ നേരിട്ട് ഒന്നു പരിശോധിക്കട്ടെ. ഉം, വേഗം പോയി കൂട്ടിക്കൊണ്ടു വാ. ലവൻ ഇവിടെ കാത്തു നിൽക്കുന്നു എന്ന് അറിയിക്ക്. (ഭടൻ പോകുന്നു.) ഹ, ഹാ, യുദ്ധം! ഗുരുദേവൻ പഠിപ്പിച്ച യുദ്ധമുറകൾ പ്രയോഗിക്കാൻ ഒരവസരം! ആ യുധം കൈയിലെടുക്കാൻ ഒരു കാരണം! പക്ഷെ ഒരു ബുദ്ധിമുട്ടുണ്ട്. ആ ചേട്ടൻ അമ്മയോടു പറഞ്ഞിരിക്കും. അമ്മ ഇപ്പോൾ ഇങ്ങോട്ടു വരാൻ ഇടയുണ്ട്. അമ്മയും കുതിരയെ അഴിച്ചുവിടാൻ പറഞ്ഞാലോ? അമ്മയുടെ വാക്കു തെററി നടക്കുക സാദ്ധ്യമല്ല. അതുകൊണ്ട് ഒന്നുചെയ്യാം. അമ്മ ഇങ്ങോട്ടു വരുന്നതിനു മുമ്പേ ശത്രുവിനെ അന്വേഷിച്ചു കുറച്ചു ദൂരം മുന്നോട്ടു പോകാം. എന്നാൽ രക്ഷപ്പെട്ടു.

[ലവൻ പോകുന്നു.]

## അഭ്യാസം.

അശ്വമേധം; ദിഗ്വിജയം.

1. രാമായണകഥ ചുരുക്കിപ്പറയുക.
2. അശ്വമേധ യാ ഗ ത്തി ന് മുമ്പേ ദിഗ്വിജയത്തിനു കുതിരയെ അയക്കേണ്ട ആവശ്യമെന്തു് ?
3. ലവനിൽ കാണുന്ന സ്വഭാവ വിശേഷങ്ങൾ എന്തെല്ലാം?
4. ലിംഗവചനങ്ങൾ പറയുക: —

ആശ്രമം; ചേട്ടൻ; കുതിര; ഭടന്മാർ; മരം; സൈന്യം; അമ്മ; കുട്ടി; നിങ്ങൾ; ക്ഷത്രിയർ.